കേരള സർക്കാർ

# കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

## ഒറ്റപ്പാലം നഗരസഭ

## ഓഡിറ്റ് റിപ്പോർട്ട് 2016- 17

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

E-mail: dopkd.ksad@kerala.gov.in

(രജിസ്റ്റർ ചെയ്ത കൈപ്പറ്റു ചീട്ടു സഹിതം)

നം.കെ.എസ്.എ-പികെഡി-22-2097/2017

കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്

ജില്ലാ ഓഡിറ്റ് കാര്യാലയം, പാലക്കാട്

തീയതി:28/11/2017

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

ചെയർമാൻ (സെക്രട്ടറി മുഖേന)

ഒറ്റപ്പാലം നഗരസഭ

സർ,

വിഷയം : ഒറ്റപ്പാലം നഗരസഭ – 2016-17 സാമ്പത്തിക വർഷത്തെ ഓഡിറ്റ് റിപ്പോർട്ട് - സംബന്ധിച്ച്.

********************************

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18, 1994 ലെ കേരളാ നഗരപാലികാ നിയമം 295(4) എന്നിവയിലെ വ്യവസ്ഥകൾ പ്രകാരം ഒറ്റപ്പാലം നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയുടെ പരിശോധനാഫലമായുള്ള ഓഡിറ്റ് റിപ്പോർട്ട് 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടം 23(1) ൽ നിർദ്ദേശിക്കുന്ന പ്രകാരമുള്ള തുടർനടപടികൾക്കായി ഇതോടൊപ്പം അയയ്ക്കുന്നു.
ഈ റിപ്പോർട്ടിലെ ഭാഗം 2, 3 എന്നിവയിലെ ഖണ്ഡികകളിലേക്ക് പ്രത്യേക ശ്രദ്ധ ക്ഷണിക്കുന്നു.

ഈ റിപ്പോർട്ട് കൈപ്പറ്റിയാലുടൻ ഇതിൽ പരാമർശിക്കുന്ന ക്രമക്കേടുകൾക്ക് ഉത്തരവാദികളായ വ്യക്തികളെ പ്രസക്ത ഖണ്ഡികകളുടെ പകർപ്പ് സഹിതം വിവരം ധരിപ്പിക്കേണ്ടതാണ്.

ഈ റിപ്പോർട്ട് കൈപ്പറ്റി ഒരു മാസത്തിനകം നഗരസഭയുടെ പ്രത്യേക യോഗം കൂടി ഓഡിറ്റ് റിപ്പോർട്ട് വിശദമായി ചർച്ച ചെയ്യേണ്ടതും, ഓഡിറ്റ് റിപ്പോർട്ടിന്റെയും അതിന്മേൽ നഗരസഭ എടുത്ത തീരുമാനത്തിന്റെയും പകർപ്പ് പൊതുജന ശ്രദ്ധയ്ക്കായി പ്രസിദ്ധപ്പെടുത്തേണ്ടതുമാണ്. (1997ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാരീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 14, 15). റിപ്പോർട്ട് കൈപ്പറ്റി രണ്ടു മാസത്തിനകം ഇതിൽ ഉൾപ്പെടുന്ന ഓഡിറ്റ് പരാമർശങ്ങൾ/തടസ്സങ്ങൾ ഒഴിവാക്കുന്നതിനാവശ്യമായ നടപടി സ്വീകരിക്കേണ്ടതും ആയത് സംബന്ധിച്ച ഒരു റിപ്പോർട്ട് പ്രസ്തുത കാലയളവിനുള്ളിൽ ഈ ഓഫീസിലേക്ക് അയച്ചു തരേണ്ടതുമാണ്. (1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 15(1), 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 20, 23, 1997 കേരളാ മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 21(1)(2)എന്നിവ കാണുക) എന്നിവ കാണുക)).

വിശ്വസ്തതയോടെ,

സീനിയർ ഡെപ്യൂട്ടി ഡയറക്ടർ

പകർപ്പ്:
1) ഡയറക്ടർ, കേരള സംസ്ഥാന ഓഡിറ്റ് വകുപ്പ്, തിരുവനന്തപുരം

2) സെക്രട്ടറി, തദ്ദേശ സ്വയംഭരണ വകുപ്പ്, തിരുവനന്തപുരം (ഉപരിപത്രസഹിതം)
3) റീജിയണൽ ജോയിന്റ് ഡയറക്ടർ, നഗരകാര്യ വകുപ്പ്, കോഴിക്കോട് (ഉപരിപത്രം സഹിതം)
4) ഓഫീസ് പകർപ്പ്

നം.കെ.എസ്.എ-പികെഡി-22-2097/2017 തിയ്യതി:-28/11/2017

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രികയിന്മേലുള്ള ഓഡിറ്റ് റിപ്പോർട്ട്

(1994 ലെ കേരളാ നഗരപാലികാ നിയമം വകുപ്പ് 295(4), 1994 ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം വകുപ്പ് 13, 1996ലെ കേരളാ ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 18 എന്നിവ പ്രകാരം പുറപ്പെടുവിക്കുന്നത്)

പാലക്കാട് ജില്ലയിലെ ഒറ്റപ്പാലം നഗരസഭയുടെ 2016-17 സാമ്പത്തിക വർഷത്തെ ധനകാര്യപത്രിക ഓഡിറ്റിന് വിധേയമാക്കുകയുണ്ടായി. നഗരസഭ 4-1-2017 മുതൽ 17-10-2017 തിയതി വരെ വിവിധ ഇനങ്ങളിലായി നടത്തിയ പണം പിരിവ്, അവയുടെ ഒടുക്ക്, വിവിധ അക്കൗണ്ടുകളിൽ നിന്നുള്ള പണം പിൻവലിക്കലുകൾ എന്നിവയും പരിശോധിച്ചു.

ഓഡിറ്റിൽ കണ്ടെത്തിയ അപാകതകൾ അതത് സമയം ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിലൂടെ പഞ്ചായത്തിന്റെ ശ്രദ്ധയിൽപ്പെടുത്തിയിട്ടുണ്ട്. 28 അന്വേഷണക്കുറിപ്പുകൾ നൽകിയതിൽ 25 എണ്ണത്തിന് മറുപടി ലഭിച്ചിട്ടുണ്ട്. ഓഡിറ്റ് പരാമർശങ്ങൾ ഓഡിറ്റ് സമാപന യോഗത്തിൽ അവതരിപ്പിക്കുകയും മറുപടി പരിഗണിക്കുകയും ചെയ്ത ശേഷം പ്രധാനപ്പെട്ട നിരീക്ഷണങ്ങൾ മാത്രമാണ് ഓഡിറ്റ് റിപ്പോർട്ടിൽ ചേർത്തിരിക്കുന്നത്. ഈ റിപ്പോർട്ടിൽ ഉൾപ്പെടാത്ത ഓഡിറ്റ് അന്വേഷണക്കുറിപ്പുകളിന്മേലുള്ള തുടർനടപടികൾ നഗരസഭ സ്വീകരിക്കേണ്ടതാണ്.

സ്ഥാപനത്തിൽ നിന്നും ലഭ്യമായ രജിസ്റ്ററുകളുടേയും രേഖകളുടേയും വിവരങ്ങളുടേയും വിശദീകരണത്തിന്റേയും അടിസ്ഥാനത്തിലാണ് ഈ റിപ്പോർട്ട് തയ്യാറാക്കിയിരിക്കുന്നത്. സ്ഥാപനം നൽകിയ തെറ്റായ വിവരത്തിന്റെയോ ലഭ്യമാക്കാത്ത വിവരത്തിന്റെയോ കാര്യത്തിൽ കേരള സംസ്ഥാന ഓഡിറ്റ് വകുപ്പിന് യാതൊരു ഉത്തരവാദിത്തവുമില്ല.

(എ) ഓഡിറ്റ് നടത്തിയതിന്റെ വിവരം

| | |
|---|---|
| ഓഡിറ്റിന് ചുമതലപ്പെട്ട ഉദ്യോഗസ്ഥൻ | കെ.കൃഷ്ണകുമാർ, സീനിയർ ഡെപ്യൂട്ടി ഡയറക്ടർ |
| ഓഡിറ്റിന് വിനിയോഗിച്ച സമയം | 19-10-2017 മുതൽ 28-10-2017 വരെ |

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ |
|---|

| ഓഡിറ്റ് നടത്തിയ ഉദ്യോഗസ്ഥർ | |
|---|---|
| ശ്രുമതി. ബിന്ദു.പി.ജി | ഓഡിറ്റ് ഓഫീസർ |
| ശ്രീ.കെ.സി.ഹരിഗോബിന്ദ് | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി. രമാദേവി. പി | അസി.ഓഡിറ്റ് ഓഫീസർ |
| ശ്രീമതി.എ.നസീറാബാനു | സീനിയർ ഗ്രേഡ് ഓഡിറ്റർ |
| ശ്രീമതി.താരിക്ക് എം. എസ് | ഓഡിറ്റർ |
| ശ്രീമതി. രാജേശ്വരി. സി | ഓഡിറ്റർ |

(ബി) നിർവ്വഹണാധികാരികൾ

| | | |
|---|---|---|
| ചെയർമാൻ | ശ്രീ.നാരായണൻ നമ്പൂതിരി | 1-4-2016 മുതൽ 31-03-17 വരെ |
| സെക്രട്ടറി | ശ്രീ. എ.ആർ. ശൈലേഷ് കുമാർ, സൂപ്രണ്ട് (സെക്രട്ടറി ഇൻ ചാർജ്ജ്) | 1-4-2016 മുതൽ 10-4-2016 വരെ |
| | കവിത.എസ്.കുമാർ | 11-4-2016മുതൽ 31-3-2017 വരെ |

നിർവ്വഹണ ഉദ്യോഗസ്ഥർ

| ഉദ്യോഗപ്പേര് | പേര് | കാലയളവ് |
|---|---|---|
| കൃഷി ഓഫീസർ | ശ്രീ.സുരേന്ദ്രൻ.സി | 1-4-2016മുതൽ 31-7-2016വരെ |
| | ശ്രീമതി.സുധ.എസ് | 1-8-2016മുതൽ 13-11-2016വരെ |
| | ശ്രീ.സുഭാഷ്.എസ് | 14-11-2016മുതൽ 31-3-2017വരെ |
| മെഡിക്കൽ ഓഫീസർ (ഹോമിയോ) | ഡോ.എസ്.സബിരാജ് | 1-4-2016മുതൽ 17-10-2016 |
| | ഡോ. അബ്ദുൾ റഷീദ് | 18-10-2016മുതൽ |

| | | |
|---|---|---|
| | | 13-1-2017 വരെ |
| | ഡോ. പി. ജോയ് | 14-1-2017 മുതൽ 31-3-2017 വരെ |
| വെറ്ററിനറി സർജ്ജൻ | ഡോ. പി.ജി.രാജേഷ് | 1-4-2016മുതൽ 31-3-2017വരെ |
| പട്ടിക ജാതി വികസന ഓഫീസർ | ശ്രീ.ഷാജി.കെ.പി | 1-4-2016മുതൽ 29-7-2016വരെ |
| | ശ്രീ.വേലായുധൻ.സി | 30-7-2016മുതൽ 11-8-2016വരെ |
| | ശ്രീ.മുഹമ്മദ് ഇക്ബാൽ | 12-8-2016മുതൽ 31-10-2016വരെ |
| | ശ്രീ.വേലായുധൻ.സി | 1-11-2016മുതൽ 8-1-2017വരെ |
| | ശ്രീ.സതീശൻ.ഓ | 9-1-2017മുതൽ 31-3-2017വരെ |
| മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി | ഡോ. സൗജ.പി.പി | 1-4-2016 മുതൽ 1-5-2016 വരെ |
| | ഡോ.പ്രിയ | 2-5-2017 മുതൽ 31-3-2017വരെ |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | ശ്രീമതി.വസന്തകുമാരി | 1-4-2016മുതൽ 31-3-2017വരെ |
| മുനിസിപ്പൽ അസിസ്റ്റന്റ് എഞ്ചിനിയർ | ശ്രീ.കെ.അൻസാർ അഹമ്മദ് | 1-4-2016 മുതൽ 31-3-2017 വരെ |
| ഐ.ഇ.ഒ | ശ്രീ.ഷൈജു.എൻ.വി | 1-4-2016 മുതൽ 31-3-2017വരെ |
| മെഡിക്കൽ ഓഫീസർ-ആയുർവേദം | ഡോ.എം.സതീഷ് | 1-4-2016 മുതൽ 28-2-2017വരെ |
| | ഡോ.എ.എം.അബ്ദുൾ ഷറീഫ് | 1-3-2017മുതൽ 31-3-2017വരെ |

| | | |
|---|---|---|
| ഹെഡ് മാസ്റ്റർ | ശ്രീ.ശ്രീകൃഷ്ണദാസ്.എ | 1-4-2016 മുതൽ 17-6-2016 വരെ |
| | ശ്രീമതി.ബേബി | 18-6-2016മുതൽ 31-3-2017വരെ |
| പ്രോജക്ട് ഓഫീസർ/<br>ഹെൽത്ത് സൂപ്പർവൈസർ | ശ്രീ.സി.കൃഷ്ണൻ, | 1-4-2016 മുതൽ 31-3-2017 വരെ |
| മെമ്പർ സെക്രട്ടറി, കുടുംബശ്രീ | സി. കൃഷ്ണകുമാർ | 1-4-2016 മുതൽ 17-8-2017 വരെ |
| | ശ്രീ.സുബ്രഹ്മണ്യൻ. പി.യു | 18-8-2016 മുതൽ 24-1-2017 വരെ |
| | ശ്രീ.മുഹമ്മദ് ഇക്ബാൽ | 25-1-2017 മുതൽ 31-3-2017 വരെ |
| പ്രിൻസിപ്പാൾ, ഗവ.എച്ച്.എസ്.എസ്, ഈസ്റ്റ് ഒറ്റപ്പാലം | കെ.ഗീത ഗോപി. | 1-4-2016 മുതൽ 31-3-2017വരെ |

ഉള്ളടക്കം

ഭരണവും സാമ്പത്തിക നിയന്ത്രണവും സംബന്ധിച്ച കാര്യങ്ങളുടെ പൊതു അവലോകനം


| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | ബജറ്റ് | 1(1) |
| 2 | വാർഷിക ധനകാര്യപത്രിക | 1(2) |
| 3 | വാർഷിക ധനകാര്യ പത്രിക പരിശോധിച്ച് ഓഡിറ്റ് സർട്ടിഫിക്കറ്റ് നൽകിയതിന്റെ വിവരം | 1(3) |
| 4 | സാമ്പത്തിക വിശകലനം | 1(4) |
| 5 | ഫണ്ട് വിനിയോഗം | 1(5) |
| 6 | പദ്ധതി അവലോകനം | 1(6) |
| 7 | തനത് വരുമാനം | 1(7) |
| 8 | ക്ഷേമ പദ്ധതികൾ | 1(8) |
| 9 | ക്യാഷ് വേരിഫിക്കേഷൻ | 1(9) |

| | | |
|---|---|---|
| 10 | മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം | 1(10) |
| 11 | അനുബന്ധ പത്രിക | 1(11) |

ഭാഗം-II

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (1), 1997 ലെ കേരള മുനിസിപ്പാലിറ്റി(പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13 എന്നിവ പ്രകാരമുള്ള പരിശോധനയിൽ വരവിനങ്ങളിന്മേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | തറവിസ്തീർണാനുപാതത്തിന് ആനുപാതികമായി അധിക ഫീസ് ഈടാക്കാതെ പെർമിറ്റ് അനുവദിച്ചു – വരവു നഷ്ടം 499800 രൂപ | 2(1) |
| 2 | പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ് | 2(2) |
| 3 | കെട്ടിട നിർമ്മാണ ക്രമവൽക്കരണ നടപടികളിൽ കാലതാമസം - തുടർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ് | 2(3) |
| 4 | വസ്തുനികുതി നികുതി പരിഷ്കരണം - പുരോഗതി വിലയിരുത്തൽ | 2(4) |
| 5 | മൊബൈൽ ടവറുകളുടെ വസ്തുനികുതിയിനത്തിൽ നഗരസഭയ്ക്ക് വർഷം തോറും വൻതുക നഷ്ടം | 2(5) |
| 6 | ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു. ലൈസൻസ് ഫീയിനത്തിൽ റവന്യൂ ചോർച്ച. | 2(6) |

| | | |
|---|---|---|
| 7 | ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം | 2(7) |
| 8 | ഡി& ഒ ലൈസൻസ്-പൊതു അപാകതകൾ | 2(8) |
| 9 | ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല | 2(9) |
| 10 | തൊഴിൽ നികുതി അപാകങ്ങൾ | 2(10) |
| 11 | സ്ഥാപന നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല | 2(11) |
| 12 | ഷോപ്പിങ്ങ് കോംപ്ലക്സ്-ലേലംകൊണ്ട വ്യക്തികൾ വാടക അടവാക്കിയിട്ടില്ല-നഷ്ടം-33750/- | 2(12) |
| 13 | ജീവനക്കാരിൽ നിന്നും തൊഴിൽ ഈടാക്കിയിട്ടില്ല | 2(13) |
| 14 | മരാമത്ത് പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല. | 2(14) |
| 15 | പരസ്യനികുതി- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്. | 2(15) |
| 16 | മാർക്കറ്റ് കം ഷോപ്പിംങ്ങ് കോംപ്ലക്സിൽ നിന്നും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം | 2(16) |

ഭാഗം-III

1994 ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് നിയമം 14-ാം വകുപ്പ്, 1996ലെ കേരള ലോക്കൽ ഫണ്ട് ഓഡിറ്റ് ചട്ടങ്ങളിലെ ചട്ടം 19 (2), 1997 ലെ കേരള മുനിസിപ്പാലിറ്റി (പരിശോധനാ രീതിയും ഓഡിറ്റ് സംവിധാനവും) ചട്ടങ്ങളിലെ ചട്ടം 13, എന്നിവ പ്രകാരമുള്ള പരിശോധനയിൽ കണ്ടെത്തിയ ചെലവിനങ്ങളിൻമേലുള്ള ഓഡിറ്റ് പരാമർശങ്ങൾ.

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|
| 1 | കൃഷി ഓഫീസർ വിഭാവനം ചെയ്ത പദ്ധതി പൂർണ്ണമായി ലക്ഷ്യ പ്രാപ്തി കൈവരിച്ചിട്ടില്ല. | 3(1) |

| | | |
|---|---|---|
| 2 | മാർഗ്ഗദീപ്തി ചാരിട്ടബിൾ ട്രസ്റ്റിന് പൂർണ്ണമായി മരുന്നുകൾ ലഭ്യമായില്ല. | 3(2) |
| 3 | താലൂക്ക് ആശുപത്രിയിലേക്കായി വാങ്ങിയ എയർ ബെഡ്, വാക്കർ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജാരാക്കിയില്ല. | 3(3) |
| 4 | വിഭാവനം ചെയ്ത പദ്ധതി നിർവ്വഹിച്ചിട്ടില്ല. | 3(4) |
| 5 | സമഗ്ര സാന്ത്വന പരിചരണ പദ്ധതി ആവശ്യങ്ങൾക്കായി ലഭ്യമാക്കിയ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുകയുണ്ടായില്ല. | 3(5) |
| 6 | ഡയാലിസിസ് ലാബ് റീ ഏജന്റസ് വാങ്ങുവാനായി സ്വീകരിച്ച നടപടിക്രമങ്ങളിലെ സങ്കീർണ്ണത ഒഴിവാക്കേണ്ടതാണ്. | 3(6) |
| 7 | സമഗ്ര സാന്ത്വന പരിചരണ പദ്ധതിയുടെ ഭാഗമായി ആയുർവേദ മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല. | 3(7) |
| 8 | കന്നുകുട്ടി പരിപാലന പദ്ധതി വിഹിതം അനുവദിച്ചതിനുള്ള ധനവിനിയോഗ രേഖ ഹാജരാക്കേണ്ടതാണ്. | 3(8) |
| 9 | ഹയർസെക്കന്ററി ഗുണനിലവാരം വർദ്ധിപ്പിക്കൽ - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ് | 3(9) |
| 10 | ഉത്തരവുകൾക്കനുസൃതമായി ടെന്റർ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ് | 3(10) |
| 11 | പണമിടപാടുകൾ നടത്താതെ നിലവിലുള്ള താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയേണ്ടതാണ് | 3(11) |
| 12 | മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകിയത് - അർഹമായ മുഴുവൻ തുകയും വകയിരുത്തിയിട്ടില്ല | 3(12) |
| 13 | ദാരിദ്ര്യ ലഘൂകരണ ഫണ്ട് രൂപീകരണം -സംബന്ധിച്ച് | 3(13) |
| 14 | ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മരുന്ന വാങ്ങൽ പദ്ധതികളുടെ രേഖകൾ പരിശോധിച്ചതിൽ 128888/- മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല | 3(14) |
| 15 | ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ സമയബന്ധിതമായി ലഭിക്കുന്നില്ല | 3(15) |
| 16 | വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല. | 3(16) |
| 17 | മുൻകൂറായി തുക നൽകിയത് ചെലവ് തടസ്സപ്പെടുത്തുന്നു | 3(17) |
| 18 | തെരുവ് വിളക്ക് റിപ്പയർ ചെലവ് തടസ്സപ്പെടുത്തുന്നു. | 3(18) |
| 19 | കണ്ടിജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട് | 3(19) |
| 20 | ബില്ലിൽ നിന്നും നികുതികൾ ഈടാക്കേണ്ടതാണ്. | 3(20) |
| 21 | ആദായനികുതി ഈടാക്കിയിട്ടില്ല. | 3(21) |
| 22 | ലൈബ്രറി സെസ്സ് കുടിശ്ശിക | 3(22) |
| 23 | രേഖകൾ പരിശോധനക്ക് ലഭ്യമായില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു. | 3(23) |
| 24 | വിനിയോഗിക്കാത്ത തുക തിരിച്ചടവാക്കണം | 3(24) |
| 25 | സംയുക്ത പ്രൊജക്ടുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 3(25) |
| 26 | പൊതുമരാമത്തു പ്രവൃത്തികൾ -പൊതു അവലോകനം | 3(26) |
| 27 | GI ഷീറ്റ് റൂഫിംഗിന് അധികനിരക്ക് നൽകിയത് തിരിച്ചു പിടിക്കണം | 3(27) |

| | | |
|---|---|---|
| 28 | കരാറുകാരന്റെ മണ്ണുപയോഗിച്ച് ഫില്ലിംഗ് നടത്തിയതിൽ നിന്നും കുഴിച്ചെടുത്ത മണ്ണ് കുറവു ചെയ്തില്ല -അളവുപുസ്തകത്തിൽ രേഖപ്പെടുത്തലുകളില്ല | 3(28) |
| 29 | പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല- നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല | 3(29) |
| 30 | നിശ്ചിത സമയപരിധിക്കകം കരാറുകാർ എഗ്രിമെന്റ് വെച്ചിട്ടില്ല | 3(30) |
| 31 | ഏർക്കാട്പറമ്പ് SC കോളനി കുടിവെള്ള പദ്ധതി- വ്യക്തിഗത ഗാർഹിക പൈപ്പ് കണക്ഷൻ നൽകുന്നതിന് കരാറുകാരന് തുക നൽകിയത് പദ്ധതിമാർഗ്ഗരേഖയ്ക്ക് വിരുദ്ധം | 3(31) |
| 32 | പിഴ ഈടാക്കുന്നതിലെ അപാകത - വാറ്റ്, ആദായനികുതി ,തൊഴിലാളിക്ഷേമനിധി എന്നിവ ഈടാക്കിയതിൽ കുറവ് | 3(32) |
| 33 | ഗാർഹിക പൈപ്പ് കണക്ഷൻ സബ്സിഡി- പ്രൊജക്റ്റ് ലക്ഷ്യം പൂർത്തീകരണം ഉറപ്പുവരുത്തിയിട്ടില്ല | 3(33) |
| 34 | ചെലവു രേഖകൾ ഹാജരാക്കിയില്ല തുക തടസ്സപ്പെടുത്തുന്നു | 3(34) |
| 35 | വിവിധ വാർഡുകളിൽ എൽ.ഇ.ഡി. വൽക്കരണം SC & പൊതുവിഭാഗം പ്രൊജക്റ്റുകൾ-നിർവ്വഹണത്തിലെ അപാകതകൾ | 3(35) |
| 36 | ബസ് സ്റ്റാന്റ്-കം-ഷോപ്പിംഗ് കോംപ്ലക്സ് നിർമ്മാണ പദ്ധതി ലക്ഷ്യം കൈവരിച്ചിട്ടില്ല | 3(36) |
| 37 | ബിറ്റുമിൻ അധികവില നൽകിയത് തിരികെ ഈടാക്കണം | 3(37) |
| 38 | ഇ-ടെണ്ടർ നടത്തിയതിൽ മുനിസിപ്പൽ ഫണ്ടിന് ലഭ്യമാകേണ്ട ടെണ്ടർ ഫീസ് ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. | 3(38) |
| 39 | സ്പിൽ ഓവർ പ്രവൃത്തികളുടെ നിർവ്വഹണം കൂടുതൽ ശ്രദ്ധ പതിപ്പിക്കണം. | 3(39) |
| 40 | ഡെപ്പോസിറ്റ് പ്രവൃത്തികൾ വിനിയോഗ സാക്ഷ്യപത്രം ഹാജരാക്കേണ്ടതാണ് | 3(40) |
| 41 | പൊളിച്ചു മാറ്റിയ സാധനങ്ങൾ മൂല്യനിർണ്ണയം നടത്തി ലേലം ചെയ്ത് നഗരസഭാഫണ്ടിൽ മുതൽക്കൂട്ടണം | 3(41) |
| 42 | നഗരസഭ ടൗൺഹാൾ നിർമ്മാണം ഫണ്ട് ലഭ്യത ഉറപ്പുവരുത്തിയിട്ടില്ല | 3(42) |
| 43 | മണ്ണാടിക്കുളം നവീകരണം-കുഴിച്ചെടുത്ത മണ്ണ്-വിനിയോഗവിവരമില്ല | 3(43) |

ഭാഗം-IV

ഓഡിറ്റ് പ്രത്യവലോകനം

| ക്രമ നം. | ഇനം | ഖണ്ഡിക നമ്പർ |
|---|---|---|

| | | |
|---|---|---|
| 1 | സംയുക്ത പ്രോജക്റ്റുകൾക്ക് ലഭിച്ച ഫണ്ട് വിനിയോഗം | 4(1) |
| 2 | ഡെപ്പോസിറ്റ് വർക്കിന് നൽകിയ തുകകൾ | 4(2) |
| 3 | മൊബിലൈസേഷൻ അഡ്വാൻസ് നൽകിയത് | 4(3) |
| 4 | വായ്പ/വായ്പ തിരിച്ചടവ് | 4(4) |
| 5 | സ്ഥിരനിക്ഷേപങ്ങൾ | 4(5) |
| 6 | ഓഡിറ്റ് റിക്കവറി | 4(6) |
| 7 | സമാഹൃത ഓഡിറ്റ് റിപ്പോർട്ടുകളിൽ ഉൾപ്പെട്ട ഖണ്ഡികകളുടെ വിശദാംശം | 4(7) |
| 8 | ഓഡിറ്റ് പ്രത്യവലോകനം | 4(8) |
| 9 | തീർപ്പാക്കാനവശേഷിക്കുന്ന ഓഡിറ്റ് റിപ്പോർട്ടുകളുടെ വിവരം | 4(9) |

# ഭാഗം 1

## പൊതു അവലോകനം

## 1-1 ബജറ്റ്

2016-17 വർഷത്തെ ബജറ്റ് 29-02-2016 തിയതിയിലെ 1 ാം നമ്പർ തീരുമാനം പ്രകാരം അംഗീകരിക്കുകയും, 29-3-2017 ൽ പുതുക്കിയ ബജറ്റ് പാസാക്കുകയും ചെയ്തു (തീരുമാനം 1)

പുതുക്കിയ ബജറ്റ് പ്രകാരം 8,54,26,898 രൂപ മുന്നിരിപ്പും, 79,86,35, 000 രൂപ വരവും, 79,15,80,751 രൂപ ചെലവും 9,24,81,147 രൂപ നീക്കിയിരിപ്പും ഉണ്ട്.

## 1-2 വാർഷിക ധനകാര്യപത്രിക

| വർഷം | ലഭിക്കേണ്ട തീയതി | ലഭിച്ച തീയതി |
|---|---|---|
| 2016-17 | 31-7-2017 | - |

## 1-3 വാർഷിക ധനകാര്യപത്രിക പരിശോധിച്ച് സർട്ടിഫിക്കറ്റ് നല്കിയതിന്റെ വിവരം

| വർഷം | സർട്ടിഫിക്കറ്റ് നമ്പർ/ തീയതി |
|---|---|

| | |
|---|---|
| 2016-17 | സാക്ഷ്യപത്രം റിപ്പോർട്ടിനോടൊപ്പം അനുബന്ധമായി ചേർത്തിച്ചിട്ടുണ്ട്. |

# 1-4 സാമ്പത്തിക വിശകലനം

| | 2016-17 |
|---|---|
| മുന്നിരിപ്പ് | 46295371.61 |
| വരവ് | 221636232 |
| ആകെ | 267931603.61 |
| ചെലവ് | 211687262 |
| നീക്കിയിരിപ്പ് | 56244341.61 |

# 1-5 ഫണ്ട് വിനിയോഗം

| ഫണ്ടിനം | മുൻബാക്കി | തൻവർഷ ത്തെ അലോട്ട് മെന്റ് | തൻവർഷ വരവ് | ചെലവ് | ചെലവഴി ക്കാതിരുന്ന തുക |
|---|---|---|---|---|---|
| വികസനഫണ്ട് പൊതു വിഭാഗം | 0 | 42163898 | 35794761 | 35794761 | 6369137 |
| വികസന ഫണ്ട് എസ്.സി.പി | 0 | 15093144 | 12170584 | 12170584 | 2922560 |
| സംരക്ഷണ ഗ്രാന്റ് റോഡ് | 0 | 15817452 | 7652213 | 7652213 | 8165239 |
| സംരക്ഷണ ഗ്രാന്റ് നോൺ റോഡ് | 0 | 14780136 | 10982025 | 10982025 | 3798111 |
| ധനകാര്യ കമ്മീഷൻ ഗ്രാന്റ് | 0 | 54839169 | 49232415 | 49232415 | 5606754 |
| പെർഫോമൻസ് ഗ്രാന്റ് (കേന്ദ്രം) | 0 | 1780936 | 1769626 | 1769626 | 11310 |
| AUEGS | 41734 | 1147050 | 1188784 | 1035925 | 152859 |
| എൻ.യു.എൽ.എം Canara Bank | 0 | - | 5770100 | 0 | 5770100 |
| പി.എം.എ.വൈ-PNB | 0 | - | 13080000 | - | 13080000 |
| ബി.ആർ.ജി.എഫ് | 1442818 | - | 0 | 0 | 1442818 |
| സ്വച്ച് ഭാരത്-ICICI | 1343939 | - | 523216 | 785145 | 1082010 |
| IHSDP-PNB | 21674691 | - | 0 | 2728928 | 18945763 |

| | | | | | |
|---|---|---|---|---|---|
| IHSDP-SBI | 677845 | - | 0 | 290161 | 387684 |
| ശുചിത്വ മിഷൻ SBI | 5224112 | - | 265792 | 0 | 5489904 |
| UIDSSMT- SBI | 124256 | - | 15082 | 0 | 139338 |

# 1-6 പദ്ധതി അവലോകനം

ഓഡിറ്റ് വർഷം അംഗീകാരം ലഭിച്ച പ്രോജക്ടുകൾ നടപ്പാക്കിയതിന്റെ വിവരം താഴെ ചേർക്കുന്നു.

| വർഷം | അംഗീകാരം ലഭിച്ചത് (എണ്ണം) | പദ്ധതി അടങ്കൽ | നടപ്പാക്കിയത് (എണ്ണം) | പദ്ധതി ചെലവ് | നടപ്പാക്കാത്തവ (എണ്ണം) |
|---|---|---|---|---|---|
| 2016-17 | 330 | 745524014 | 218 | 117601624 | 112 |

അംഗീകാരം ലഭ്യമായ പ്രൊജക്ടുകളിൽ 66 % പ്രൊജക്ടുകൾ നടപ്പിലാക്കിയിട്ടുണ്ട്. ചെലവഴിക്കുവാൻ

ലക്ഷ്യമിട്ട തുകയുടെ

16 % മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

ഐ.കെ.എം സ്റ്റേറ്റ്മെന്റ് പ്രകാരമുള്ള കണക്ക് താഴെ ചേർക്കുന്നു.

| നിർവ്വഹണ ഉദ്യോഗസ്ഥർ | പദ്ധതി കളുടെ എണ്ണം | നടപ്പാക്കിയത് | ആകെ അടങ്കൽ | ചെലവഴിച്ച തുക | ചെലവ് ശതമാനം |
|---|---|---|---|---|---|
| കൃഷി ഓഫീസർ | 8 | 4 | 6960232 | 3801885 | 55 |
| വെറ്ററിനറി സർജ്ജൻ | 6 | 5 | 3163000 | 784145 | 25 |
| മെഡിക്കൽ ഓഫീസർ - താലൂക്ക് ഹോസ്പിറ്റൽ | 10 | 7 | 6676000 | 4938587 | 74 |
| മെഡിക്കൽ ഓഫീസർ- ഹോമിയോ | 2 | 2 | 180000 | 158500 | 88 |
| മെഡിക്കൽ ഓഫീസർ- ആയുർവേദം | 2 | 1 | 1803000 | 1603000 | 89 |
| ഐ.സി.ഡി.എസ് സൂപ്പർവൈസർ | 7 | 4 | 8700000 | 5858450 | 67 |
| സെക്രട്ടറി | 16 | 15 | 106497911 | 17531454 | 16 |

| | | | | | |
|---|---|---|---|---|---|
| അസിസ്റ്റന്റ് എഞ്ചിനിയർ | 244 | 160 | 582339371 | 67212061 | 12 |
| ഹെഡ്മാസ്റ്റർ. ഗവ. ഹൈസ്കൂൾ | 9 | 4 | 2100000 | 930560 | 44 |
| പ്രോജക്റ്റ് ഓഫീസർ നഗര ദാരിദ്ര്യ നിർമ്മാർജ്ജന സെൽ | 10 | 7 | 14485000 | 9899000 | 68 |
| പട്ടികജാതി വികസന ഓഫീസർ | 6 | 3 | 9069500 | 3872500 | 43 |
| ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ | 1 | 0 | 1000000 | 0 | 0 |
| പ്രിൻസിപ്പാൾ, ഗവ. ഹയർ സെക്കണ്ടറി സ്കൂൾ | 9 | 6 | 2550000 | 1011482 | 40 |
| ആകെ | 330 | 218 | 745524014 | 117601624 | 16 |

ഇൻഡസ്ട്രീസ് എക്സ്റ്റൻഷൻ ഓഫീസർ പദ്ധതി നിർവ്വഹണം ഒന്നും തന്നെ നടത്തിയിട്ടില്ല. സെക്രട്ടറി, അസിസ്റ്റന്റ് എഞ്ചിനിയർ എന്നീ നിർവ്വഹണ ഉദ്യോഗസ്ഥർ വകയിരുത്തിയ അടങ്കൽ തുകയുടെ 20 ശതമാനത്തിലും കുറവായ തുക മാത്രമാണ് ചെലവഴിച്ചിട്ടുള്ളത്.

## **1-7** <u>തനത് വരുമാനം</u>

| ഇനം | മുൻവർഷ വരവ് (ഓഡിറ്റ് റിപ്പോർട്ട് പ്രകാരം) | തൻവർഷം വരവ് | വ്യത്യാസം | ശതമാനം |
|---|---|---|---|---|
| നികുതി വരവുകൾ | 23089377 | 23253854 | +164477 | +7.1 |
| നികുതിയേതര വരവുകൾ | 12441520 | 11388002 | -1053518 | -8.4 |
| ആകെ | 35530897 | 34641856 | -889041 | -2.5 |

## **1-8** <u>സാമൂഹ്യക്ഷേമ പദ്ധതികൾ</u>

തൻവർഷം നടപ്പാക്കിയ വിവിധ ക്ഷേമപദ്ധതികൾക്കായി ലഭിച്ച പെൻഷൻ അപേക്ഷകളിൽ തീരുമാനമെടുത്തതിന്റെ വിശദവിവരം താഴെ കൊടുക്കുന്നു

| ക്രമ നം. | പദ്ധതി | 2016-17 ൽ ലഭിച്ച അപേക്ഷകൾ | അനുവദിച്ചത് | നിരസിച്ചവ |
|---|---|---|---|---|
| 1 | കർഷകത്തൊഴിലാളി പെൻഷൻ | 7 | 7 | 0 |
| 2 | വാർദ്ധക്യകാല പെൻഷൻ | 924 | 907 | 17 |
| 3 | വികലാംഗ പെൻഷൻ | 67 | 64 | 3 |
| 4 | അവിവാഹിതരായ സ്ത്രീകൾക്കുള്ള പെൻഷൻ | 17 | 17 | 0 |
| 5 | വിധവാ പെൻഷൻ | 174 | 174 | 0 |
| 6 | സാധുക്കളായ വിധവകളുടെ പെൺമക്കളുടെ വിവാഹ ധനസഹായം | 24 | 24 | 0 |
| 7 | തൊഴിൽ രഹിത വേതനം | 13 | 8 | 5 |

## 1-9 ക്യാഷ് ബാലൻസ് പരിശോധന

1994ലെ ലോക്കൽ ഫണ്ട് ഓഡിറ്റ് ആക്ടിലെ വകുപ്പ് 6(4) പ്രകാരമുള്ള ക്യാഷ് ബാലൻസ് പരിശോധന 23-10-2017 ന് സ്ഥാപന തലവന്റെ സാന്നിധ്യത്തിൽ നടത്തുകയുണ്ടായി. പരിശോധനയിൽ 22175/- രൂപയുടെ നീക്കിയിരിപ്പിന്റെ കൃത്യത പരിശോധനയിൽ ബോധ്യപ്പെട്ടു.

## 1-10 മറ്റ് ഓഡിറ്റുകൾ നടത്തിയതിന്റെ വിവരം

| ഓഡിറ്റ് | അവസാനം ഓഡിറ്റ് നടത്തിയ തീയതി | ഓഡിറ്റ് കാലയളവ് | റിപ്പോർട്ട് ലഭിച്ച തീയതി |
|---|---|---|---|

| | | | |
|---|---|---|---|
| പെർഫോമൻസ് ഓഡിറ്റ് | 23-6-2014 മുതൽ 28-6-2014 വരെ | 2012-13, 2013-14 (i half) | റിപ്പോർട്ട് ലഭ്യമല്ല |
| അക്കൗണ്ടന്റ് ജനറലിന്റെ ഓഡിറ്റ് | 26-11-2013 മുതൽ 21-12-2013 വരെ | 2010-11 മുതൽ 2012-13 വരെ | എ.ബിഎൽ(എച്ച്.ക്യു)VI/ 8A/2069/486 തിയതി 10-3-2014 |

# ഭാഗം-2

## വരവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 2-1 തറവിസ്തീർണാനുപാതത്തിന് ആനുപാതികമായി അധിക ഫീസ് ഈടാക്കാതെ പെർമിറ്റ് അനുവദിച്ചു – വരവു നഷ്ടം 499800 രൂപ

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 31, 2013 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ (ഭേദഗതി) ചട്ടങ്ങളിലെ പട്ടിക 2 എന്നിവ പ്രകാരം കൈവശഗണം പാർപ്പിടം A1 വിഭാഗത്തിൽ ഉൾപ്പെടുന്ന അപ്പാർട്ട്മെന്റ് ഹൗസുകൾ, പാർപ്പിട ഫ്ലാറ്റുകൾ എന്നിവയ്ക്ക് അധിക ഫീസ് കൂടാതെയുള്ള പരമാവധി തറ വിസ്തീർണ അനുപാതം (F.A.R) '3' ആണ്. F.A.R 3-ൽ അധികരിക്കുന്ന അപേക്ഷകളുടെ കാര്യത്തിൽ അധിക തറവിസ്തീർണത്തിന്റെ ഒരു ചതുരശ്ര മീറ്ററിന് 3000/- രൂപ എന്ന തോതിൽ അധിക ഫീസോടു കൂടി പരമാവധി '4' വരെ തറവിസ്തീർണ അനുപാതം അനുവദിക്കാവുന്നതാണ് എന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ ഒറ്റപ്പാലം നഗരസഭയിൽ നിന്നും 2016-17 വർഷത്തിൽ 7-ാം വാർഡിലെ സർവ്വേ നം 44/8A1.212 സ്ഥലത്ത് പാർപ്പിട ഫ്ലാറ്റുകൾ പണിയുന്നതിന് നിർമ്മാണാനുമതി നൽകിയ 3.1177 (3.12 എന്ന് പ്ലാനിൽ വ്യക്തമായി രേഖപ്പെടുത്തിയിട്ടുണ്ട്) തറവിസ്തീർണാനുപാതമുള്ള കെട്ടിടത്തിന്റെ ഉടമസ്ഥനിൽ നിന്നും അധിക തറവിസ്തീർണത്തിന് ആനുപാതികമായി അധികഫീസ് ഈടാക്കിയിട്ടില്ല എന്ന് ഓഡിറ്റിന്റെ പരിശോധനയിൽ ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷാ നം./തിയ്യതി | 42/16-17/19-4-2016 |
| അപേക്ഷകൻ | ശ്രീ.രവീന്ദ്രൻ, ശ്രീശൈലം.പി.ഒ, ലക്കിടി |

| | |
|---|---|
| കൈവശഗണം | പാർപ്പിട ഫ്ലാറ്റുകൾ (A1) |
| ആകെ നിലകൾ | ഗ്രൗണ്ട് ഫ്ലോർ ഉൾപ്പെടെ 11 നിലകൾ |
| പെർമിറ്റ് നം./തിയ്യതി | E1/BA(45790/2016)/ 19-12-2016 |
| ഈടാക്കിയ പെർമിറ്റ് ഫീസ്/രശീതി നം | 27960/- രൂപ<br>11627122636/19-12-16 |
| പ്ലിന്ത് ഏരിയ | 5498.54 ച.മീ |
| ഫ്ലോർ ഏരിയ | 4411.6 ച.മീ |
| സർവ്വേ നം. | 44/8A1.212 |
| പ്ലോട്ട് ഏരിയ | 1415 ച.മീ |
| തറ വിസ്തീർണാനുപാതം (F.A.R) | ഫ്ലോർ ഏരിയ / പ്ലോട്ട് ഏരിയ<br>4411.6 / 1415 = 3.1177 |
| അധികഫീസ് കൂടാതെ പരമാവധി F.A.R | 3 |
| അധിക ഫീസ് കൂടാതെ ഈ കെട്ടിടത്തിന് അനുവദിക്കാവുന്ന പരമാവധി തറവിസ്തീർണം | 4245 ച.മീ (1415*3) |
| അനുവദിച്ച അധിക തറവിസ്തീർണം | 166.6 ച.മീ (4411.6 – 4245) |
| അധിക F.A.R ന് ഈടാക്കേണ്ടിയിരുന്ന ഫീസ് | 499800 രൂപ (166.6*3000) |

മുനിസിപ്പൽ എഞ്ചിനീയർ, സെക്രട്ടറി എന്നിവർ സാക്ഷ്യപ്പെടുത്തിയിട്ടുള്ള അംഗീകൃത പ്ലാനിൽ തറ വിസ്തീർണ അനുപാതം വ്യക്തമായി രേഖപ്പെടുത്തിയിട്ടും നോട്ട് ഫയലിന്റെ പരിശോധനയിൽ അധിക ഫീസ് ഈടാക്കുന്നതിനെ കുറിച്ച് യാതൊരു പരാമർശവും രേഖപ്പെടുത്തിയിട്ടില്ല എന്ന് ശ്രദ്ധയിൽപ്പെട്ടും ചട്ടപ്രകാരമുള്ള ഫീസ് ഈടാക്കാതെ കെട്ടിട നിർമ്മാണാനുമതി നൽകിയതിനാൽ നഗരസഭയ്ക്ക് ഉണ്ടായ നഷ്ടം ഈടാക്കുന്നതിനും വിശദീകരണം ലഭ്യമാക്കുന്നതിനുമുള്ള ഓഡിറ്റ്

അന്വേഷണത്തിന്റെ (നം.23, തിയ്യതി - 27-10-2017) മറുപടിയിൽ "ഫീസ് ഈടാക്കി റിപ്പോർട്ട് യഥാസമയം സമർപ്പിക്കുന്നതാണ്" എന്ന് മുനിസിപ്പൽ എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്.

പെർമിറ്റ് അനുവദിച്ചപ്പോൾ അധികഫീസ് കൂടാതെയുള്ള തറവിസ്തീർണ അനുപാതത്തിന്റെ പരിധി കവിഞ്ഞിട്ടും കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 31, പട്ടിക 2 പ്രകാരമുള്ള അധിക പെർമിറ്റ് ഫീസ് ഈടാക്കാത്തതു മൂലം നഗരസഭയ്ക്ക് ഉണ്ടായിട്ടുള്ള നഷ്ടം 499800/- രൂപ കെട്ടിട ഉടമയിൽ നിന്നോ വീഴ്ച വരുത്തിയ ഉദ്യോഗസ്ഥരിൽ നിന്നും തുല്യമായോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-2 പെർമിറ്റ് ഫീസ് ഈടാക്കിയതിൽ കുറവ്

എ) വാണിജ്യാവശ്യത്തിനുള്ള കെട്ടിടത്തിന് പാർപ്പിട കെട്ടിടത്തിന്റെ നിരക്കിൽ പെർമിറ്റ് ഫീ ഈടാക്കി

1999-ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 11(2)ന്റെ വിധേയമായി നഗരസഭ പരിധിയിലെ കെട്ടിട നിർമ്മാണ പെർമിറ്റിനുള്ള ഫീസിന്റെ നിരക്ക് പട്ടിക II പ്രകാരം നിശ്ചയിച്ചിട്ടുണ്ട്. A1 കൈവശഗണത്തിലുള്ളവയുടെ നിർമ്മാണത്തിന് ചതുരശ്രമീറ്ററിന് 7 രൂപാ നിരക്കിലും മറ്റുള്ളവയ്ക്ക് ചതുരശ്രമീറ്ററിന് 10 രൂപാ നിരക്കിലുമാണ് പെർമിറ്റ് ഫീസ് ഈടാക്കേണ്ടത്. എന്നാൽ പെർമിറ്റ് ഫയലുകളുടെ പരിശോധനയിൽ താഴെ പറയുന്ന വാണിജ്യ കെട്ടിടത്തിന്റെ നിർമ്മാണാനുമതി പാർപ്പിടാവശ്യത്തിനെന്ന് സങ്കേതം സോഫ്റ്റ്‌വെയറിൽ രേഖപ്പെടുത്തി ചട്ടപ്രകാരം വാങ്ങേണ്ടിയിരുന്നതിനേക്കാളും കുറഞ്ഞ നിരക്കിലാണ് ഈടാക്കിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| | |
|---|---|
| അപേക്ഷാ നം./ തിയ്യതി | 672/16-17/ |
| അപേക്ഷകൻ | ശ്രീ.മൊയ്തുപ്പ |
| കൈവശഗണം | വാണിജ്യം |
| പെർമിറ്റ് നം./തിയ്യതി | E2/BA(11119/2017) /15-3-2017 |
| ബിൽഡിംഗ് ഏരിയ | 126.35ച.മീ |
| ഈടാക്കേണ്ടിയിരുന്ന പെർമിറ്റ് ഫീ | 1264 രൂപ (126.35*10) |

| | |
|---|---|
| ഈടാക്കിയത് | 443രൂപ |
| രശീതി നം./തിയ്യതി | 11627130641/15-3-2017 |
| കുറവ് | 821 രൂപ |

ബി) പെർമിറ്റിൽ രേഖപ്പെടുത്തിയ ഫീസും രശീതി പ്രകാരമുള്ള തുകയും തമ്മിൽ പൊരുത്തപ്പെടുന്നില്ല – കുറവു തുക ഈടാക്കേണ്ടതാണ്

കെട്ടിട നിർമ്മാണാനുമതി നൽകി സങ്കേതം സോഫ്റ്റ്വെയർ മുഖേന ഓൺലൈനായി നൽകിയ പെർമിറ്റിൽ കെട്ടിടത്തിന്റെ വിസ്തീർണം, അതിനനുസൃതമായ പെർമിറ്റ് ഫീസ്, ഈടാക്കിയ രശീതി നം. എന്നിവ രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ പെർമിറ്റ് രജിസ്റ്റർ, സാംഖ്യയിലെ ഡേ ബുക്കിലെ ഇതേ രശീതികൾ എന്നിവയുടെ പരിശോധനയിൽ ചില കെട്ടിട ഉടമസ്ഥരിൽ നിന്നും പെർമിറ്റിൽ രേഖപ്പെടുത്തിയ യഥാർത്ഥ ഫീസിനേക്കാളും കുറവായാണ് ഈടാക്കിയിട്ടുള്ളത് എന്ന് ബോധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| അപേക്ഷ നം/ കൈവശഗണം | അപേക്ഷകൻ | പെർമിറ്റ് നം./ തിയ്യതി | ബ്യൂൽഡിംഗ് ഏരിയ (പെർമിറ്റിൽ) ച.മീ | ഈടാക്കിയ പെർമിറ്റ് ഫീ (രശീതി പ്രകാരം) | രശീതി നം./ തിയ്യതി | ഈടാക്കേണ്ടിയിരുന്നത് (പെർമിറ്റിലെ രേഖപ്പെടുത്തൽ പ്രകാരം) | കുറവ് |
|---|---|---|---|---|---|---|---|
| 42/16-17 A1 പാർപ്പിടാവശ്യം | ശ്രീ.രവീന്ദ്രൻ | E1/BA (45790/ 2016)/ 19-12-16 | 5426.83 | 27960 | 11627 122636/ 19-12-16 | 37988 (5426.8*7) | 10028 |
| 134/16-17 പാർപ്പിടാവശ്യം | ശ്രീമതി. അൻഹിമ.പി നീലകണ്ഠൻ | PAU-TBA (25004)/ 2016/ 1-7-16 | 251.99 | 1265 | 11627 107348/ 1-7-16 | 1764 (251.99*7) | 499 |
| ആകെ | | | | | | | 10527 |

കെട്ടിട ഉടമസ്ഥന നൽകിയിട്ടുള്ള പെർമിറ്റ് സർട്ടിഫിക്കറ്റിൽ രേഖപ്പെടുത്തിയ പെർമിറ്റ് ഫീസും രശീതി നമ്പറും സാംഖ്യയിലെ ഇതേ രശീതിയുമായി പെരുത്തപ്പെടുത്തി പരിശോധിക്കുമ്പോൾ

ുകകൾ പൊരുത്തപ്പെടാത്തത് ഗൗരവമായി വീക്ഷിക്കേണ്ടതാണ്.

വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.23, തിയ്യതി - 27-10-2017 ) മറുപടിയിൽ "ചട്ടപ്രകാരമുള്ള ബാലൻസ് ഫീസ് ഈടാക്കി റിപ്പോർട്ട് യഥാസമയം സമർപ്പിക്കുന്നതാണ്" എന്ന് മുനിസിപ്പൽ എഞ്ചിനീയർ അറിയിച്ചിട്ടുണ്ട്. പെർമിറ്റ് ഫീസിനത്തിൽ ഉണ്ടായ നഷ്ടം 11348/- രൂപ (821+10527) കെട്ടിട ഉടമയിൽ നിന്നോ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽ നിന്നോ ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **2-3** കെട്ടിട നിർമ്മാണ ക്രമവൽക്കരണ നടപടികളിൽ കാലതാമസം - തുടർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കേണ്ടതാണ്

1999 ലെ കേരള മുനിസിപ്പാലിറ്റി കെട്ടിട നിർമ്മാണ ചട്ടങ്ങളിലെ ചട്ടം 143 പ്രകാരം അംഗീകൃത പ്ലാൻ ഇല്ലാതെയോ അംഗീകൃത പ്ലാനിൽ നിന്നു വ്യതിചലിച്ചോ ഉള്ള ഏതെങ്കിലും നിർമ്മാണമോ കൂട്ടിച്ചേർക്കലോ, വ്യവസ്ഥകൾക്ക് വിധേയമായി ക്രമവൽക്കരിക്കാൻ സെക്രട്ടറിയ്ക്ക് അധികാരമുണ്ട്. കൂടാതെ ചട്ടം 14 ൽ പറയുന്ന പ്രകാരമുള്ള 30 ദിവസ സമയപരിധിക്കുള്ളിൽ ഏതൊരു അപേക്ഷയിന്മേലും നടപടി സ്വീകരിക്കാനും ബാധ്യസ്ഥനാണ്. എന്നാൽ റഗുലറൈസേഷൻ രജിസ്റ്റർ പ്രകാരം 2016-17 വർഷത്തിൽ നഗരസഭയിൽ 119 ക്രമവൽക്കരണ അപേക്ഷകളുടെ രേഖപ്പെടുത്തലുകൾ ഉണ്ട്. അവയിൽ താഴെ പറയുന്ന 21 അപേക്ഷകളിൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരം രേഖപ്പെടുത്തിയിട്ടില്ല. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | അപേക്ഷാ നം./തിയതി | ഉടമസ്ഥൻ | കൈവശ ഗണം/ ഏരിയ (ച.മീ) |
|---|---|---|---|
| 1 | 49/16-8-16 | ശ്രീ.മുരുകൻ | ഷോപ്പ് ബിൽഡിംഗ് എക്സ്റ്റൻഷൻ, 40.17 |
| 2 | 53/25-8-16 | ശ്രീ.രതകുമാർ | റസിഡൻഷ്യൽ ബിൽഡിംഗ് എക്സ്റ്റൻഷൻ, 59.25 |

| | | | |
|---|---|---|---|
| 3 | 75/10-11-16 | ശ്രീ.സി.എം.അബ്ദുൾ സലീം | വാണിജ്യ ബിൽഡിംഗ് എക്സ്റ്റൻഷൻ, 62.47 |
| 4 | 76/10-11-16 | ശ്രീ.വരിജാക്ഷൻ അച്ചുതൻ | പാർപ്പിടം, 179.01 |
| 5 | 77/10-11-16 | ശ്രീമതി.സതീ ദേവീ മുകുന്ദൻ | പാർപ്പിടം, 179.01 |
| 6 | 78/10-11-16 | ശ്രീ.പി.എം.ശശി | പാർപ്പിടം, 179.01 |
| 7 | 79/10-11-16 | ശ്രീ.കൃഷ്ണൻകുട്ടി നായർ | പാർപ്പിടം, 179.01 |
| 8 | 80/10-11-16 | ശ്രീ.കുട്ടപ്പൻ | പാർപ്പിടം, 179.01 |
| 9 | 81/14-11-16 | ശ്രീ.രാജ ഗോപാലൻ.വി.ആർ | പാർപ്പിടം, 134.48 |
| 10 | 108/17-3-17 | ശ്രീ.മോഹനദാസൻ | പാർപ്പിടം, 179.01 |
| 11 | 109/17-3-17 | ശ്രീ.സുരേഷ് ബാബു | പാർപ്പിടം, 179.01 |
| 12 | 110/17-3-17 | ശ്രീമതി.സുഭദ്ര | പാർപ്പിടം, 179.01 |
| 13 | 111/17-3-17 | ശ്രീമതി.പ്രഭ ശ്രീകുമാർ | പാർപ്പിടം, 215.85 |
| 14 | 112/17-3-17 | ശ്രീമതി.ജയശ്രീ ചെന്താമരാക്ഷൻ | പാർപ്പിടം, 179.01 |
| 15 | 113/17-3-17 | ശ്രീ.കോലത്ത് ദിവാകരൻ | പാർപ്പിടം, 179.01 |
| 16 | 114/17-3-17 | ശ്രീമതി.രേണുകാ രഘുനന്ദൻ | പാർപ്പിടം, 215.85 |
| 17 | 115/17-3-17 | ശ്രീമതി.ഭാർഗവി ഗോപിദാസ് നായർ | പാർപ്പിടം, 179.01 |
| 18 | 116/17-3-17 | ശ്രീ.മധുസൂധനൻ നായർ | പാർപ്പിടം, 179.01 |

| | | | |
|---|---|---|---|
| 19 | 117/17-3-17 | ശ്രീ.കുട്ടികൃഷ്ണൻ | പാർപ്പിടം, 193.78 |
| 20 | 118/17-3-17 | ശ്രീ.രവികുമാർ നായർ | പാർപ്പിടം, 179.01 |
| 21 | 119/17-3-17 | ശ്രീമതി.നിഷ മുരളീധരൻ നായർ | പാർപ്പിടം, 215.85 |

മേൽ അപേക്ഷകളിന്മേൽ സ്വീകരിച്ച തുടർ നടപടികളുടെ വിവരങ്ങൾ ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.23, തിയ്യതി-27-10-2017) മറുപടിയിൽ "ഫയലുകൾ പരിശോധിച്ച് വിശദാംശങ്ങൾ സമർപ്പിക്കുന്നതാണ്" എന്നാണ് മുനിസിപ്പൽ എഞ്ചിനീയർ രേഖപ്പെടുത്തിയിട്ടുള്ളത്. ചട്ടപ്രകാരം ക്രമവൽക്കരിക്കാൻ കഴിയുന്ന അനധികൃത നിർമ്മാണങ്ങളിൽ കാലതാമസം കൂടാതെ ക്രമവൽക്കരണ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-4 വസ്തുനികുതി പരിഷ്ക്കരണം - പുരോഗതി വിലയിരുത്തൽ

2010-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾ, 2013-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ, തുടർന്ന് സർക്കാർ കാലാകാലങ്ങളിൽ പുറപ്പെടുവിച്ചിട്ടുള്ള സ്പഷ്ടീകരണ ഉത്തരവുകൾ എന്നിവ നിലനിൽക്കെ വിവരശേഖരണം, ഡാറ്റ എൻട്രി എന്നീ പ്രവർത്തനങ്ങൾ നഗരസഭയിലെ വസ്തുനികുതി പരിഷ്ക്കരണ നടപടികൾ ഇപ്പോഴും പൂർത്തിയായിട്ടില്ല. വിവരശേഖരണം പൂർത്തീകരിക്കുന്നതിന് കുറഞ്ഞത് 10 പേരെ ദിവസവേതനാടിസ്ഥാനത്തിൽ നിയോഗിക്കുന്നതിന് അനുവാദത്തിനായി 25-8-2017 ലെ ആർ1-5734 നം. കത്ത് പ്രകാരം നഗരകാര്യ ഡയറക്ടർ, പ്രിൻസിപ്പൽ സെക്രട്ടറി എന്നിവർക്ക് കത്ത് അയച്ചിട്ടുള്ളതായി ഫയൽ പരിശോധനയിൽ (ഫയൽ നം.ആർ1.5734/2011) കാണുവാൻ സാധിച്ചു. മറ്റു തുടർനടപടികൾ ഒന്നും തന്നെ ഉണ്ടായിട്ടില്ല.

ഒറ്റപ്പാലം നഗരസഭാ കൗൺസിലിന്റെ 29-8-2016 ലെ 17-ാം നമ്പർ തീരുമാന പ്രകാരം പുതിയ കെട്ടിടങ്ങളുടെ നികുതി നിർണയം മാത്രമാണ് തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ 1-10-2016 മുതൽ പ്രാവർത്തികമാക്കിയിട്ടുള്ളത്.

15.03.2013 ലെ സർക്കാർ ഉത്തരവ്(അ) നം.100/2013/തസ്വഭവ സർക്കാർ ഉത്തരവു പ്രകാരം കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ഭേദഗതി ചട്ടങ്ങൾ നിലവിൽ വരുകയും ആയതിന് 2013 ഏപ്രിൽ 1 മുതൽ പ്രാബല്യമുള്ളതുമാണ്. നഗരസഭയിലെ

രേഖകൾ പരിശോധിച്ചതിൽ ഓഡിറ്റ് കാലയളവിൽ കെട്ടിടങ്ങൾക്ക് പുതിയ നിരക്കിൽ വസ്തുനികുതി ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി. എന്നാൽ 1.10.2016-ന് ശേഷം നികുതി നിർണയം നടത്തിയിട്ടുള്ള പുതിയ കെട്ടിടങ്ങൾക്കാണ് പുതിയ നിരക്കിൽ വസ്തുനികുതി ഈടാക്കി വരുന്നത്.

വസ്തുനികുതി പരിഷ്കരണവുമായി ബന്ധപ്പെട്ട നിർദ്ദേശങ്ങൾ നൽകികൊണ്ടുള്ള സ.ഉ(എം.എസ്)നം.144/15/തസ്വഭവ തി. 27.4.15 പ്രകാരം 660 ചതുരശ്ര അടി വിസ്തീർണം വരെയുള്ള പാർപ്പിടാവശ്യത്തിനുള്ള കെട്ടിടങ്ങളെ 2015-16 മുതൽ വസ്തുനികുതിയിൽ നിന്നും ഒഴിവാക്കിയിട്ടുള്ളതിനാൽ നിലവിൽ നഗരസഭയിലെ അത്തരം കെട്ടിട ഉടമകളുടെ നികുതി ഒഴിവാക്കുന്നതിനുള്ള സത്യവാങ്മൂലം 149 എണ്ണം ലഭ്യമായിട്ടുണ്ട്. ആയതിനാൽ നിലവിലുള്ള കെട്ടിടങ്ങൾക്ക് വസ്തുനികുതി പരിഷ്കരണം നടപ്പിലാക്കാത്ത സാഹചര്യം നിലനിൽക്കെ മേൽ പരിധിയിലുൾപ്പെടുന്ന കെട്ടിടങ്ങളെ ഒഴിവാക്കുക കൂടി ചെയ്യുമ്പോൾ വസ്തുനികുതിയിനത്തിൽ വളരെയധികം കുറവ് ഉണ്ടാകുന്നതാണ്.

<u>ഓഡിറ്റ് നിഗമനങ്ങളും നിർദ്ദേശങ്ങളും</u>

1. 2016-17 ലെ വാർഷിക ധനകാര്യ പത്രിക പ്രകാരം വസ്തുനികുതി ഇനത്തിൽ തൻ വർഷം 1,13,01661 രൂപയും, കുടിശ്ശിക ഇനത്തിൽ 32,35,292 രൂപയും വരവുണ്ട്. ഡിമാന്റ്, അരിയർ ഡിമാന്റ് രജിസ്റ്ററുകൾ ഓഡിറ്റിന് ഹാജരാക്കിയിട്ടില്ല. ആയതിനാൽ വാർഷിക കണക്കിലെ വസ്തുനികുതി ഡിമാന്റ്, കളക്ഷൻ തുകകളുടെ കൃത്യത പരിശോധിക്കുവാൻ സാധിച്ചിട്ടില്ല.

2. സർവ്വർ അടിസ്ഥാനമാക്കിയുള്ള സഞ്ചയ സോഫ്റ്റ്‌വെയർ ആണ് നിലവിൽ നഗരസഭയിൽ ഉപയോഗിക്കുന്നത്. വിവരശേഖരണവും ബേയ്സ് ഡാറ്റാ എൻട്രിയും പൂർത്തിയായാൽ മാത്രമേ സർവ്വർ അടിസ്ഥാനത്തിലുള്ള സഞ്ചയ സോഫ്ററ്വെയറിലേയ്ക്ക് മാറാൻ സാധിക്കുകയുള്ളൂ.

3. നിലവിൽ രശീതി പുസ്തകങ്ങൾ വഴിയുള്ള വസ്തുനികുതി ഇനത്തിലെ വരവുകൾ സഞ്ചയയിൽ പോസ്റ്റിംഗ് വരുത്തുന്നുണ്ടോ എന്ന് പരിശോധനാ വിധേയമാക്കേണ്ടതാണ്. പൂർത്തിയാക്കുന്നതിന് ആവശ്യമായ നടപടികൾ അടിയന്തിരമായി സ്വീകരിക്കേണ്ടതാണ്.

4. വസ്തുനികുതി അധികമായി പിരിച്ചെടുത്തത് തുടർവർഷങ്ങളിൽ ക്രമീകരിക്കുന്നതിന് സാംഖ്യ – സഞ്ചയ ഇന്റഗ്രേഷൻ പൂർത്തിയാക്കിയിട്ടില്ല.

5. 1-10-2016 മുതൽ പുതിയ കെട്ടിടങ്ങൾക്ക് തറവിസ്തീർണത്തിന്റെ അടിസ്ഥാനത്തിൽ നികുതി

നിർണ്ണയം നടത്തുന്നുണ്ടെങ്കിലും പ്രസ്തുത കെട്ടിടങ്ങളുടെ വിവരങ്ങൾ സഞ്ചയയിൽ ഡാറ്റാ എൻട്രി നടത്തപ്പെടാത്തതിനാൽ ഇവരുടെ നികുതി ഡിമാന്റ് ചെയ്യപ്പെടുകയോ, നികുതി അടവാക്കിയിട്ടില്ലെങ്കിൽ കുടുശ്ശിക കാണിക്കുകയോ ചെയ്യില്ല.

6. പൊളിച്ചുമാറ്റപ്പെട്ട കെട്ടിടങ്ങൾക്ക് രജിസ്റ്ററിൽ രേഖപ്പെടുത്തലുകൾ നടത്തിയിട്ടുണ്ടെങ്കിലും സഞ്ചയ പോസ്റ്റിംഗ് നടത്താത്തതിനാൽ ഡിമാന്റിന്റെ വളരെ കുറഞ്ഞ ശതമാനം മാത്രമാണ് കളക്ഷൻ കാണിക്കുന്നത്. ആയതിനാൽ നിലവിലെ കെട്ടിടങ്ങളുടെ യഥാർത്ഥ വിവരം ലഭ്യമല്ല.

7. 2015-16-ലെ ഓഡിറ്റ് റിപ്പോർട്ടിൽ പരിഷ്കരണ നടപടികൾ പൂർത്തിയാക്കുന്നതിനുള്ള തുടർനപടികൾ സ്വീകരിക്കുന്നതുമായി ബന്ധപ്പെട്ട വ്യക്തമായ പരാമർശങ്ങൾ ഉണ്ടായിരുന്നെങ്കിലും തൻവർഷത്തിലും പരിഷ്കരണ നടപടികളിൽ കാര്യമായ പുരോഗതി ഉണ്ടായിട്ടില്ല.

8. ജീവനക്കാരുടെ എണ്ണത്തിലെ പരിമിതി മൂലമാണ് വസ്തുനികുതി പരിഷ്കരണ നടപടികളിൽ കാലതാമസം ഉണ്ടാവുന്നത് എന്നാണ് എക്സിറ്റ് മീറ്റിംഗ് വേളയിൽ നഗരസഭാ ഉദ്യോഗസ്ഥരും അധികാരികളും അറിയിച്ചിട്ടുള്ളത്.

9. നഗരസഭയ്ക്ക് വസ്തുനികുതി ഇനത്തിൽ ഉണ്ടായികൊണ്ടിരിക്കുന്ന ഭീമമായ നഷ്ടം, പരിഷ്കരണ നടപടികൾ പൂർത്തിയാക്കുന്ന മുറയ്ക്ക് കുടിശ്ശിക ഉൾപ്പെടെ ഈടാക്കിയാൽ മാത്രമേ നികത്താൻ കഴിയുകയുള്ളൂ. നഗരസഭാ ഉദ്യോഗസ്ഥരുടെയും അധികാരികളുടെയും ഊർജ്ജിത ഇടപെടൽ ഈ വിഷയത്തിൽ ഉണ്ടാകേണ്ടതാണ്.(ഓഡിറ്റ് അന്വേഷണം നം.23, തിയ്യതി - 27-10-2017).

തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## 2-5 മൊബൈൽ ടവറുകളുടെ വസ്തുനികുതിയിനത്തിൽ നഗരസഭയ്ക്ക് വർഷം തോറും വൻതുക നഷ്ടമാകുന്നു.

മൊബൈൽ ടവറുകളുടെ വസ്തുനികുതി വിവരങ്ങളടങ്ങിയ ഫയൽ(നം.ആർ1-24984/2011) പരിശോധിച്ചതിന്റെ അടിസ്ഥാനത്തിലും ഓഡിറ്റ് അന്വേഷണം നം.13 തിയ്യതി-24-10-2017ന്റെ മറുപടിയിൽ ലഭ്യമാക്കിയ വിവരങ്ങൾ പ്രകാരവും നഗരസഭാ പരിധിയിൽ 23 മൊബൈൽ ടവറുകൾ പ്രവർത്തിക്കുന്നുണ്ട് എന്ന് ബോധ്യപ്പെട്ടു. ഇതിൽ 7 ടവറുകളുടെ മാത്രമാണ് വസ്തുനികുതി നിർണ്ണയിച്ച് നികുതി ഈടാക്കുന്നത്. ശേഷിക്കുന്ന 16 എണ്ണം അനധികൃതമായി പ്രവർത്തിക്കുന്നവയാണെന്ന് ഫയലുകളിൽ നിന്നും വ്യക്തമാണ്. വസ്തുനികുതി നിർണ്ണയം പൂർത്തിയാക്കിയ 7 ടവറുകളിൽ 6 എണ്ണത്തിൽ നിന്നും വസ്തുനികുതി കുടിശ്ശിക ഇനത്തിൽ 2594131/- രൂപ ഈടാക്കാൻ

അവശേഷിക്കുന്നുണ്ട്. നികുതി നിർണ്ണയിച്ച 7 ടവറുകളുടെ വിശദാംശങ്ങളും അവയുടെ കുടിശ്ശിക വിവരങ്ങളും താഴെ ചേർക്കുന്നു.

| ക്രമ നം. | വാർഡ് നം./ ടവർ നം | ടവറിന്റെ ഉടമ | നിർണ്ണയിച്ച വസ്തു നികുതി | വസ്തു നികുതി കുടിശ്ശിക/ഏതു വർഷം മുതൽ |
|---|---|---|---|---|
| 1 | 7/202(1) ഈസ്റ്റ് ഒറ്റപ്പാലം | വോഡഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 12000 | 12000 (2016-17) |
| 2 | 17/276 (19എ) വരോട് | വോഡഫോൺ എസ്സാർ സെല്ലുലാർ ലിമിറ്റഡ് | 10000 | കുടിശ്ശികയില്ല |
| 3 | 5/28(1) മീറ്റ്ന | ഭാരതി ഇൻഫ്രാടെൽ ലിമിറ്റഡ് | 30000 | 270000 (2008-09 മുതൽ) |
| 4 | 8/411(1) ഒറ്റപ്പാലം ടൗൺ | ഇൻഡസ് ടവർ ലിമിറ്റഡ് | 99213 | 744097 (2009-10 II Half മുതൽ) |
| 5 | 8/1236 (10ബി1) ഒറ്റപ്പാലം ടൗൺ | ഐഡിയ മൊബൈൽ കമ്മ്യൂണിക്കേഷൻസ് ലിമിറ്റഡ് | 30000 | 60000 (2015-16 മുതൽ) |
| 6 | 14/83(2) പനമണ്ണ | ഇൻഡസ് ടവർ ലിമിറ്റഡ് | 99213 | 793704 (2009-10 മുതൽ) |
| 7 | 21/157(2) തോട്ടക്കര | എയർസെൽ ഡിഷ്നെറ്റ് വയർലെസ് ലിമിറ്റഡ് | 95244 | 714330 (2009-10 II Half മുതൽ) |
| ആകെ | | | | 2594131 |

തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളുടെ പരിധിയിൽ പെർമിറ്റില്ലാതെ അനധികൃതമായി സ്ഥാപിച്ച് പ്രവർത്തിപ്പിക്കുന്ന മൊബൈൽ ടവറുകളുടെ വിവരം ശേഖരിക്കുന്നതിന് ഒരു സ്പെഷ്യൽ ഡ്രൈവ് നടത്തണമെന്നും, അനധികൃതമായി പ്രവർത്തിക്കുന്നതായി കണ്ടെത്തുന്ന ടവറുകളുടെ പെർമിറ്റ് ഫീസും, കുടിശ്ശിക ഉൾപ്പെടെയുള്ള വസ്തുനികുതിയും ഈടാക്കണമെന്നും തദ്ദേശ സ്വയംഭരണ വകുപ്പിന്റെ 19.10.2014-ലെ 40395/ആർ.സി.2/2014/ത.സ്വ.ഭ.വ നമ്പർ സർക്കുലറിൽ നിഷ്കർഷിച്ചിട്ടുണ്ട്. അനധികൃതമായി പ്രവർത്തിക്കുന്ന 16 ടവറുകളുടെ വസ്തുനികുതി നിർണ്ണയിക്കുന്നതിനുള്ള നടപടികൾക്ക് കാലതാമസം നേരിടുന്നതു മൂലം നഗരസഭയ്ക്ക് വർഷം തോറും വരവിനത്തിൽ ലക്ഷങ്ങളുടെ നഷ്ടം ഉണ്ടായിക്കൊരിക്കുന്നു. എത്രയും പെട്ടെന്ന് അനധികൃത മൊബൈൽ ടവറുടമകളിൽ നിന്നും നിയമാനുസൃത ഫീസ് ഈടാക്കി ക്രമവൽക്കരിച്ച് 2010-ലെ കേരള മുനിസിപ്പാലിറ്റി (വസ്തുനികുതിയും സേവന ഉപനികുതിയും സർചാർജ്ജും) ചട്ടങ്ങൾക്കനുസൃതമായി വസ്തുനികുതി നിർണ്ണയം നടത്തുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതും, കുടിശ്ശിക ഇനത്തിൽ അവശേഷിക്കുന്ന വൻതുക ഈടാക്കുന്നതിനാവശ്യമായ നിയമനടപടികൾ സ്വീകരിക്കേണ്ടതുമാണ്. നഗരസഭയ്ക്ക് ഈ ഇനത്തിൽ ഉണ്ടായിക്കൊണ്ടിരിക്കുന്ന നഷ്ടം പരിഹരിക്കുന്നതിനായി ഭരണസമിതിയുടേയും ഉദ്യോഗസ്ഥരുടേയും കൂട്ടായ ശ്രമം ഉണ്ടാകേണ്ടതാണ്. തുടർ നടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **2-6** ഡി ആന്റ് ഒ ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നു - ലൈസൻസ് ഫീയിനത്തിൽ റവന്യൂ ചോർച്ച - പരിശോധനാ വിധേയമാക്കേണ്ടതാണ്.

നഗരസഭയുടെ പരിധിയിലുള്ള എല്ലാ സ്ഥാപനങ്ങളും ഡി ആന്റ് ഒ ലൈസൻസ് എടുത്തിട്ടുണ്ടോയെന്നും നിയമാനുസൃത ലൈസൻസ് ഫീസ് അടവാക്കിയിട്ടുണ്ടോയെന്നും പരിശോധിക്കുവാനായിരുന്നു ഓഡിറ്റിന്റെ ലക്ഷ്യം.

2016-17 വർഷത്തിൽ മുനിസിപാലിറ്റിയിലെ 28 റവന്യൂ വാർഡുകളുടെ ഡി & ഒ ലൈസൻസ് രജിസ്റ്ററുകൾ, അപേക്ഷകൾ എന്നിവ പരിശോധിച്ചതിൽ നിന്നും ഡി ആന്റ് ലൈസൻസ് എടുത്തിരിക്കുന്നത് 2043 സ്ഥാപനങ്ങളാണ് എന്ന് ബോധ്യപ്പെട്ടു. എന്നാൽ 2016-17 സഞ്ചയ സോഫ്റ്റ് വെയർ പരിശോധിച്ചതിൽ വാണിജ്യ വ്യവസായിക (പൊളിച്ചു മാറ്റിയ കെട്ടിടങ്ങൾ ഒഴിവാക്കിയ ശേഷം) കെട്ടിടങ്ങളുടെ എണ്ണം 5005 ആണ്.

പഴയ സഞ്ചയ സോഫ്റ്റ് വെയറിൽ തയ്യാറാക്കിയ പട്ടിക താഴെ കാണുക.

| | വാണിജ്യ | വ്യവസായം | മറ്റിനങ്ങൾ | 2016-17ൽ ആകെ ലൈസൻസ് ഫീ അടവാക്കിയ സ്ഥാപനങ്ങൾ |
|---|---|---|---|---|
| വാർഡ്-1 | 132 | 2 | 11 | 82 |
| വാർഡ്-2 | 69 | 0 | 34 | 45 |
| വാർഡ്-3 | 20 | 0 | 12 | 7 |
| വാർഡ്-4 | 42 | 1 | 33 | 18 |
| വാർഡ്-5 | 30 | 2 | 68 | 17 |
| വാർഡ്-6 | 27 | 2 | 8 | 15 |
| വാർഡ്-7 | 214 | 6 | 32 | 144 |
| വാർഡ്-8 | 1457 | 1 | 109 | 676 |
| വാർഡ്-9 | 232 | 3 | 71 | 101 |
| വാർഡ്-10 | 74 | 0 | 26 | 42 |
| വാർഡ്-11 | 186 | 2 | 12 | 102 |
| വാർഡ്-12 | 158 | 7 | 79 | 82 |
| വാർഡ്-13 | 46 | 0 | 29 | 7 |
| വാർഡ്-14 | 15 | 1 | 13 | 10 |
| വാർഡ്-15 | 67 | 0 | 24 | 41 |
| വാർഡ്-16 | 22 | 0 | 11 | 14 |
| വാർഡ്-17 | 82 | 4 | 24 | 40 |
| വാർഡ്-18 | 15 | 1 | 9 | 11 |
| വാർഡ്-19 | 42 | 2 | 5 | 22 |
| വാർഡ്-20 | 60 | 1 | 6 | 36 |
| വാർഡ്-21 | 61 | 2 | 7 | 30 |
| വാർഡ്-22 | 88 | 2 | 28 | 57 |
| വാർഡ്-23 | 477 | 4 | 82 | 186 |
| വാർഡ്-24 | 176 | 7 | 26 | 77 |
| വാർഡ്-25 | 139 | 5 | 33 | 53 |
| വാർഡ്-26 | 62 | 2 | 30 | 41 |
| വാർഡ്-27 | 64 | 0 | 29 | 47 |
| വാർഡ്-28 | 7 | 9 | 24 | 23 |

| | | | | |
|---|---|---|---|---|
| ആകെ | 4064 | 66 | 875 | 2026 |

മേൽ കണക്കുകൾ സൂചിപ്പിക്കുന്നത് നഗരസഭയിൽ 5005 വാണിജ്യ-വ്യവസായ മറ്റു വക കെട്ടിടങ്ങളുണ്ടെന്നാണ്. എന്നാൽ ഡി&ഒ രജിസ്റ്ററനുസരിച്ച് കേവലം 2026 സ്ഥാപനങ്ങളാണ് ലൈസൻസിനുള്ള അപേക്ഷകളോടൊപ്പം ലൈസൻസ് ഫീ അടവാക്കിയിട്ടുള്ളത്. വാർഷിക കണക്ക് പ്രകാരം 332605 വരവുണ്ട്. ബാക്കി നിലവിലുള്ള കെട്ടിടങ്ങളിൽ ഒഴിഞ്ഞു കിടക്കുന്നവ, ഒരേ സ്ഥാപനത്തിന്റെ കെട്ടിടങ്ങൾ, എന്നിവ ഒഴിവാക്കിയാലും നിരവധി സ്ഥാപനങ്ങൾ ലൈസൻസിലാതെ പ്രവർത്തിക്കുന്നുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു.

ഡി& ഒ ലൈസൻസ് രജിസ്റ്ററുകളിൽ നിന്നുമുള്ള കണക്ക്

മുൻ വർഷത്തെ ഡി& ഒ ലൈസൻസ് രജിസ്റ്ററുകളുമായി താരതമ്യം ചെയ്താൽ വാർഡ് തിരിച്ചുള്ള സ്ഥാപനങ്ങളുടെ എണ്ണത്തിൽ ഗണ്യമായ വ്യത്യാസം കാണുന്നു.

| വാർഡ് നം (1) | 2015-16മുൻ വർഷം ഉള്ള സ്ഥാപനങ്ങൾ (2) | 2015-16 പുതിയ സ്ഥാപനങ്ങൾ (3) | ആകെ (4) | 2016-17മുൻ വർഷ സ്ഥാപനങ്ങൾ (5) | 2016-17 പുതിയ സ്ഥാപനങ്ങൾ (6) |
|---|---|---|---|---|---|
| 1 | 61 | 10 | 71 | 68 | 14 |
| 2 | 28 | 13 | 41 | 42 | 3 |
| 3 | 5 | 2 | 7 | 7 | - |
| 4 | 15 | 1 | 16 | 17 | 1 |
| 5 | 12 | 2 | 14 | 15 | 2 |
| 6 | 8 | 1 | 9 | 12 | 3 |
| 7 | 61 | 24 | 85 | 116 | 28 |

| | | | | | |
|---|---|---|---|---|---|
| 8 | 501 | 72 | 573 | 608 | 68 |
| 9 | 83 | 19 | 102 | 92 | 9 |
| 10 | 48 | 3 | 51 | 32 | 10 |
| 11 | 71 | 16 | 87 | 82 | 20 |
| 12 | 60 | 14 | 74 | 66 | 16 |
| 13 | 7 | 2 | 9 | 12 | 2 |
| 14 | 6 | 1 | 7 | 6 | 4 |
| 15 | 28 | 7 | 35 | 31 | 10 |
| 16 | 7 | 4 | 11 | 11 | 3 |
| 17 | 29 | 10 | 39 | 30 | 10 |
| 18 | 10 | - | 10 | 10 | 1 |
| 19 | 15 | 5 | 20 | 18 | 4 |
| 20 | 28 | 4 | 32 | 27 | 9 |
| 21 | 22 | 5 | 27 | 30 | - |
| 22 | 29 | 18 | 47 | 45 | 12 |
| 23 | 156 | 15 | 174 | 155 | 31 |
| 24 | 55 | 16 | 71 | 64 | 13 |

| | | | | | |
|---|---|---|---|---|---|
| 25 | 41 | 9 | 50 | 38 | 15 |
| 26 | 33 | 9 | 42 | 38 | 13 |
| 27 | 27 | 16 | 43 | 41 | 6 |
| 28 | 14 | 6 | 20 | 18 | 5 |

ഇതിൽ കോളം 5 സൂചിപ്പിക്കുന്നത് ലൈസൻസ് ഇല്ലാതെ സ്ഥാപനങ്ങൾ പ്രവർത്തിയ്ക്കുന്നു എന്നും കൃത്യമായ ഡിമാന്റ് ഇല്ലായെന്നുമാണ്. ഇതു മൂലം തനത് വരുമാനത്തിൽ ഗണ്യമായ ചോർച്ചയുണ്ടെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. മാത്രമല്ല വാർഡ് 8,9,2,3 എന്നിവ ഒറ്റപ്പാലം ടൗണിനോട് ചേർന്നു നിൽക്കുന്ന വാർഡുകളാണ്. എന്നാൽ തൻവർഷത്തിൽ 8ാം വാർഡിൽ നിന്നും 676 സ്ഥാപനങ്ങളാണ് ഡി & ഒ ലൈസൻസ് ഫീസ് അടവാക്കിയിട്ടുള്ളത്. എന്നാൽ പഴയ സഞ്ചയ സോഫ്റ്റ് വെയറിലെ കണക്കനുസരിച്ച് 8ാം വാർഡിൽ 1567 സ്ഥാപനങ്ങൾ പ്രവർത്തിക്കുന്നുണ്ട്. ഓഡിറ്റ് എൻക്വയറി നം. 20/26-10-2017-ന് ലഭ്യമായ മറുപടിയിൽ കുറച്ച് സ്ഥാപനങ്ങൾ അടച്ചു പൂട്ടിപോയതും മറ്റു ചിലത് ലൈസൻസ് ആവശ്യമില്ലാത്തതുമാണ് എന്നാണ്. എന്നാലും ഇത്തരത്തിലുള്ള സ്ഥാപനങ്ങളുടെ കൃത്യമായ കണക്ക് മറുപടിയിൽ രേഖപ്പെടുത്തിയിട്ടില്ല. എല്ലാ വാർഡുകളിലും ലൈസൻസില്ലാതെ പ്രവർത്തിക്കുന്ന സ്ഥാപനങ്ങളെ കണ്ടെത്തുകയും ആവശ്യമായ തുടർ നടപടികൾ സ്വീകരിച്ച് നിയമാനുസൃത ലൈസൻസ് ഫീസ് 2011 ലെ (ആപൽക്കരവും അസഹ്യവുമായ സ്ഥാപനങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾക്ക് ബാധകമായ നിരക്കിൽ ഈടാക്കേണ്ടതാണ്.

## 2-7 ട്രേഡേഴ്സ് ലിസ്റ്റ് അപൂർണ്ണം

മുനിസിപ്പൽ പ്രദേശത്ത് പ്രവർത്തിക്കുന്ന മുഴുവൻ സ്ഥാപനങ്ങളുടെയും വിവരങ്ങളടങ്ങിയ ട്രേഡേഴ്സ് ലിസ്റ്റ് തയ്യാറാക്കി സൂക്ഷിച്ചിട്ടില്ല. 2016-17-ൽ ട്രേഡേഴ്സിൽ നിന്നുള്ള വരവ് എഴുതി സൂക്ഷിക്കുവാൻ രജിസ്റ്റർ എഴുതുന്നുണ്ടെങ്കിലും ആയത് കാലികമാക്കി സൂക്ഷിക്കാത്തതുകൊണ്ട് കൃത്യമായ ഡിമാന്റ് വർഷങ്ങളോളം തിട്ടപ്പെടുത്തിയിട്ടില്ല. ഇത് തനത് വരുമാനത്തിന് ഗണ്യമായ നഷ്ടമുണ്ടാക്കുവാൻ ഇടവരുത്തുന്നു. 2016-17-ൽ തയ്യാറാക്കിയ ട്രേഡേഴ്സ് ലിസ്റ്റ് അപൂർണമായതിനാൽ വാർഷിക കണക്കിലെ ട്രേഡേഴ്സ് തൊഴിൽ നികുതിയിമായി ഒത്തുനോക്കുവാൻ സാധിച്ചിട്ടില്ല. ട്രേഡേഴ്സ് ലിസ്റ്റ്

മുഴവൻ എഴുതി സൂക്ഷിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-8 ഡി& ഒ ലൈസൻസ്-പൊതു അപാകതകൾ

ഡി& ഒ ലൈസൻസ് സംബന്ധിച്ച് പൊതുവായ അപാകതകൾ താഴെ ചേർക്കുന്നു.

1.വാർഡ് തിരിച്ച് സ്ഥാപനങ്ങളുടെ ഡി& ഒ ലൈസൻസ് രജിസ്റ്ററുകൾ തയ്യാറാക്കുന്നുണ്ടെങ്കിലും രജിസ്റ്ററിൽ ഡി & ഒ ലൈസൻസിനുള്ള അപേക്ഷ ലഭിച്ചതിന്റെ ക്രമത്തിൽ എഴുതി സൂക്ഷിയ്ക്കുകയാണ് ചെയ്യുന്നത്. കൃത്യമായ ഡിമാന്റ് തയ്യാറാക്കാൻ ബന്ധപ്പെട്ട സെക്ഷൻ ശ്രദ്ധിക്കുന്നില്ല. ഡി& ഒ ലൈസൻസ് ഫീ അടച്ചതിന്റെ റസീപ്റ്റ് വിവരങ്ങൾ ചേർത്തിട്ടുണ്ടെങ്കിലും സംക്ഷിപ്തം എഴുതി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല. ധനകാര്യപത്രിക പ്രകാരമുള്ള വരവും രജിസ്റ്റർ പ്രകാരമുള്ള വരവും തമ്മിൽ റീകൺസൈൽ ചെയ്ത് ഡി.സി.ബി തയ്യാറാക്കുന്നില്ല. ഡി& ഒ ലൈസൻസ് ഫീ ഈടാക്കുന്നതിനായി ബൈലോ തയ്യാറാക്കി അംഗീകരിച്ചിട്ടുള്ളതായി കാണുന്നില്ല. വിവിധ സ്ഥാപനങ്ങളുടെ ഡി & ഒ ലൈസൻസ് ഫീ കണക്കാക്കിയതിന്റെ അടിസ്ഥാനവും പിരിച്ചെടുത്ത ഫീസും അതിന്റെ കൃത്യതയും ഉറപ്പാക്കാനാവുന്നില്ല.

2.ഡി & ഒ ലൈസൻസ് രജിസ്റ്ററുകൾ പ്രകാരം 2043 എണ്ണം ഡി& ഒ ലൈസൻസ് അപേക്ഷകൾ ലഭിച്ചിട്ടുണ്ട്. പുതിയ സ്ഥാപനങ്ങൾക്ക് മാത്രമാണ് ഹെൽത്ത് ഇൻസ്പെക്ടർ നേരിൽ പരിശോധന നടത്തി റിപ്പോർട്ട് സമർപ്പിക്കുന്നത് മത്സ്യം, മാംസം വിൽക്കുന്ന കടകൾ, കോഴി ഫാമുകൾ, 10 എച്ച്.പി മോട്ടോറിൽ കൂടുതലുള്ള ചെറു വ്യവസായങ്ങൾ, ഹോട്ടലുകൾ, എന്നിവയുടെ 5% പോലും നേരിട്ട് പരിശോധന നടത്തുന്നില്ല എന്ന് ഫയൽ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു.

3.ലൈസൻസ് അനുവദിക്കുമ്പോൾ അപേക്ഷകളോടൊപ്പം ആവശ്യമായ നിരാക്ഷേപപത്രങ്ങൾ സമർപ്പിച്ചിട്ടില്ല.

ഓഡിറ്റ് നിർദ്ദേശം

ഡി & ഒ ലൈസൻസിനോടൊപ്പം ആവശ്യമായ നിരാക്ഷേപപത്രങ്ങൾ ഫയലിൽ സൂക്ഷിക്കേണ്ടതാണ്.

## 2-9 ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല

2016-17 ഡി & ഒ രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും താഴെ പറയുന്ന സ്ഥാപനങ്ങളിൽ നിന്നും ലൈസൻസ് ഫീസ് ഈടാക്കിയിട്ടില്ല എന്ന് കണ്ടെത്തി.

| ക്രമ നം | വാർഡ് നം/ കെട്ടിട നം | പേര്/വിലാസം | ഈടാക്കേണ്ട ലൈസൻസ് |
|---|---|---|---|

| | | | ഫീസ് |
|---|---|---|---|
| 1 | 8/358,359 | നാസർ,കടമ്പഴിപ്പുറം | 400 |
| 2 | 8/443 | മുരളീകൃഷ്ണ,അമ്പലപാറ | 500 |
| 3 | 8/543 | ഷഫീർ,പൂളകുന്ന് | 500 |
| 4 | 8/543 | ബാബു സി, ഈസ്റ്റ് ഒറ്റപ്പാലം | 150 |
| 5 | 8/805 | പ്രശാന്ത്,ചുനങ്ങാട് | 200 |
| 6 | 8/805 36c | സി.ദേവദാസൻ, തുഷാരം | 100 |
| 7 | 8/1171 | സി ടി മുഹമ്മദ്, കെൽക്കോ | 1000 |
| 8 | 8/1236 | ആർ. രവിദാസ്,തൃശ്ശൂർ | 500 |
| 9 | 8/789 | ഉമ്മർ സി | 600 |
| 10 | 11-2/49,50 | പ്രീജമോൾ,ചേർത്തല | 1500 |
| 11 | 11-2/5(51) | പ്രീജമോൾ,ചേർത്തല | 2500 |
| | | ആകെ | 7950 |

മേൽ കാണിച്ചിട്ടുള്ള വ്യക്തികൾ ലൈസൻസ് ഫീ അടവാക്കിയിട്ടില്ലാത്തതായി രജിസ്റ്റർ പരിശോധിച്ചതിൽ ബോദ്ധ്യപ്പെട്ടു. ടി വ്യക്തികൾ ലൈസൻസ് എടുക്കാതെ നിലവിലും സ്ഥാപനങ്ങൾ നടത്തി വരുന്നുണ്ട്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.20/26-10-2017-ന് ടി സ്ഥാപനങ്ങളിൽ നിന്നും 2011-ലെ (ആപൽക്കരവും അസഹ്യവുമായ വ്യാപാരങ്ങൾക്കും ഫാക്ടറികൾക്കും ലൈസൻസ് നൽകൽ) ചട്ടങ്ങൾ പ്രകാരമുള്ള ലൈസൻസ് ഫീ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ലൈസൻസ് ഫീയിനത്തിൽ ഈടാക്കുവാനുള്ള തുക ഈടാക്കുന്നതിന് നടപടികൾ സ്വീകരിക്കേണ്ടതാണ്. അപേക്ഷകളിൽ വിറ്റുവരവ് മുതലായ വിവരങ്ങൾ ഉൾപ്പെടുത്തുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 2-10 തൊഴിൽ നികുതി അപാകങ്ങൾ

1) തൻവർഷം തൊഴിൽ നികുതി പിരിവ് ഡിമാന്റ് രജിസ്റ്റർ സൂക്ഷിപ്പിൽ താഴെപറയുന്ന അപാകതകൾ കാണുന്നു. 1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട് 257 ാം വകുപ്പ് പ്രകാരം സെക്രട്ടറി 253ാം വകുപ്പ് (2) ാം ഉപ വകുപ്പിൽ പറഞ്ഞിട്ടുള്ള ഓരോ സ്ഥാപനത്തിനും പ്രത്യേകം പേജുകൾ അനുവദിച്ചുകൊണ്ട് വാർഡ് തിരിച്ചുള്ള ഒരു ഡിമാന്റ് രജിസ്റ്റർ സൂക്ഷിക്കേണ്ടതാണ്.

എന്നാൽ 2016-17 വർഷം കച്ചവടക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച് ഡിമാന്റ് രജിസ്റ്റർ സൂക്ഷിച്ചിട്ടുണ്ടെങ്കിലും പൂർണ്ണമല്ല. സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നത് സംബന്ധിച്ച ഡിമാന്റ് രജിസ്റ്ററിൽ 253 (3) പ്രകാരം മുഴുവൻ ഓഫീസുകളുടേയും സ്ഥാപനങ്ങളുടേയും പേരുകൾ രജിസ്റ്റർ ചെയ്തിട്ടില്ല. തൊഴിൽ നികുതി പിരിവ് സംബന്ധിച്ച രജിസ്റ്ററുകളും ഫയലുകളും സൂക്ഷിക്കാത്തതിനു വിശദീകരണം നൽകുവാൻ ആവശ്യപ്പെട്ടു കൊണ്ട് നൽകിയ ഓഡിറ്റ് എൻക്വയറി നം-25 /28-10-2017-ന് മറുപടി ലഭ്യമായിട്ടില്ല.

2) ഡിമാൻറ് രജിസ്റ്റർ പൂർത്തീകരിച്ച് സംക്ഷിപ്തം തയ്യാറാക്കി വാർഷിക കണക്കുമായി പൊരുത്തപ്പെടുത്തി സെക്രട്ടറി സാക്ഷ്യപ്പെടുത്തിയിട്ടില്ല.

3) വാർഷിക കണക്കു പ്രകാരം കുടിശ്ശികയിനത്തിൽ 921962 വരവുണ്ടെന്ന് രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ കുടിശ്ശിക ഡിമാൻഡ് രജിസ്റ്റർ എഴുതി സൂക്ഷിക്കാത്തതിനാൽ ഇതിന്റെ കൃത്യത ഉറപ്പാക്കുവാൻ സാധിച്ചിട്ടില്ല.

4) തൊഴിൽ നികുതി- സ്ഥാപന രജിസ്റ്റർ പ്രകാരമുള്ള എല്ലാ സ്ഥാപനങ്ങളുടെയും ജീവനക്കാരുടെയും തൊഴിൽ നികുതി ഡിമാൻഡ് ചെയ്ത് ഈടാക്കിയിട്ടില്ല.

5) സ്ഥാപനങ്ങൾ സമർപ്പിക്കുന്ന തൊഴിൽ നികുതി റിട്ടേണുകൾ സെക്ഷൻ പരിശോധിച്ച് നികുതി അടവാക്കിയതിന്റെ കൃത്യത ഉറപ്പുവരുത്തുകയോ കുറവ് അടവാക്കിയത് ഈടാക്കുന്നതിന് നോട്ടീസ് നൽകുകയോ ചെയ്തിട്ടില്ല. പല റിട്ടേണുകളിലും ബോണസ്/ഉത്സവബത്ത, സറണ്ടർ എന്നിവ ഉൾപ്പെടുത്തുന്നില്ല. ഭാഗികമായോ. അപൂർണ്ണമായോ സമർപ്പിക്കുന്ന റിട്ടേണുകൾ പരിശോധിക്കുകയോ ടി സ്ഥാപനങ്ങളിൽ നിന്നും ചട്ട പ്രകാരമുള്ള റിട്ടേണുകൾ പുന:സമർപ്പിക്കാൻ ആവശ്യപ്പെടുകയോ ചെയ്തിട്ടില്ല.

6) വൈകി അടവാക്കുന്ന നികുതിയോടൊപ്പം പിഴ ഈടാക്കുന്നില്ല.

7) ട്രേഡേഴ്സിന്റെ തൊഴിൽ നികുതി ഈടാക്കുന്നുണ്ടെങ്കിലും കളക്ഷൻ തന്നെ ഡിമാന്റായി എടുത്തിരിക്കുന്നു. മുഴുവൻ ട്രേഡേഴ്സും ഡിമാന്റ് പരിധിയിൽ കൊണ്ടുവന്നിട്ടില്ല.

8) കച്ചവട സ്ഥാപനങ്ങളിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിൽ 2005-ലെ കേരള മുനിസിപ്പാലിറ്റി തൊഴിൽനികുതി ചട്ടങ്ങൾ ചട്ടം 3(2)3-ൽ പൊതു വിൽപ്പന നികുതി ആക്ട് അനുസരിച്ച് രജിസ്റ്റർ ചെയ്തിട്ടുള്ള കച്ചവട സ്ഥാപനങ്ങളിൽനിന്ന് അർദ്ധവർഷ തൊഴിൽ നികുതിയായി 1250/-ഈടാക്കേണ്ടതാണ്. ചട്ടം 3(2)11-ൽ അർദ്ധവാർഷിക വിറ്റുവരവ് 30000/-രൂപയിൽ താഴെയല്ലാത്ത പൊതു വിൽപ്പന നികുതി നിയമപ്രകാരം രജിസ്റ്റർ ചെയ്തിട്ടില്ലാത്ത ചെറുകിട കച്ചവടക്കാരുടെ സംഗതിയിൽ അർദ്ധവാർഷിക തൊഴിൽ നികുതിയായി 1250/-രൂപയും

ഈടാക്കേണ്ടതാണ്. എന്നാൽ നിരവധി കച്ചവട സ്ഥാപനങ്ങൾ പ്രവർത്തിക്കുന്ന മുനിസിപ്പാലിറ്റി പരിധിയിലെ കച്ചവടക്കാരിൽ നിന്നും 1250/- കുറച്ച് സ്ഥാപനങ്ങളിൽ നിന്നും മാത്രമാണ് ഈടാക്കുന്നത്.

9) മിക്ക സ്ഥാപനങ്ങളും റിട്ടേൺ സമർപ്പിക്കുന്നത് നിശ്ചിത ഫോർമാറ്റിലല്ല.

## 2-11 സ്ഥാപന തൊഴിൽ നികുതി ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല

താഴെപ്പറയുന്ന സ്ഥാപനങ്ങളുടെ സ്ഥാപന തൊഴിൽ നികുതി അതോടൊന്നിച്ച് ചേർത്തിട്ടുള്ള കാലയളവിലേക്ക് ഡിമാന്റ് ചെയ്ത് ഈടാക്കിയിട്ടില്ല. വിശദവിവരം ചുവടെ കൊടുക്കുന്നു.

| ക്രമ നം | സ്ഥാപനം | അർദ്ധ വർഷങ്ങൾ |
|---|---|---|
| 1 | സ്റ്റീൽ ഇൻഡസ്ട്രി | I & II |
| 2 | കോ.ഓപ്പറേറ്റീവ് അർബൻ ബാങ്ക്, ഒറ്റപ്പാലം | I & II |
| 3 | കോ.ഓപ്പറേറ്റീവ് അർബൻ ബാങ്ക്, ഒറ്റപ്പാലം (morning &eve) | I & II |
| 4 | കോ.ഓപ്പറേറ്റീവ് അർബൻ ബാങ്ക്, main branch | I & II |
| 5 | എൽ.ഐ.സി,ഒറ്റപ്പാലം | I & II |
| 6 | ന്യൂ ഇൻഡ്യ ഇൻഷ്വറൻസ് | I & II |
| 7 | മുത്തൂറ്റ് ഫിനാൻസ്,ഒറ്റപ്പാലം | I & II |
| 8 | ശക്തി ഫിനാൻസ്,ഒറ്റപ്പാലം | I & II |
| 9 | യുണൈറ്റഡ് ഇൻഡ്യ ഇൻഷ്വറൻസ് ഒറ്റപ്പാലം | I & II |
| 10 | കേരള ഗ്രാമീൺ ബാങ്ക് ഒറ്റപ്പാലം | I & II |
| 11 | റിലയൻസ് ലൈഫ് ഇൻഷ്വറൻസ് | I & II |
| 12 | മുത്തൂറ്റ് സെക്യൂരിറ്റീസ്, ഒറ്റപ്പാലം | I & II |
| 13 | ശ്രീരാമകൃഷ്ണ കേ.ഓപ്പറേറ്റീവ് ബാങ്ക്, ഒറ്റപ്പാലം | I & II |
| 14 | ഐ.സി.ഐ.സി.ഐ | I & II |

മേൽ സ്ഥാപനങ്ങളിൽ നിന്നും സ്ഥാപന തൊഴിൽ നികുതി ഈടാക്കേണ്ടതാണ്. ഇത് സംബന്ധിച്ച

നൽകിയ ഓഡിറ്റ് എൻക്വയറി നം.25-28.10.2017-ന് മറുപടി ലഭ്യമാക്കിയിട്ടില്ല.

## 2-12 ഷോപ്പിങ്ങ് കോംപ്ലക്സ്-ലേലംകൊണ്ട വ്യക്തികൾ വാടക അടവാക്കിയിട്ടില്ല-നഷ്ടം-33750/-

നഗരസഭയുടെ ഉടമസ്ഥതയിലുള്ള വിവിധ കെട്ടിടങ്ങളിലെ കടമുറികൾ ലേലംകൊണ്ട വ്യക്തികൾ വാടകയിനത്തിൽ തൻ വർഷത്തിൽ 33750/-കുടിശ്ശിക വരുത്തിയിരിക്കുന്നതായി രജിസ്റ്റർ പരിശോധനയിൽ ബോദ്ധ്യപ്പെട്ടു. വിശദാംശങ്ങൾ താഴെ പട്ടികയിൽ ചേർത്തിട്ടുണ്ട്.

| ക്രമ നം | റൂം നം. | വാടകക്കാരന്റെ പേര് | കാലയളവ്/ പ്രതിമാസ വാടക | പിഴപലിശ | ആകെ |
|---|---|---|---|---|---|
| 1 | 8/1269 | രവീന്ദ്രൻ. ഡി | 03/17<br>11577 | 1621 | 13198 |
| 2 | 8/1278 | കൃഷ്ണദാസ് എം എസ് | 03/17<br>4595 | 2491 | 7086 |
| 3 | 8/1281 | ഫിറോസ്.കെ | 03/17<br>4246 | 594 | 4840 |
| 4 | 8/1261 | ലീഡർ,സെക്രട്ടറി | 02/17,03/17<br>2815*2=5630 | 450 | 6080 |
| 5 | Room-5 | മനോഹരൻ.കെ | 02/17,03/17<br>475*2=950 | 76 | 1026 |
| 6 | Room-8 | പി വി ഹംസ | 01/17,02 /17,03/17<br>475*3=1425 | 95 | 1520 |
| | | ആകെ - | | 33750 | |

ടി വ്യക്തികളിൽ നിന്നും വാടകയിനത്തിൽ ഈടാക്കുവാനുള്ള കുടിശ്ശിക 33750/- രൂപ ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 2-13 ജീവനക്കാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല

തൊഴിൽ നികുതി രജിസ്റ്റർ പരിശോധിച്ചതിൽ താഴെപ്പറയുന്ന സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും രണ്ട് അർദ്ധ വർഷങ്ങളിലേയും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.

| ക്രമ നം | സ്ഥാപനം | അർദ്ധ |
|---|---|---|

| | | വർഷങ്ങൾ |
|---|---|---|
| 1 | സ്റ്റീൽ ഇൻഡസ്ട്രീസ് | I & II |
| 2 | കെൽക്കോ ഓടിറ്റോറിയം | I & II |
| 3 | എൻ.ഐ.ഐ.ടി | I & II |
| 4 | നിള ബെക്ക് ഹൗസ് | I & II |
| 5 | നിള കാറ്ററിങ്ങ് | I & II |
| 6 | ശക്തി ഫിനാൻസ് | I & II |
| 7 | ഗ്രാന്റ്വ മോട്ടോർസ് | I & II |
| 8 | ലക്ഷമി വസ്ത്രാലയ | I & II |
| 9 | കേയത്ത് കാറ്ററിങ്ങ് | I & II |
| 10 | അഞ്ജലി കാറ്ററിങ്ങ് | I & II |
| 11 | സൂര്യ കാറ്ററിങ്ങ് | I & II |

മേൽ സ്ഥാപനങ്ങളിലെ ജീവനക്കാരിൽ നിന്നും നിയമാനുസൃത തൊഴിൽ നികുതി ഈടാക്കേണ്ടതാണ്.

## **2-14** <u>മരാമത്ത് പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കിയിട്ടില്ല.</u>

2005 ലെ കേരള മുൻസിപ്പാലിറ്റി (തൊഴിൽ നികുതി) ചട്ടങ്ങളിലെ ചട്ടം3(2) പ്രകാരം നഗരസഭാ പരിധിയിൽ മരാമത്ത് പ്രവൃത്തി ഏറ്റെടുക്കുന്ന കരാറുകാരിൽ നിന്നും അർദ്ധവാർഷിക തൊഴിൽ നികുതി ചുമത്താവുന്നത് എത്രയായിരിക്കണം എന്നുള്ളത് വിശദീകരിച്ചിട്ടുണ്ട്. കരാറുകാരിൽ നിന്നും തൊഴിൽ നികുതി ഈടാക്കുന്നതിന് മുന്നോടിയായി തങ്ങളുടെ വരുമാന വിവരങ്ങൾ ലഭ്യമാക്കുവാൻ നഗരസഭയിൽ നിന്നും നോട്ടീസ് കരാറുകാർക്ക് നൽകിയിട്ടില്ല. നഗരസഭയിൽ രജിസ്റ്റർ ചെയ്തിട്ടുള്ള 44 അംഗീകൃത കരാറുകാരിൽ നിന്നും തൊഴിൽ നികുതി പിരിച്ചെടുത്തായി കാണുന്നില്ല. ആയത് പിരിച്ചെടുക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **2-15** <u>പരസ്യനികുതി- സർക്കാർ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.</u>

1. ഒറ്റപ്പാലം നഗരസഭയിൽ പരസ്യനികുതി പിരിവിനുള്ള ബൈലോ തയ്യാറാക്കി സർക്കാരിന്റെ അംഗീകാരം ലഭ്യമാക്കുന്നതിനുള്ള അടിയന്തിര നടപടികൾ സ്വീകരിക്കേണ്ടതാണ്. 2016-17-ൽ ബൈലോ കൗൺസിൽ അംഗീകരിക്കുകയും ആയത് നഗരസഭയുടെ വെബ്സൈറ്റിൽ

പ്രസിദ്ധീകരിക്കുകയും ചെയ്തിട്ടുണ്ടെങ്കിലും തുടർ നടപടികൾ സ്വീകരിച്ചിട്ടില്ല.

2. നിയമം അനുശാസിക്കുന്ന പ്രകാരം പരസ്യ ബോർഡുകളുടെ ഒരു ഡാറ്റാ ബാങ്ക് തയ്യാറാക്കി അടിസ്ഥാന തുക നിശ്ചയിച്ച് കൗൺസിൽ അംഗീകരിച്ചതിന് ശേഷം മാത്രം പരസ്യ നികുതി പിരിവിനുള്ള ലേല നടപടികൾ സ്വീകരിക്കേണ്ടതാണ്.

നഗരസഭാ പ്രദേശത്ത് പരസ്യങ്ങൾ പ്രദർശിപ്പിക്കുമ്പോൾ നിയമത്തിലേയും, സർക്കാർ ഉത്തരവുകളിലേയും, സർക്കുലറുകളിലേയും നിബന്ധനകൾ പാലിക്കുന്നുണ്ടെന്ന് നഗരസഭാ അധികൃതർ ഉറപ്പാക്കേണ്ടതാണ്.

3. പരസ്യനികുതിയിനത്തിലുള്ള വരവ് വർദ്ധിപ്പിക്കുന്നതിനുള്ള തുടർനടപടികൾ സ്വീകരിച്ച് ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. 2016-17 ൽ 242250/- മാത്രമാണ് ഈയിനത്തിൽ വരവുള്ളത്.

## 2-16 മാർക്കറ്റ് കം ഷോപ്പിംങ്ങ് കോംപ്ലക്സിൽ നിന്നും വരുമാനം വർദ്ധിപ്പിക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കണം

നഗരസഭയിലുള്ള മാർക്കറ്റ് കം ഷോപ്പിംങ്ങ് കോംപ്ലക്സിലുള്ള കടമുറികളുടെ വാടക രജിസ്റ്ററുകൾ പരിശോധിച്ചപ്പോൾ ചുവടെ പറയുന്ന കടമുറികൾ വാടകയ്ക്ക് കൊടുക്കാതെ പൂട്ടിയിട്ടിരിക്കുന്നതായാണ് രേഖപ്പെടുത്തലുകൾ ഉള്ളത്. പ്രസ്തുത കടമുറികൾ ലേലം/പുനർലേലം നടത്തിയിട്ടുണ്ടെങ്കിലും നിലവിലും ഒഴിഞ്ഞു കിടക്കുന്നതായി പരിശോധനയിൽ കണ്ടു. ടി മുറികൾ വാടകയ്ക്ക് കൊടുക്കുന്നതിന് വേണ്ട മറ്റു ഓഫറുകൾ നഗരസഭ മുന്നോട്ട് വെച്ചിട്ടുണ്ട്. ആയത് പരസ്യം ചെയ്തതിന്റെ അടിസ്ഥാനത്തിൽ നഗരസഭയുടെ ഓഫർ സ്വീകരിച്ച് കുറച്ച് പേർ അപേക്ഷ നൽകിയിട്ടുണ്ട്.

| ക്രമ നം | മാർക്കറ്റ് കം ഷോപ്പിംഗ് കോംപ്ലക്സ് | റിമാർക്ക്സ് |
|---|---|---|
| 1 | FF-04 | ഓഫർ ലഭിച്ചിട്ടുണ്ട്,<br>കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 2 | FF-03 | ഓഫർ ലഭ്യമായിട്ടില്ല |
| 3 | fF-08 | ഓഫർ ലഭിച്ചിട്ടുണ്ട്,<br>കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |

| | | |
|---|---|---|
| 4 | GF-09 | ഓഫർ ലഭിച്ചിട്ടുണ്ട്,<br>കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 5 | GF-1(SC/ST) | ഓഫർ ലഭിച്ചിട്ടുണ്ട്,<br>കൗൺസിലിന്റെ അംഗീകാരത്തിനായി സമർപ്പിച്ചിട്ടുണ്ട്. |
| 7 | BF-1 | നാലു തവണ ലേലം നടത്തിയിട്ടും ആരും ഓഫർ സമർപ്പിച്ചിട്ടില്ല |
| 8 | BF-2 | |
| 9 | BF-3 (SC/ST) | |
| 10 | BF-6 | |
| 11 | BF-7 | |
| 15 | BF-8 | |

ഓഡിറ്റ് എൻക്വയറി നം-15/24-10-17. ഈ മേഖലയിൽ നിന്നും വരുമാനം വർദ്ധിപ്പിക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# ഭാഗം-3

## ചെലവു കണക്കുകളിൻമേലുള്ള ഓഡിറ്റ് നിരീക്ഷണങ്ങൾ

## 3-1 കൃഷി ഓഫീസർ വിഭാവനം ചെയ്ത പദ്ധതി പൂർണ്ണമായി ലക്ഷ്യ പ്രാപ്തി കൈവരിച്ചിട്ടില്ല.

| | |
|---|---|
| പ്രോജക്ട് നം. | SO175/17 |
| പേര് | തരിശ് ഭൂമി കൃഷി ഇറക്കൽ (വനിത) |
| വികസന ഫണ്ട് | 2,00,000/- |
| ഗുണഭോക്തൃ വിഹിതം (നേരിട്ട് ചെലവഴിക്കുന്നത്) | 37,004/- |
| അടങ്കൽ | 2,37,004/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | കൃഷി ഓഫീസർ |

| ബിൽ നം. / തിയതി | ചെലവ് |
|---|---|

| ബിൽ നം. / തിയതി | ചെലവ് |
|---|---|
| CB(J)No.11/16-17/30/3/17 | 5,000/- |

വിഭാവനം ചെയ്തിട്ടുള്ള മേൽ സ്രോതസ്സിൽ നിന്നും താഴെ പറയുന്ന പ്രകാരം ചെലവ് നിർവ്വഹിച്ചിട്ടുണ്ട്.

2 ഗുണഭോക്താക്കൾക്ക് മാത്രമായി താഴെ പറയുന്ന പ്രകാരം നെൽകൃഷിക്കുള്ള കൂലിച്ചെലവ് സബ്സിഡിയായി തുക അനുവദിച്ചിട്ടുണ്ട് .

| ക്രമ നം. | ബാങ്ക് | ഗുണഭോക്താക്കളുടെ എണ്ണം | വിസ്തീർണ്ണം (ഹെക്ടർ) | തുക |
|---|---|---|---|---|
| 1 | കനറ ബാങ്ക്, ഒറ്റപ്പാലം. | 1 | 0.3014 | 1808/- |
| 2 | ഫെഡറൽ ബാങ്ക്, ഒറ്റപ്പാലം. | 1 | 0.532 | 3192/- |
| ആകെ | | | 0.8334 | 5000/- |

ഏക്കറിന് 6000/- രൂപയെന്ന നിരക്കിൽ നെൽകൃഷിക്കുള്ള കൂലിച്ചെലവ് സബ്സിഡി ലഭ്യമാക്കിയിട്ടുള്ള ഗുണഭോക്താക്കൾ സബ്സിഡി മാർഗ്ഗരേഖയിലേയും പദ്ധതി വിഭാവന പ്രകാരവുമുള്ള വ്യവസ്ഥകൾക്കനുസൃതമായി തെരഞ്ഞെടുത്തവരാണെന്ന് തെളിയിക്കുന്ന താഴെ പറയുന്ന രേഖ / സാക്ഷ്യപത്രം എന്നിവ ഹാജരാക്കുകയുണ്ടായില്ല :

1. കുറഞ്ഞത് 10 സെന്റ് സ്ഥലത്തെങ്കിലും കൃഷി ചെയ്തിട്ടുള്ള കർഷകർ
2. മറ്റ് സ്കീം പ്രകാരം മേൽ ആനുകൂല്യം അനുവദിക്കപ്പെട്ടിട്ടില്ല എന്ന് സ്ഥിരീകരിക്കുന്ന നിർവ്വഹണ ഉദ്യോഗസ്ഥൻ സാക്ഷ്യപ്പെടുത്തിയ രേഖ ഫയലിൽ സൂക്ഷിച്ചിട്ടില്ല.

പദ്ധതി വിഭാവന ചെയ്ത പ്രകാരം കൈവരിക്കുവാൻ ഉദ്ദേശിച്ച ലക്ഷ്യം താഴെ പറയുന്ന പ്രകാരമാണ് :

1.കൃഷിഭവൻ പരിധിയിലുള്ള ഒട്ടനവധി സ്ഥലങ്ങൾ തരിശായി കിടക്കുന്നത് ഒഴിവാക്കുവാൻ പ്രോത്സാഹന തുക നൽകി നെൽകൃഷി ഇറക്കി ഭക്ഷ്യ ഉൽപ്പാദനം കൂട്ടുന്നു.

2.തൊഴിൽ ദിനങ്ങൾ വർദ്ധിപ്പിക്കുന്നു.

3.നെല്ല് അധികമായി ഉൽപ്പാദിപ്പിക്കുന്നു.

4.വിത്ത് 100% സബ്സിഡി പ്രകാരം വിതരണം ചെയ്യുന്നു.

5.കൂലി ചെലവ് ഏക്കറിന് 6000/- രൂപ നിരക്കിൽ നൽകുന്നു.

6.കുമ്മായം, ജൈവവളം, എന്നിവ പെർമിറ്റ് നൽകി സഹകരണ സ്ഥാപനം മുഖാന്തിരം നൽകുന്നു.

മേൽ സൂചിത ലക്ഷ്യങ്ങളിൽ ക്രമ നം.5ൽ കൊടുത്തിരിക്കുന്നത് പ്രകാരം 2 ഗുണഭോക്താക്കൾക്ക് മാത്രം കൂലി ചെലവ് സബ്സിഡി അനുവദിക്കുകയല്ലാതെ മറ്റ് ലക്ഷ്യങ്ങൾ ഒന്നും തന്നെ കൈവരിച്ചിട്ടില്ലായെന്ന് മേൽ സൂചിത വിവരങ്ങളിൽ നിന്നും മനസ്സിലാക്കാവുന്നതാണ്.

24.10.2017-ലെ ഓഡിറ്റ് അന്വേഷണ നം.9 മുഖേന ആയതിനുള്ള വിശദീകരണം രേഖാമൂലം ഓഡിറ്റിന് ഹാജരാക്കുവാനായി ആവശ്യപ്പെട്ടിരുന്നു. കാലവർഷത്തിന്റെ കുറവും കടുത്ത വരൾച്ചയും കർഷകരെ ഈ പദ്ധതയിൽ നിന്നും അകലത്തിൽ നിൽക്കുവാൻ പ്രേരിപ്പിച്ചുവെന്നാണ് നിർവ്വഹണ ഉദ്യോഗസ്ഥൻ രേഖാമൂലം വിശദീകരിച്ചിട്ടുള്ളത്. ഇത്തരം പദ്ധതി വിഭാവനം ചെയ്യപ്പെടുന്ന വേളയിൽ പദ്ധതിയുടെ സുഗമമായ നിർവ്വഹണം ഉറപ്പ് വരുത്തുന്നതിന് ഉതകുന്ന എല്ലാ ഘടകങ്ങളും പരിശോധിച്ച് ഉറപ്പ് വരുത്തേണ്ടതാണ്. ഭാവിയിൽ ഇത്തരം സാഹചര്യം സൃഷ്ടിക്കപ്പെടാതിരിക്കുവാൻ ശ്രദ്ധിക്കേണ്ടതാണ്.

## 3-2 മാർഗ്ഗദീപ്തി ചാരിട്ടബിൾ ട്രസ്റ്റിന് പൂർണ്ണമായി മരുന്നുകൾ ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | SOO52/17 |
| പേര് | മാർഗ്ഗദീപ്തി ചാരിട്ടബിൾ ട്രസ്റ്റിന് മരുന്ന് വാങ്ങൽ |
| അടങ്കൽ (വികസന ഫണ്ട്) | 1,00,000/- |
| ബിൽ നം./ തിയതി | ചെലവ് |
| 29/16-17/30/3/17 | 1,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ,<br>താലൂക്ക് ആശുപത്രി |

മാർഗ്ഗദീപ്തി ചാരിട്ടബിൾ ട്രസ്റ്റിന് മരുന്നുകൾ ലഭ്യമാക്കുവാനായി കെ.എം.എസ്.സി.എൽ.ലേക്ക് താഴെ പറയുന്ന പ്രകാരം 1,00,000/- രൂപ അനുവദിച്ചിട്ടുണ്ട് :

| ഡി.ഡി.നം. / തിയതി | തുക |
|---|---|
| 342330/18.5.17 | 2,000/- |
| 342331/18.5.17 | 49,000/- |

| | |
|---|---|
| 342332/18.5.17 | 49,000/- |
| ആകെ | 1,00,000/- |

a)മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള ഇൻഡൻറ്റ് സമർപ്പിക്കുന്നതിന് മുമ്പ് പ്രസ്തുത മരുന്നുകൾക്കുള്ള നോൺ അവൈബിലിറ്റി സർട്ടിഫിക്കറ്റ് ജില്ലാ മെഡിക്കൽ ഓഫീസറിൽ നിന്നും വാങ്ങിയിട്ടില്ല. മേൽ തുകയിൽ കെ.എം.എസ്.സി.എൽ. 85,435/- രൂപയുള്ള മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി തുകയായ 14,565/- രൂപയുള്ള മരുന്നുകൾ വിതരണം ചെയ്യാത്തതിനും ആയത് ലഭ്യമാക്കുവാനായി നിർവ്വഹണ ഉദ്യോഗസ്ഥൻ സ്വീകരിച്ച നടപടികളും ഓഡിറ്റിന് ഹാജരാക്കുവാനായി 25.10.17 ലെ അന്വേഷണ നം.17 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള വിശദീകരണം ഓഡിറ്റ് വേളയിൽ ഹാജരാക്കുകയുണ്ടായില്ല. കെ.എം.എസ്.സി.എലിൽ നിന്നും മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തി മരുന്നുകളുടെ വിശദവിവരങ്ങൾ അടങ്ങുന്ന സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

b)മാർഗ്ഗദീപ്തി ചാരിട്ടബിൾ ട്രസ്റ്റിന് ലഭ്യമാക്കിയ 85,435/- രൂപയുള്ള മരുന്നുകളുടെ വിശദവിവരങ്ങൾ അടങ്ങിയ സ്റ്റോക്ക് രജിസ്റ്റർ പരിശോധിച്ചതിൽ നിന്നും രേഖപ്പെടുത്തലുകളിൽ താഴെ പറയുന്ന വ്യത്യാസങ്ങൾ ഉണ്ടെന്ന് പരിശോധനയിൽ ബോദ്ധ്യപ്പെട്ടു :

ഇൻവോയ്സ് നം.17939 തിയതി :19/6/17

| മരുന്നിന്റെ പേര് | ബിൽ പ്രകാരം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം | വ്യത്യാസം | റേറ്റ് യൂണിറ്റ് | ആകെ വില |
|---|---|---|---|---|---|
| റിസ്ഡോൺ -4 m.g | 800 | 1000 | 200 | | |
| റെസ്പ്പരിഡോൺ –2 m.g | 100 | 500 | 400 | | |
| നൈടാവെറ്റ് 10 m.g | 1800 | 2000 | 200 | | |
| മസിറ്റോൾ 400 m.g | 1800 | 2000 | 200 | | |
| അറ്റിവാൻ 1 m.g | 830 | 1000 | 170 | | |
| റെസ്റ്റിൽ 05 m.g | 1500 | 2000 | 500 | | |
| ലാമെറ്റെക്ക് ഡി.റ്റി. 100 m.g | 1500 | 2000 | 500 | | |

| | | | | | |
|---|---|---|---|---|---|
| ലെവര 250 m.g | 1000 | 300 | 700 | 4.50 | 3150 |

ഇൻവോയ്സ് നം.38342തിയതി :29/9/17

| മരുന്നിന്റെ പേര് | ബിൽ പ്രകാരം | സ്റ്റോക്ക് രജിസ്റ്റർ പ്രകാരം | വ്യത്യാസം | റേറ്റ് യൂണിറ്റ് | ആകെ വില |
|---|---|---|---|---|---|
| റെസ്പ്പരിഡോൺ - 2 m.g | 1760 | 1000 | 760 | 0.28 | 213 |
| ക്ളോൻസിഫാം 0.5 m.g | 1520 | 2000 | 480 | | |
| എപ്പോയിൻ 100 m.g | 24 | 2000 | 1976 | | |
| ഒളിയാൻസിപ്പിൻ 5 m.g | 1490 | 2000 | 510 | | |
| ക്ളോസാപ്പിൻ 100 m.g | 1470 | 1000 | 470 | 1.67 | 785 |
| ട്രിക്സിഫെനിഡിൽ | 1500 | 2000 | 500 | | |
| ലിത്തോസൻ 400 m.g | 200 | 415 | 215 | | |
| ക്ളോർഡിസൈ ഫോക്സൈഡ് | 760 | 780 | 20 | | |
| ആകെ | | | | | 998 |

സ്റ്റോക്ക് രജിസ്റ്ററിലെ രേഖപ്പെടുത്തലുകളിൽ സംഭവിച്ച മേൽ വ്യത്യാസങ്ങൾക്കുള്ള വിശദീകരണം രേഖാമൂലം ഓഡിറ്റിന് ഹാജരാക്കുവാനായി 25.10.17-ലെ അന്വേഷണ നം.17 പ്രകാരം ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള മറുപടി ഹാജരാക്കുകയുണ്ടായില്ല. മേൽ സാഹചര്യത്തിനുള്ള വിശദീകരണത്തോടൊപ്പം ശരിയായ രേഖപ്പെടുത്തലുകൾ സഹിതം സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. അല്ലാത്തപക്ഷം ലഭ്യമായ മരുന്നുകളിലെ 4148/-രൂപ (3150 + 998) ഉത്തരവാദിയായ ഉദ്യോഗസ്ഥിൽ നിന്നും ഈടാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-3 താലൂക്ക് ആശുപത്രിയിലേക്കായി വാങ്ങിയ എയർ ബെഡ്, വാക്കർ എന്നിവയുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കിയില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | SOO59/17 |
| പേര് | താലൂക്ക് ആശുപത്രിയിലേക്ക് എയർ ബെഡ്, വാക്കർ എന്നിവ |

| | |
|---|---|
| | വാങ്ങൽ |
| അടങ്കൽ (വികസന ഫണ്ട്) | 1,00,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥർ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |
| ബിൽ നം. / തിയതി | ചെലവ് |
| 4/16-17/21/3/17 | 41,030/- |
| 25/16-17/25/3/17 | 3,656/- |
| 33/16-17/30/3/17 | 39,984/- |
| ആകെ | 84670/- |

താല്ലൂക്ക് ആശുപത്രിയിലേക്ക് എയർ ബെഡ്, വാക്കർ എന്നിവ വാങ്ങിയതിന്റെ വിശദവിവരങ്ങൾ അടങ്ങിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കുവാനായി 27.10.17 ലെ അന്വേഷണ നം.21 പ്രകാരം ആവശ്യപ്പെട്ടിരുന്നുവെങ്കിലും ഓഡിറ്റ് വേളയിൽ ഹാജരാക്കുകയുണ്ടായില്ല. രോഗികൾക്കുള്ള സേവനം മെച്ചപ്പെടുത്തുവാനായി വാങ്ങിയ മേൽ ഇനങ്ങളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയത് വരെ ഇതിലേക്കായി ചെലവായ 84,670/- രൂപ തടസ്സപ്പെടുന്നു.

## 3-4 വിഭാവനം ചെയ്ത പദ്ധതി നിർവ്വഹിച്ചിട്ടില്ല.

വ്യവസായ വികസന ഓഫീസർ മുഖേന നിർവ്വഹണം നടത്തുന്നതിനായി വിഭാവനം ചെയ്ത താഴെ പറയുന്ന പദ്ധതി നിർവ്വഹിച്ചിട്ടില്ല.

| | |
|---|---|
| പ്രൊജക്റ്റ് നം. | SO 17/16-17 |
| പേര് | പട്ടിക ജാതി വനിതകൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിന് ധനസഹായം |
| അടങ്കൽ | 2,50,000/-(എസ്.സി.പി)., 7,50,000/-(മറ്റുള്ളവ) ആകെ-10,00,000/- |

നഗരസഭയുടെ പ്രവർത്തന പരിധിയിൽ പരമ്പരാഗത വ്യവസായങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ആവശ്യമായ പദ്ധതികളും, വനിതകളടക്കം തൊഴിൽ രാഹിത്യത്തിന്റെ പ്രതിസന്ധികൾ അനുഭവിക്കുന്ന ഈ കാലഘട്ടത്തിൽ ലഭ്യമാകുന്ന വിഭവ സ്രോതസ്സുകൾക്കനുസൃതമായി ചെറുകിട വ്യവസായ സംരംഭങ്ങളെ പ്രോത്സാഹിപ്പിക്കുന്നതിന് ഉതകുന്ന തരത്തിലുള്ള പദ്ധതികൾ ഏറ്റെടുത്ത്

നിർവ്വഹിക്കേണ്ടതുണ്ട്. മേൽ പദ്ധതി പ്രകാരം പട്ടികജാതി വനിതകൾക്ക് ഓട്ടോറിക്ഷ വാങ്ങുന്നതിനുള്ള ധനസഹായം അർഹതയുള്ളവർക്ക് അനുവദിച്ചിരുന്നുവെങ്കിൽ തൊഴിൽ രാഹിത്യത്തിന്റെ കാഠിന്യമനുഭവിക്കുന്ന വനിതകൾക്ക് ആയത് ലഘൂകരിക്കുവാൻ സഹായമാകുമായിരുന്നു. സൂചിത പ്രൊജക്റ്റ് വ്യവസായ വികസന ഓഫീസറുടെ സേവനം ലഭ്യമായിട്ടും നടപ്പിലാക്കാത്തതിനുള്ള വിശദീകരണം 24.10.17ലെ അന്വേഷണ നം.14 മുഖേന ഓഡിറ്റിന് ലഭ്യമാക്കുവാൻ ആവശ്യപ്പെട്ടിരുന്നു. ആയതിനുള്ള മറുപടിയിൽ അനുയോജ്യരായ ഗുണഭോക്താക്കളുടെ ലിസ്റ്റ് ലഭിക്കാത്തതിനാലാണ് പ്രോജക്റ്റ് നിർവ്വഹിക്കുവാൻ കഴിയാതെ വന്നതെന്നാണ് വ്യക്തമാക്കിയിട്ടുള്ളത്. പദ്ധതി രൂപീകരണ വേളയിൽ തന്നെ വിഭാവനം ചെയ്ത പ്രകാരമുള്ള ലക്ഷ്യങ്ങൾ കൈവരിക്കുവാൻ ഉതകുന്ന വിധത്തിലുള്ള എല്ലാ ഘടകങ്ങളും ഉറപ്പ് വരുത്തേണ്ടതാണ്. വിവിധ തൊഴിൽ രംഗങ്ങളിലെ പ്രാദേശിക വിദഗ്ധരെ വർക്കിംഗ് ഗ്രൂപ്പിൽ ഉൾപ്പെടുത്തി ഈ സാധ്യതകളെ കുറിച്ച് നഗരസഭയ്ക്ക് വ്യക്തമായ ഒരു നയം രൂപീകരിക്കാവുന്നതാണ്. ചെറുകിട വ്യവസായ മേഖലയിലെ നിർവ്വഹണ സംവിധാനത്തിന്റെ പോരായ്മകൾ നഗരസഭ വിലയിരുത്തേണ്ടതാണ്.

## 3-5 സമഗ്ര സാന്ത്വന പരിചരണ പദ്ധതി ആവശ്യങ്ങൾക്കായി ലഭ്യമാക്കിയ മരുന്നുകളുടെ സ്റ്റോക്ക് രജിസ്റ്റർ ഹാജരാക്കുകയുണ്ടായില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | SOO44/17 |
| പേര് | സമഗ്ര സാന്ത്വന പരിചരണ പദ്ധതി |
| അടങ്കൽ (വികസന ഫണ്ട്) | 7,00,000/- |
| ബിൽ നം. / തിയതി | ചെലവ് |
| 28/16-17/30/3/17 | 2,21,177/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |

മേൽ വിഹിതത്തിൽ ഉൾപ്പെട്ട 1,87,000/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാനായി നിർവ്വഹണ ഉദ്യോഗസ്ഥൻ കെ.എം.എസി.സി.എൽ ലേക്ക് താഴെ പറയും പ്രകാരം നൽകിയിട്ടുണ്ട്.

| ഡി.ഡി.നം./തിയതി | തുക |
|---|---|

| | |
|---|---|
| 342324/17.5.17 | 49,000/- |
| 342325/17.5.17 | 49,000/- |
| 342326/17.5.17 | 49,000/- |
| 342329/18.5.17 | 40,000/- |
| ആകെ | 1,87,000/- |

മേൽ തുകയ്ക്കുള്ള മരുന്നുകളുടെ പ്രോഫോർമ സമർപ്പിക്കുന്നതിന് മുമ്പ് പ്രസ്തുത മരുന്നുകൾക്കുള്ള നോൺ അവൈലബിലിറ്റി സർട്ടിഫിക്കറ്റ് മെഡിക്കൽ ഓഫീസറിൽ നിന്നും വാങ്ങിയിട്ടില്ല. മേൽ തുകയ്ക്കുള്ള മരുന്നുകളുടെ വിശദവിവരങ്ങൾ അടങ്ങിയ സ്റ്റോക്ക് രജിസ്റ്റർ 25.10.17ലെ അന്വേഷണ നം.17 മുഖേന ഹാജരാക്കുവാൻ ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റ് വേളയിൽ പരിശോധനയ്ക്കായി ഹാജരാക്കുകയുണ്ടായില്ല. ആയത് ഓഡിറ്റിന് ഹാജരാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. ആയത് വരെ ഇതിലേക്കായി ചെലവായ 1,87,000/- രൂപ ഓഡിറ്റ് തടസ്സപ്പെടുത്തുന്നു.

## 3-6 ഡയാലിസിസ് ലാബ് റീ ഏജന്റ്സ് വാങ്ങുവാനായി സ്വീകരിച്ച നടപടിക്രമങ്ങളിലെ സങ്കീർണ്ണത ഒഴിവാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം. | SOO67/17 |
| പേര് | ആശുപത്രിയിലേക്ക് ഡയാലിസിസ് ലാബ് റീ ഏജന്റ്സ് വാങ്ങൽ |
| അടങ്കൽ (മെയിന്റനൻസ്, റോഡിതരം) | 17,00,000/- |

| ക്രമ. നം. | ബിൽ നം. / തിയതി | ചെലവ് | കുറിപ്പുകൾ |
|---|---|---|---|
| 1 | 5/16-17/ 21/3/17 | 7560/- | റീക്കുപ്പിംഗ് |
| 2 | 6/16-17/ 21/3/17 | 55,903/- | പ്രൊപ്രൈറ്ററി |
| 3 | 7/16-17/ 21/3/17 | 16,240/- | ,, |
| 4 | 8/16-17/ 21/3/17 | 10,757/- | റീക്കുപ്പിംഗ് |

| ക്രമ. നം. | ബിൽ നം. / തിയതി | ചെലവ് | കുറിപ്പുകൾ |
|---|---|---|---|
| 5 | 9/16-17/ 21/3/17 | 16,007/- | ,, |
| 6 | 10/16-17/ 21/3/17 | 8,043/- | ,, |
| 7 | 11/16-17/ 21/3/17 | 25,86,89/- | ടെണ്ടർ/ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 8 | 12/16-17/ 21/3/17 | 98,396/- | ,, |
| 9 | 14/16-17/ 25/3/17 | 20,442/- | പ്രൊപ്രൈറ്ററി |
| 10 | 15/16-17/ 25/3/17 | 69,972/- | പ്രൊപ്രൈറ്ററി |
| 11 | 16/16-17/ 25/3/17 | 1,355/- | റീക്ലപ്പിംഗ് |
| 12 | 17/16-17/ 25/3/17 | 64,838/- | പ്രൊപ്രൈറ്ററി |
| 13 | 19/16-17/ 25/3/17 | 1,46,645/- | ടെണ്ടർ/ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| 14 | 20/16-17/ 25/3/17 | 1,86,037/- | ,, |
| 15 | 23/16-17/ 25/3/17 | 4,50,590/- | ,, |
| 16 | 30/16-17/ 30/3/17 | 6,930/- | ലോക്കൽ പർച്ചേസ് |
| 17 | 31/16-17/ 30/3/17 | 16,789/- | ടെണ്ടർ/ക്വട്ടേഷൻ രേഖകൾ ഹാജരാക്കിയിട്ടില്ല. |
| | ആകെ | 14,35,193/- | |

ചില ഡയാലിസിസ്/ലാബ് റീ ഏജന്റുകൾ പ്രൊപ്രൈറ്ററി ആയതിനാൽ ടി ഏജന്റുകൾ മാത്രമേ ആശുപത്രിയിലെ ചില മെഷിനുകളിൽ പ്രവർത്തിക്കുകയുള്ളൂ. ആയതിനാൽ ചുരുക്കം ചില സ്ഥാപനങ്ങളിൽ നിന്നും ഇത്തരം റീ ഏജന്റുകൾ നേരിട്ട് വാങ്ങാവുന്നതാണെന്ന് ഉത്തരവാദിയായ ഉദ്യോഗസ്ഥൻ ഓഡിറ്റ് വേളയിൽ വിശദീകരിക്കുകയുണ്ടായി. കൂടാതെ ചില റീ ഏജന്റുകൾ നിരന്തരമായി ആവശ്യമുള്ളതിനാലും ഒന്നിച്ച് വാങ്ങുന്നതിന് സാങ്കേതിക തടസ്സങ്ങൾ ഉള്ളതിനാലും

ക്വട്ടേഷൻ പരിധിക്ക് താഴെ വാങ്ങൽ നടത്തിയതിന്റെ ബിൽ തുകകൾ ആശുപത്രി ഫണ്ടിലേക്ക് തിരികെ റീക്ലൂപ്പ് ചെയ്തതായും രേഖാമൂലം അറിയിച്ചിട്ടുണ്ട്.

മേൽ പട്ടികയിൽ കൊടുത്തിരിക്കുന്ന ബില്ലുകളിലൂടെ മാറിയ തുകയ്ക്ക് വാങ്ങിയ ഡയാലിസിസ്/ലാബ് റീ ഏജന്റുകളുടെ വിശദവിവരങ്ങൾ രേഖപ്പെടുത്തിയ സ്റ്റോക്ക് രജിസ്റ്റർ 27.10.17-ലെ അന്വേഷണ നം.21പ്രകാരം ആവശ്യപ്പെട്ടെങ്കിലും ഓഡിറ്റിന് ഹാജരക്കുകയുണ്ടായില്ല. ആയത് ഹാജരാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

ക്രമ നം.15-ൽ കാണിച്ചിരിക്കുന്ന 25.3.17-ലൂടെ മാറിയ ബിൽ നം.23 ലെ തുകയായ 4,50,590/- രൂപയിൽ റീ ഏജന്റസ് വാങ്ങുവാനായി ക്ഷണിച്ച ടെൻഡറിൽ ഉൾപ്പെടാത്ത 750pcs ഡയാലിസിസ് ഡ്രസിംഗ് കിറ്റ് 17497.50/- രൂപയ്ക്ക് ട്രിനിറ്റി ഫാർമസ്യൂട്ടിക്കൽസിൽ നിന്നും 14.3.17-ലെ ഇൻവോയ്സ് നം.T/8B/16-17 പ്രകാരം വാങ്ങിയിട്ടുണ്ട്.

മേൽ പട്ടികയിലുൾപ്പെടുന്ന താഴെ പറയുന്നവ വാങ്ങുവാനായി സ്വീകരിച്ച ടെൻഡർ/ക്വട്ടേഷൻ നടപടികൾക്കാധാരമായ രേഖകൾ ഓഡിറ്റിന് ഹാജരാക്കുകയുണ്ടായില്ല :

| ക്രമ നം. | ബിൽ തുക | ടെൻഡർ / ക്വട്ടേഷൻ |
|---|---|---|
| 7 | 2,58,689/- | ഹാജരാക്കിയിട്ടില്ല |
| 17 | 16,789/- | ,, |
| 13 | 1,46,645/- | ,, |

മേൽ സൂചിത പട്ടികയിൽ കാണിച്ചിരിക്കുന്ന വിധത്തിൽ വിവിധ ബില്ലുകളിലൂടെ തുക മാറി വിവിധ ക്വട്ടേഷൻ / ടെൻഡർ നടപടിക്രമങ്ങൾ സ്വീകരിക്കുന്നതിന് പകരം ഓരോ സാമ്പത്തിക വർഷാരംഭത്തിൽ തന്നെ ആശുപത്രിയിലെ നിരന്തര ആവശ്യങ്ങൾക്കായി വാങ്ങേണ്ടി വരുന്ന ഒരേ സ്വഭാവമുള്ള റീ ഏജന്റുകൾ എത്ര വരുമെന്ന് മുൻ കൂട്ടി നിർണ്ണയിക്കേണ്ടതാണ്. ഇത്തരത്തിൽ ഒരു വർഷത്തിൽ ആവശ്യമുള്ള എല്ലാ റീ ഏജന്റുകൾക്കും കൂടി തുക വകയിരുത്തി കെ.എം.സി.എലിന്റെ അംഗീകൃത കാലയളവിലെ റണ്ണിംഗ് കോൺട്രാക്ടിൽ ഉൾപ്പെട്ട സ്ഥാപനത്തിൽ നിന്നും റീ എജന്റ്സ് വാങ്ങുവാൻ ഭാവിയിൽ നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-7 സമഗ്ര സാന്ത്വന പരിചരണ പദ്ധതിയുടെ ഭാഗമായി ആയുർവേദ മരുന്നുകൾ പൂർണ്ണമായി ലഭ്യമായില്ല.

| | |
|---|---|
| പ്രോജക്റ്റ് നം. | SO44/17 |
| പേര് | സമഗ്ര സാന്ത്വന പരിചരണ പദ്ധതി |
| അടങ്കൽ (വികസന ഫണ്ട്) | 7,00,000/- |
| ബിൽ നം. / തിയതി | ചെലവ് |
| 21/16-17/25/3/17 | 50,000/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | മെഡിക്കൽ ഓഫീസർ, താലൂക്ക് ആശുപത്രി |

മേൽ സൂചിത പദ്ധതി പ്രകാരം ആയുർവ്വേദ മരുന്നുകൾ ലഭ്യമാക്കുവാനായി തൃശ്ശൂരിലെ ഔഷധി എന്ന സ്ഥാപനത്തിലേക്ക് താഴെ പറയും പ്രകാരം പദ്ധതി വിഹിതമായ 50,000/- രൂപ നിർവ്വഹണ ഉദ്യോഗസ്ഥൻ നല്കിയിട്ടുണ്ട് :

| ഡി.ഡി. നം./തിയതി | തുക |
|---|---|
| 342345/24/5/17 | 49,000/- |
| 342346/24/5/17 | 1,000/- |
| ആകെ | 50,000/- |

ഔഷധിക്ക് മരുന്നുകൾക്കായി നൽകിയ 50,000/-രൂപയിൽ 27,309/-രൂപയ്ക്കുള്ള മരുന്നുകൾ മാത്രമേ ലഭ്യമാക്കിയിട്ടുള്ളൂ. ബാക്കി തുകയായ 22,691/- രൂപയുടെ മരുന്നുകൾ നാളിത് വരെ ലഭ്യമായിട്ടില്ല. മേൽ സാഹചര്യത്തിനുള്ള വിശദീകരണം രേഖാമൂലം ലഭ്യമാക്കുവാനായി 27.10.17ലെ അന്വേഷണ നം.21 മുഖേന ആവശ്യപ്പെട്ടിരുന്നു. മരുന്ന് നിർമ്മാണത്തിനാവശ്യമായ ചില അസംസ്കൃത വസ്തുക്കളുടെ ദൗർലഭ്യം മരുന്ന് നിർമ്മാണത്തേയും വിതരണത്തേയും പ്രതികൂലമായി ബാധിച്ചതിനലാണ് മരുന്നകൾ യഥാസമയം വിതരണം ചെയ്യുവാൻ കഴിയാതെ പോയതെന്ന് ഔഷധി രേഖാമൂലം അറിയിച്ചത് ഓഡിറ്റ് വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ സമർപ്പിക്കുകയുണ്ടായി. 22,691/-രൂപയുടെ മരുന്നുകൾ ലഭ്യമാക്കുവാനുള്ള നടപടികൾ ത്വരിതപ്പെടുത്തി ആയതിന്റെ വിശദവിവരങ്ങൾ അടങ്ങിയ സ്റ്റോക്ക് രജിസ്റ്റർ ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്.

## 3-8 കന്നുകുട്ടി പരിപാലന പദ്ധതി വിഹിതം അനുവദിച്ചതിനുള്ള ധനവിനിയോഗ രേഖ ഹാജരാക്കേണ്ടതാണ്.

| | |
|---|---|
| പ്രോജക്റ്റ് നം. | SOO83/17 |
| പേര് | പ്രത്യേക കന്നുകുട്ടി പരിപാലന |

| | |
|---|---|
| | പദ്ധതി (2016-17) |
| ബിൽ നം./തിയതി | ചെലവ് |
| 5/16-17/29/3/17 | 3,81,250/- |
| നിർവ്വഹണ ഉദ്യോഗസ്ഥൻ | വെറ്ററിനറി സർജൻ |

അടങ്കൽ :

| | | |
|---|---|---|
| സംസ്ഥാനാവിഷ്കൃത ഫണ്ട് | 25% | 6,25,000/- |
| വികസന ഫണ്ട് (പൊതു വിഭാഗം) | 25% | 6,25,000/- |
| ഗുണഭോക്തൃ വിഹിതം | 50% | 12,50,000/- |
| ആകെ | 100% | 25,00,000/- |

മേൽ പദ്ധതി വിഹിതത്തിൽ നിന്നും കന്നുകുട്ടി പരിപാലനത്തിനായി 61 ഗുണഭോക്താക്കൾക്ക് 6250/- രൂപ വീതം 3,81,250/- രൂപ ട്രഷറി മുഖേന പാലക്കാട്ടിലെ കാഫ് ഫീഡ് സബ്സിഡി പ്രോഗ്രാം അസിസ്റ്റന്റ് ഡയറക്ടർക്ക് സേവിംഗ്സ് ബാങ്ക് അക്കൗണ്ട് നം:714021400000008-ലേക്ക് കൈമാറിയിട്ടുണ്ട്. പദ്ധതി നിലവിൽ പൂർണ്ണമാവാത്തതിനാൽ പദ്ധതിയുടെ ധനവിനിയോഗ രേഖ ഓഡിറ്റ് വേളയിൽ നിർവ്വഹണ ഉദ്യോഗസ്ഥൻ ഹാജരാക്കുകയുണ്ടായില്ല. പദ്ധതി പൂർണ്ണമാവുന്ന മുറയ്ക്ക് ധനവിനിയോഗ രേഖ ഓഡിറ്റിന് ഹാജരാക്കുവാനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

## 3-9 ഹയർസെക്കന്ററി ഗുണനിലവാരം വർദ്ധിപ്പിക്കൽ - സർക്കാർ മാർഗ്ഗ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്

സർക്കാർ ഉത്തരവ് (എം.എസ്.) നം.4/2016/ത.സ്വ.ഭ.വ തിയ്യതി 11-1-2016 പ്രകാരമുള്ള തദ്ദേശഭരണസ്ഥാപനങ്ങളുടെ പദ്ധതി ആസൂത്രണവും സബ്സിഡിയും അനുബന്ധ വിഷയങ്ങളും സംബന്ധിച്ച മാർഗ്ഗരേഖ പ്രകാരം വിദ്യാഭ്യാസ ഗുണനിലവാരം വർദ്ധിപ്പിക്കുക, പഠന നിലവാരം ഉയർത്തുന്നതിന് വിദ്യാർത്ഥികൾക്കുള്ള പഠന സാമഗ്രികൾ എന്നിവ തയ്യാറാക്കൽ വിദ്യാഭ്യാസ വകുപ്പിന്റെ ചുമതലയിലായതിനാൽ ഇത്തരം പ്രവർത്തനങ്ങൾ ഏറ്റെടുക്കുന്നതിന് മുൻപ് സർക്കാരിൽ നിന്നും മുൻകൂർ അനുമതി വാങ്ങിക്കേണ്ടതാണെന്നും വ്യക്തമാക്കിയിട്ടുണ്ട്. എന്നാൽ മേൽ നിർദ്ദേശങ്ങൾക്കനുസൃതമായല്ല താഴെ പറയുന്ന പ്രൊജക്ട് നടപ്പിലാക്കിയിട്ടുള്ളത്

പ്രൊജക്ട് നമ്പർ 22/17 - ഹയർസെക്കന്ററി ഗുണനിലവാരം വർദ്ധിപ്പിക്കൽ

അടങ്കൽ - 150000 (വികസന ഫണ്ട്)

നിർവ്വഹണം - പ്രിൻസിപ്പാൾ, ജി.എച്ച്.എസ്.എസ്, ഒറ്റപ്പാലം

ബിൽ നം./തിയ്യതി - 2/24-12-2016, തുക - 60075

4/23-2-2017, തുക - 32000

--------

ആകെ - 92075

ഒറ്റപ്പാലം ഗവ:ഹയർസെക്കണ്ടറി സ്കൂളുകളിലെ വിദ്യാർത്ഥികൾക്ക് യൂണിറ്റ് ടെസ്റ്റ് നടത്തൽ, പുസ്തകങ്ങൾ/പഠന സഹായികൾ വാങ്ങൽ, ലഘു ഭക്ഷണം നൽകൽ എന്നിവക്കായാണ് തുക ചെലവഴിച്ചിരിക്കുന്നത്. ചെലവ് തുകയുടെ വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

| ക്രമ നം. | തുക | വൗച്ചർ/ഡി.ഡി നം. / തിയ്യതി | തുക കൈപ്പറ്റിയത് | റിമാർക്സ് |
|---|---|---|---|---|
| 1 | 20000 | 543890/9-1-2017 | ശ്രീമതി.പ്രസന്ന.എം, HSST കെമിസ്ട്രി | യൂണിറ്റ് ടെസ്റ്റ് നടത്തുന്നതിന് |
| 2 | 40075 | 543891/9-1-2017 | മാക്സിമം പബ്ലീഷേഴ്സ്, കൊരട്ടി | പഠന സഹായികൾ വാങ്ങുന്നതിന് |
| 3 | 32000 | ക്യാഷ് റസീപ്റ്റ് വൗച്ചർ നം. 3/15-2-2017 | ശ്രീമതി. പ്രഭാവതി.വി<br>വെള്ളിയാട് വീട്, ഒറ്റപ്പാലം | ലഘുഭക്ഷണ ചെലവ് |

സർക്കാർ നിർദ്ദേശങ്ങൾ പാലിക്കാതെ പദ്ധതി നടപ്പിലാക്കിയതിന് വിശദീകരണം ലഭ്യമാക്കുന്നതിന് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ (നം.12, തിയ്യതി -24-10-2017) മറുപടിയിൽ "ഹയർ സെക്കന്ററി വിഭാഗത്തിൽ 50 ശതമാനത്തിൽ താഴെയുള്ള വിദ്യാലയങ്ങൾക്ക് സർക്കാരിൽ നിന്നും നേരിട്ടു ധനസഹായം ലഭ്യമാകുന്നുവെങ്കിലും ബാക്കി വിദ്യാലയങ്ങൾക്ക് ഇത്തരം പരിപാടികൾ നടത്തുന്നതിന് നഗരസഭയെ ആശ്രയിക്കുകയേ നിവൃത്തിയുള്ളൂ എന്നും ഇതുമൂലം വിജയശതമാനം ഉയർത്താൻ കഴിഞ്ഞു എന്നുമാണ്." പദ്ധതി വിഹിതം ഉപയോഗിച്ച് പഠന സാമഗ്രികൾ തയ്യാറാക്കൽ, പഠനസഹായികൾ വാങ്ങൽ എന്നീ പ്രൊജക്ടുകൾ നടപ്പിലാക്കുമ്പോൾ സർക്കാർ മാർഗ്ഗരേഖാ പ്രകാരമുള്ള നിർദ്ദേശങ്ങൾ പാലിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

# 3-10 ഉത്തരവുകൾക്കനുസൃതമായി ടെന്റർ നടപടിക്രമങ്ങൾ പാലിക്കേണ്ടതാണ്

ഒറ്റപ്പാലം ഗവൺമെന്റ് ഹയർസെക്കണ്ടറി സ്കൂളിലെ പ്രിൻസിപ്പാൾ നിർവ്വഹിച്ച താഴെ പറയുന്ന പദ്ധതികളുടെ ടെന്റർ നടപടിക്രമങ്ങളിലെ അപാകതകളും അവയുടെ വിശദാംശങ്ങളും താഴെ ചേർക്കുന്നു.

എ) ഒറ്റപ്പാലം ഈസ്റ്റ് ജി.എച്ച്.എസ്.എസ് - ലാബ് സാമഗ്രികൾ വാങ്ങൽ

പ്രൊജക്ട് നം. 39/17 - ഒറ്റപ്പാലം ഈസ്റ്റ് ജി.എച്ച്.എസ്.എസ് ലാബ് സാമഗ്രികൾ വാങ്ങൽ

അടങ്കൽ - 100000 (വികസന ഫണ്ട്)

ബിൽ നം./തിയ്യതി - 3/23-2-2017, തുക – 100000

ഒറ്റപ്പാലം ഗവ.ഹയർ സെക്കന്ററി സ്കൂളിലേയ്ക്ക് ലാബ് സാമഗ്രികൾ വാങ്ങുന്നതിനായി ടെന്റർ ക്ഷണിച്ചതു പ്രകാരം ലഭിച്ച പ്രൊവസ് മാർക്കറ്റിംഗ് കമ്പനി, പാലപ്പുറം എന്ന സ്ഥാപനത്തിൽ നിന്നുമാണ് ലാബ് സാമഗ്രികൾ വാങ്ങിയിട്ടുള്ളത് (ഇൻവോയ്സ് നം.208/3-2-17/89560, 209/3-2-17/10440). നഗരസഭയിലെ പ്ലാൻ സെക്ഷനിലെ ഫയലുകളുടെ പരിശോധനയിൽ ടെന്റർ നോട്ടീസിൽ (നം.ജി2-21748/14) 13-12-2016 3 PM വരെ അവസാന തിയ്യതി രേഖപ്പെടുത്തിയിട്ടുള്ളതായും 2016 ഡിസംബർ 6 ാം തിയ്യതിയിലെ മംഗളം ദിനപത്രത്തിൽ പരസ്യം നൽകിയിട്ടുള്ളതായും ബോധ്യപ്പെട്ടു. ആയതു പ്രകാരം ലഭ്യമായ പ്രൊവസ് മാർക്കറ്റിംഗ് കമ്പനി പാലപ്പുറം എന്ന സ്ഥാപനത്തിന്റെ ടെന്റർ 13-12-2016 ന് ലഭ്യമാവുകയും 15-12-2016 ന് ഓപ്പൺ ചെയ്തതായും രേഖപ്പെടുത്തിയിട്ടുണ്ട്. 17-1-2017 ലെ 10 -ാം നമ്പർ കൗൺസിൽ തീരുമാന പ്രകാരം ടെന്റർ അംഗീകരിച്ചിട്ടുമുണ്ട്. മത്സരാധിഷ്ഠിത ടെന്ററുകൾ ലഭ്യമായിട്ടില്ലാത്തതിനാൽ ടെന്റർ സമയ പരിധി ദീർഘിപ്പിച്ച നൽകുകയോ റീ ടെന്റർ നടപടി സ്വീകരിക്കുകയോ ചെയ്തതിന്റെ യാതൊരു വിവരങ്ങളും പ്രൊജക്ട് ഫയലിൽ ഇല്ല.

ബി) കൈമാറിക്കിട്ടിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്പോർട്സ് കിറ്റ്

പ്രൊജക്ട് നം. 26/17 - കൈമാറിക്കിട്ടിയ വിദ്യാഭ്യാസ സ്ഥാപനങ്ങൾക്ക് സ്പോർട്സ് കിറ്റ്

അടങ്കൽ - 50000 (വികസന ഫണ്ട്)

ബിൽ നം./തിയ്യതി - 6/13-3-2017, തുക – 50000

GHSS, ഒറ്റപ്പാലം, GJBS, പാലപ്പുറം എന്നീ സ്കൂളുകളിലെ വിദ്യാർത്ഥികളുടെ കായികപരമായ കഴിവുകൾ പരിപോഷിപ്പിക്കുന്നതിനു വേണ്ടി ആവിഷ്കരിച്ച പദ്ധതി പ്രകാരം സ്പോർട്സ് കിറ്റ് വാങ്ങുന്നതിനായി ടെന്റർ ക്ഷണിക്കുകയും 3 സ്ഥാപനങ്ങളുടെ ടെന്റർ ലഭ്യമാവുകയും ചെയ്തിട്ടുണ്ട്. പേരു വിവരങ്ങൾ താഴെ ചേർക്കുന്നു.

1.ന്യൂ സ്പോർട്സ് ഗാലക്സി, ഒറ്റപ്പാലം

2.സ്പോർട്ടി സ്പോർട്സ്, തൃശ്ശൂർ

3.ആര്യ സ്പോർട്ട്സ്, എറണാകുളം

13-12-2016 നു ലഭ്യമായ മേൽ 3 ടെന്ററുകളിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ന്യൂ സ്പോർട്സ് ഗാലക്സി, ഒറ്റപ്പാലം എന്ന സ്ഥാപനത്തിന്റെ ടെന്റർ 17-1-2017 ലെ 15 -ാം നമ്പർ തീരുമാന പ്രകാരം അംഗീകരിച്ചിട്ടുമുണ്ട്. എന്നാൽ ഹാജരാക്കിയ രേഖകളുടെ പരിശോധനയിൽ ലഭ്യമായ ടെന്ററുകളുടെ വെള്ള പേപ്പറിലുള്ള അപേക്ഷകൾ ഹാജരാക്കിയിട്ടുണ്ടെങ്കിലും (ഇതിൽ ന്യൂ സ്പോർട്സ് ഗാലക്സി, ഒറ്റപ്പാലം എന്ന സ്ഥാപനത്തിന്റെ മാത്രമാണ് സ്ഥാപനത്തിന്റെ സീൽ ഉള്ളത്)

മേൽ സ്ഥാപനങ്ങൾ ലഭ്യമാക്കിയ നിരക്കുകളടങ്ങിയ രേഖകൾ ഹാജരാക്കിയിട്ടില്ല. എല്ലാ ടെന്റർ അപേക്ഷകളോടൊപ്പവും നിർവ്വഹണോദ്യോഗസ്ഥ തയ്യാറാക്കിയ ടെന്റർ ഷെഡ്യൂളിലെ നിരക്കുകളാണ് ഹാജരാക്കിയിട്ടുള്ളത്. നഗരസഭാ കൗൺസിൽ യോഗ നടപടി ക്രമങ്ങളിൽ മേൽ 3 സ്ഥാപനങ്ങളിൽ സ്പോർട്ടി സ്പോർസ് ഒഴികെ മറ്റു രണ്ടു സ്ഥാപനങ്ങളും ഇ.എം.ഡി സമർപ്പിച്ചതായി രേഖപ്പെടുത്തിയിട്ടുണ്ട്. എന്നാൽ 3 സ്ഥാപനങ്ങളുടെയും ഇ.എം.ഡി തിരികെ നൽകുന്നതിനുള്ള അപേക്ഷയും തുടർ നടപടികളുടെ രേഖകളും ഹാജരാക്കിയിട്ടുണ്ട്. ഇത്തരത്തിൽ പരസ്പരവിരുദ്ധമായ നടപടികൾക്കും, ടെന്റർ നടപടികളിലെ മറ്റ് അപാകതകൾക്കും വിശദീകരണം

ആവശ്യപ്പെട്ട് നൽകിയ ഓഡിറ്റ് അന്വേഷണത്തിന്റെ മറുപടിയിൽ നടപ്പിലാക്കിയ എല്ലാ പദ്ധതികളുടെയും ടെന്റർ നടപടികൾ നഗരസഭയിൽ നിന്നുമാണ് പൂർത്തിയാക്കിയിട്ടുള്ളത്, ആവശ്യമായ സാധനങ്ങളുടെ ലിസ്റ്റ് നൽകിയതല്ലാതെ ടെന്റർ നടപടികളിൽ നേരിട്ട് ഇടപെട്ടിട്ടില്ല എന്നുമാണ്. മേലിൽ ടെന്റർ നടപടികളിൽ ഇത്തരം വീഴ്ചകൾ ഉണ്ടാവാതിരിക്കാൻ ശ്രദ്ധിക്കേണ്ടതാണ്.

സി) പ്രൊക്യൂർമെന്റ് മാന്വൽ പ്രകാരമുള്ള ടെന്റർ നടപടികൾ സ്വീകരിച്ചിട്ടില്ല

മേൽ പദ്ധതികളുടെ വാങ്ങൽ നടപടികൾ ആരംഭിച്ചിട്ടുള്ളത് സ.ഉ(ആർ.ടി)നം.2487/2016 /ത.സ്വ.ഭ.വ തിയതി 20-8-2016 പ്രകാരം കേരളത്തിലെ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ സാധനങ്ങളും സേവനങ്ങളും സമാഹരിക്കുന്നതിനുള്ള മാന്വൽ നിലവിവിൽ വന്നതിനു ശേഷമുള്ള കാലയളവായതിനാൽ മാന്വലിലെ നിബന്ധനകൾക്ക് വിധേയമായാണ് വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടത്. ഉത്തരവു പ്രകാരം നഗരസഭയിലെ 100000/- രൂപ വരെയുള്ള വാങ്ങലുകൾക്ക് ക്വട്ടേഷൻ മുഖേനയാണ് വാങ്ങൽ നടപടികൾ സ്വീകരിക്കേണ്ടിയിരുന്നത്. ക്വട്ടേഷൻ മുഖേനയുള്ള വാങ്ങലുകൾ നടത്തുമ്പോൾ പാലിക്കേണ്ട നടപടിക്രമങ്ങളും നിബന്ധനകളും മാന്വലിൽ വ്യക്തമാക്കിയിട്ടുള്ളതാണ്. എന്നാൽ വാങ്ങൽ നടപടികളിൽ മാന്വൽ പ്രകാരമല്ല നടപ്പിലാക്കിയിട്ടുള്ളത് എന്നതിനാൽ സർക്കാർ മാർഗ്ഗനിർദ്ദേശങ്ങളുടെ ലംഘനമാണെന്ന് ഓഡിറ്റ് വിലയിരുത്തുന്നു. അതാതു കാലയളവിലെ സർക്കാർ നിർദ്ദേശങ്ങൾക്ക് അനുസൃതമായി വാങ്ങൽ നടപടികൾ സ്വീകരിക്കുന്നതിന് ശ്രദ്ധിക്കേണ്ടതാണ്.

## 3-11 പണമിടപാടുകൾ നടത്താത്ത ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്

എ) പണമിടപാടുകൾ നടത്താതെ നിലവിലുള്ള താഴെ പറയുന്ന ബാങ്ക് അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.

| ക്രമ നമ്പർ | ബാങ്ക് അക്കൗണ്ട് നമ്പർ | നീക്കിയിരിപ്പ് | ഓഡിറ്റ് അഭിപ്രായം |
|---|---|---|---|
| 1 | HDFC- bus stand current a/c(849) | 506511 | കറന്റ് അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതും, നീക്കിയിരിപ്പ് HDFC-bus standന്റെ എസ്. ബി. അക്കൗണ്ടിലേക്ക് (a/c.no.50100013714609) മാറ്റേണ്ടതുമാണ്. |
| 2. | SBI veterinary 67138645049 | 6258 | നീക്കിയിരിപ്പ് തുക തനത് ഫണ്ടിന്റെ അക്കൗണ്ടിലേക്ക് മാറ്റി ക്ലോസ് ചെയ്യേണ്ടതാണ് |
| 3 | SBI -LAB AND LIBRARY | 16826 | -ടി- |

| | | | |
|---|---|---|---|
| | 67114539854 | | |
| 4 | SBI-EPF A/C 33753210155 | 210629 | നിലവിൽ തനത് ഫണ്ടിന്റെ ദിവസേനയുള്ള കലക്ഷൻ SBI -own fund SAND 30558950840 എന്ന അക്കൗണ്ടിൽ അടവാക്കുന്നുണ്ട്. നീക്കിയിരിപ്പ ‌തുക ടി അക്കൗണ്ടിലേക്ക് മാറ്റി ക്ലോസ് ചെയ്യേണ്ടതാണ്. |
| 5 | SBI- PENSION A/C 33426822730 | 26853 | നീക്കിയിരിപ്പ് തുക തനത് ഫണ്ടിന്റെ അക്കൗണ്ടിലേക്ക് മാറ്റി ക്ലോസ് ചെയേണ്ടതാണ് |
| 6 | SBI- UIDSSMT A/C.No.32252393449 | 139338 | -ടി- |
| 7 | SBI – OWN FUND 57008391877 | 22629 | -ടി- |

ബി) താഴെ കൊടുത്തിട്ടുള്ള കേന്ദ്ര ഫണ്ട് ബാങ്ക് അക്കൗണ്ടന്റുകളിലെ ചെലവഴിക്കാതെ അവശേഷിക്കുന്ന നീക്കിയിരിപ്പ ബന്ധപ്പെട്ട സ്ഥാപനങ്ങളിലേക്ക് തിരിച്ചടവാക്കി അക്കൗണ്ട് ക്ലോസ് ചെയ്യേണ്ടതാണ്.,

| | | | |
|---|---|---|---|
| 1 | PNB-IHSDP A/C 432500100112551 | 18945763 | കേന്ദ്ര സർക്കാറിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. |
| 2 | SBI- SUCHITWA MISSION 337496558205 | 5489904 | ശുചിത്വ മിഷന് തിരിച്ചടയ്ക്കേണ്ടതാണ്. |
| 3 | Bank of India IHSDP A/C 854610210000005 | 387684 | കേന്ദ്ര സർക്കാറിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. |
| 4 | PNB BRGF 4325002100016293 | 1442818 | കേന്ദ്ര സർക്കാറിലേക്ക് തിരിച്ചടയ്ക്കേണ്ടതാണ്. |

സി) പണമിടപാടുകൾ നടത്താതെ വർഷങ്ങളായി നിലനിൽക്കുന്ന താഴെ പറയുന്ന ട്രഷറി അക്കൗണ്ടുകൾ ക്ലോസ് ചെയ്യേണ്ടതാണ്.

| | | |
|---|---|---|
| 1 | TPA-327 | 954 |
| 2 | TPA-241 | 351 |
| 3 | MF-OLD 84480010298 | 8150 |

മേൽ ബാങ്ക്, ട്രഷറി അക്കൗണ്ടുകൾ ക്ലോസ് ചെയ്തു വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നമ്പർ 24/27-10-2017)

## 3-12 മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്കുള്ള സ്കോളർഷിപ്പ് നൽകിയത് - അർഹമായ മുഴുവൻ തുകയും വകയിരുത്തിയിട്ടില്ല

പ്രോജക്റ്റ് നം s0003/16 - ശാരീരിക മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ്

നിർവ്വഹണ ഉദ്യോഗസ്ഥ – ഐ.സി.ഡി.എസ് സൂപ്പർവൈസർ

അടങ്കൽ - 1000000 – വികസന ഫണ്ട് (ജനറൽ)

ബിൽ നം . – 9/16-17 തിയതി 22/03/2017

പിൻവലിച്ച തുക – 988450/-രൂപ

ഭിന്ന ശേഷിയുള്ള 86 വിദ്യാർത്ഥികൾക്ക് സ്കോളർഷിപ്പ് അനുവദിക്കുവാൻ മുനിസിപ്പാലിറ്റി വിഹിതമായി 1000000/- രൂപ വികസന ഫണ്ടിൽ നിന്നും വകയിരുത്തി മേൽ പദ്ധതി നടപ്പിലാക്കിയിരിക്കുന്നു.

12ാം പദ്ധതി പുതുക്കിയ മാർഗ്ഗരേഖ ജി.ഒ(എം.എസ്)നം. 4/2016/ത.സ്വ.ഭ.വ തിയതി 11/01/2016 ഖണ്ഡിക5.8 അനുസരിച്ച് ശാരീരിക മാനസിക വെല്ലുവിളികൾ നേരിടുന്നവർക്കുള്ള സ്കോളർഷിപ്പിന് ആവശ്യമായ തുക തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ വകയിരുത്തി പ്രോജക്റ്റുകൾ ആവിഷ്കരിച്ച് നടപ്പിലാക്കണമെന്ന് നിഷ്കർഷിച്ചിട്ടുണ്ട്. ഇതുപ്രകാരം മാനസിക വെല്ലുവിളികൾ നേരിടുന്ന ഒരു വിദ്യാർത്ഥിക്കുവേണ്ടി വകയിരുത്തേണ്ട വാർഷിക ആനുകൂല്യം 19000/-രൂപയാണ്

സ്കോളർഷിപ്പ് - 12000

വസ്ത്രങ്ങൾക്കുള്ള ബത്ത - 800

പഠനസഹായി – 1400

യാത്രാബത്ത – 4800

ആകെ 19000

എന്നാൽ മാനസിക വെല്ലുവിളി നേരിടുന്ന 56 വിദ്യാർത്ഥികളിൽ ഒരു വിദ്യാർത്ഥിക്കു 13400/- രൂപ വീതമാണ് ആനുകൂല്യം അനുവദിച്ചിട്ടുള്ളത്. മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട മുഴുവൻ സ്കോളർഷിപ്പ് തുകയും വകയിരുത്താതെ പദ്ധതി നടപ്പിലാക്കിയതിന് ഓഡിറ്റ് അന്വേഷണം നമ്പർ 7/24-10-2017 പ്രകാരം വിശദീകരണം ആവശ്യപ്പെട്ടതിന് നൽകിയ മറുപടിയിൽ ടി പദ്ധതിക്കായി വകയിരുത്തിയ 1000000/- രൂപയിൽ ഒരു വിദ്യാർത്ഥിക്ക് 13400/- രൂപ വീതം മാത്രമാണ് നൽകുവാനായതെന്ന് നിർവ്വഹണോദ്യോഗസ്ഥ അറിയിച്ചു.

മാനസിക വെല്ലുവിളി നേരിടുന്ന വിദ്യാർത്ഥികൾക്ക് അർഹതപ്പെട്ട മുഴുവൻ സ്കോളർഷിപ്പ് തുകയും വകയിരുത്തി പദ്ധതി നടപ്പിലാക്കുവാൻ വരും വർഷങ്ങളിൽ ശ്രദ്ധിക്കേണ്ടതാണ്.

## **3-13** ദാരിദ്ര്യ ലഘൂകരണ ഫണ്ട് രൂപീകരണം -സംബന്ധിച്ച്

1994-ലെ കേരള മുനിസിപ്പാലിറ്റി ആക്ട്- വകുപ്പ് 284 പ്രകാരം ഓരോ മുനിസിപ്പാലിറ്റിയും അതിന്റെ വാർഷിക ബഡ്ജറ്റിൽ മുനിസിപ്പൽ പ്രദേശത്ത് റവന്യൂ വരുമാനത്തിന്റെ രണ്ട് ശതമാനം മാറ്റിവെക്കേണ്ടതും ദാരിദ്ര്യ ലഘൂകരണ ഫണ്ട് എന്ന പ്രത്യേക ഫണ്ട് രൂപീകരിക്കേണ്ടതുമാണെന്ന് നിർദ്ദേശിച്ചിട്ടുണ്ട്. ആയതിന് വകയിരുത്തിയതിന്റെയും, ചെലവഴിച്ചതിന്റെയും വിവരം ലഭ്യമാക്കിയിട്ടില്ല.

18/25-10-2017നം. ഓഡിറ്റ് അന്വേഷണത്തിന് ലഭ്യമാക്കിയ മറുപടിയിൽ 2016-17 വർഷത്തേക്കുള്ള ബജറ്റ് എസ്റ്റിമേറ്റിൽ ദാരിദ്ര്യ നിർമ്മാർജ്ജന പരിപാടിക്കു വേണ്ടി 2 ശതമാനം നിരക്കിൽ 1140000/- രൂപ യു.പി.എ ഫണ്ടിലേക്ക് വകമാറ്റിയിട്ടുള്ളതാണെന്നും, എന്നാൽ ടി പ്രവർത്തനങ്ങൾക്കായി പദ്ധതിയിനത്തിലാണ് തുകകൾ ചെലവഴിച്ചിട്ടുള്ളതെന്നും, മേപ്പടി നീക്കി വച്ചതായ തുകകളിൽ നിന്നും ചെലവഴിച്ചിട്ടില്ലെന്നുമാണ് അറിയിച്ചത്. വരും വർഷങ്ങളിൽ ദാരിദ്ര്യ ലഘൂകരണ ഫണ്ട് ഫലപ്രദമായി ദാരിദ്ര്യ ലഘൂകരണ പ്രവർത്തനങ്ങൾക്ക് ഉപയോഗിക്കുവാൻ വേണ്ട നടപടികൾ സ്വീകരിക്കേണ്ടതാണ്.

## **3-14** ആയുർവേദ മരുന്നു വാങ്ങൽ പദ്ധതി - **128888/-**രൂപയുടെ മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല

2016-17 വർഷത്തിൽ ആയുർവേദ മെഡിക്കൽ ഓഫീസർ നിർവ്വഹണം നടത്തിയ മരുന്നു വാങ്ങൽ

പദ്ധതിയുടെ രേഖകൾ പരിശോധിച്ചതിൽ മരുന്നുകൾ നാളിതുവരെയും ലഭ്യമായിട്ടില്ല എന്നു കണ്ടെത്തി. വിശദാംശങ്ങൾ താഴെ ചേർക്കുന്നു.

1. ആയുർവേദ ആശുപത്രിയിലേക്ക് മരുന്നു വാങ്ങൽ

പ്രൊജക്റ്റ് നം - 5/17

അടങ്കൽ - 1603000 (മെയിന്റനൻസ്-നോൺറോഡ്)

ചെലവ് - 1603000

1. ബിൽ നം-81/17തിയ്യതി - 18/11/16 , 13,00,000 ₹

2. ബിൽ നം-126/17തിയ്യതി - 25/3/17 , 303000 ₹

പദ്ധതി പ്രകാരം 2 തവണകളായി 1603000/- രൂപ ഔഷധിക്കു കൈമാറിയിട്ടുണ്ട്. എന്നാൽ സ്റ്റോക്ക് രജിസ്റ്റർ, ഇൻവോയിസ് പരിശോധനയിൽ 1474112/-രൂപയുടെ മരുന്നുകൾ മാത്രമാണ് ലഭ്യമായിട്ടുള്ളത് എന്ന് കണ്ടെത്തി. ശേഷിക്കുന്ന 128888/- രൂപയുടെ മരുന്നുകൾ നാളിതുവരെ ലഭിച്ചിട്ടില്ല. സർക്കുലർ നം.13160/ഡി.എ-1/2010/ത.സ്വ.ഭ.വ തിയതി 28-11-2010 പ്രകാരം ഔഷധിയിൽ നിന്ന് തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങൾ മരുന്ന് വാങ്ങുന്നതിന് മുൻകൂർ നൽകുമ്പോൾ 60 ദിവസത്തിനകം മരുന്നുകൾ ലഭ്യമാക്കേണ്ടതാണെന്ന നിബന്ധന ഉൾപ്പെടുത്തി ഔഷധിയുമായി കരാർ ഒപ്പുവെക്കേണ്ടതാണ്. ഇത് സംബന്ധിച്ച് നൽകിയ ഓഡിറ്റ് എൻക്വയറി നം.1/19-10-2017ന് ഔഷധിയിൽ അവശ്യമായ മരുന്നു ഉത്പാദിക്കുവാനുള്ള അസംസ്കൃത വസ്തുകളുടെ ദൗർലഭ്യം കൊണ്ടാണെന്നും മരുന്നുകൾ എത്രയും പെട്ടെന്നു തന്നെ സപ്ലൈ ചെയ്യുന്നതാണെന്നും അറിയിച്ചിട്ടുണ്ട്.

ഓഡിറ്റ് നിർദ്ദേശം:-

ഔഷധിയിൽ നിന്നും സമയബന്ധിതമായി മരുന്നുകൾ ലഭ്യമാക്കുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്.

# 3-15 ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നുകൾ സമയബന്ധിതമായി ലഭിക്കുന്നില്ല

1. ഹോമിയോ ഡിസ്പെൻസറിയിലേക്ക് മരുന്നു വാങ്ങൽ

പ്രൊജക്റ്റ് നം - 8/17

അടങ്കൽ - 100000 (മെയിന്റനൻസ്-നോൺറോഡ്)

ചെലവ് - 100000

നിർവ്വഹണോദ്യോഗസ്ഥൻ – മെഡിക്കൽ ഓഫീസർ (ഹോമിയോ)

1. ബിൽ നം-1/17തിയ്യതി - 30/12/16 , 100000

ഹോമിയോ ഡിസ്പെൻസറിക്ക് 2016-17 സാമ്പത്തിക വർഷത്തിൽ മരുന്നുകൾ ലഭ്യമാക്കുന്നതിനായി മാനേജിംഗ് ഡയറക്ടർ, കേരള സംസ്ഥാന ഹോമിയോപതി കോ-ഓപറേറ്റീവ് ഫാർമസി, ആലപ്പുഴയുടെ ബാങ്ക് അക്കൗണ്ടിലേക്ക് 100000/- രൂപ ഡി.ഡി.യായി നല്കിയിട്ടുണ്ട്.

( ഡി.ഡി നം-543590, 30-12-16) നാളിതുവരെ മരുന്നുകൾ ലഭ്യമായിട്ടില്ല.

മരുന്നുകൾ ലഭ്യമാകുന്നതിനുള്ള കാലതാമസം ഒഴിവാക്കുന്നതിനായി ഈ വിഷയം ഉന്നതാധികാരികളുടെ ശ്രദ്ധയിൽപ്പെടുത്തി പരിഹാരം കാണുന്നതിനുള്ള നടപടികൾ സ്വീകരിക്കേണ്ടതാണ്. തുടർനടപടികളുടെ വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്. ഓഡിറ്റ് അന്വേഷണം നം.3/20.10.17 നുള്ള മറുപടിയിൽ ആവശ്യമായ നടപടികൾ സ്വീകരിച്ചു വരുന്നുണ്ടെന്നറിയിച്ചിട്ടുണ്ട്.

## 3-16 വിനിയോഗസാക്ഷ്യപത്രം ലഭ്യമായിട്ടില്ല

പദ്ധതി - നായകളുടെ പ്രജനന നിയന്ത്രണവും വളർത്തു നായകളുടെ പ്രതിരോധ കുത്തിവെയ്പും (330/17)

നിർവ്വഹണ ഉദ്യോഗസ്ഥൻ – സെക്രട്ടറി

ചെലവ് - 500000/- രൂ. (വികസന ഫണ്ട്)

ബിൽ നം. - 11/14.11.16

ജില്ലാ പഞ്ചായത്തിന്റെ നേതൃത്വത്തിൽ നടപ്പിലാക്കുന്ന മേൽ പദ്ധതിക്കു വേണ്ടി നഗരസഭയുടെ വികസനഫണ്ടിൽ നിന്ന് 500000/-രൂപ പാലക്കാട് ജില്ലാ പഞ്ചായത്ത് സെക്രട്ടറിക്ക് കൈമാറിയിട്ടുണ്ട്. പദ്ധതിയുടെ പുരോഗതി റിപ്പോർട്ടും തുകയുടെ വിനിയോഗ സാക്ഷ്യപത്രവും ജില്ലാ പഞ്ചായത്തിൽ നിന്നും ലഭ്യമാക്കി ഓഡിറ്റിന് ഹാജരാക്കേണ്ടതാണ്. (ഓഡിറ്റ് അന്വേഷണം നം.5/23.10.17).

## 3-17 വയോമിത്ര പദ്ധതി - മുൻകൂറായി നൽകിയ തുക തടസ്സപ്പെടുത്തുന്നു

വയോമിത്രം പദ്ധതിയുടെ പ്രധാന കേന്ദ്രത്തിൽ അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി

50000/-രൂപ (തനത് ഫണ്ട്) സെക്ഷൻ ക്ലാർക്കിന്റെ പേരിൽ വൗച്ചർ നമ്പർ 21600681/31.1.2017 പ്രകാരം മുൻകൂർ ആയി അനുവദിച്ചിട്ടുണ്ട്. 50000/-രൂപ കൈപ്പറ്റിയത് ക്രമീകരിച്ചിട്ടില്ല. ഓഡിറ്റ് അന്വേഷണം നം.5/23.10.17നൽകിയതിന് മറുപടിയിൽ വയോമിത്രം പദ്ധതിയുടെ പ്രധാന കേന്ദ്രത്തിൽ പ്രവൃത്തി പൂർത്തീകരിക്കുന്ന മുറയ്ക്ക് ക്രമീകരിക്കുന്നതാണ് എന്നാണ്.

അടിസ്ഥാന സൗകര്യങ്ങൾ ഒരുക്കുന്നതിനായി (മേശ, കസേര, ഫ്രിഡ്ജ് തുടങ്ങിയവ) സെക്രട്ടറി നേരിട്ട് ചെലവ് ചെയ്യാതെ സെക്ഷൻ ക്ലർക്കിന് മുൻകൂറായി തുക നൽകിയത് ക്രമപ്രകാരമല്ല. നിയമാനുസൃതമല്ലാത്ത കാര്യങ്ങൾക്കു വേണ്ടി മുൻകൂർ അനുവദിക്കുന്നത് ഒഴിവാക്കേണ്ടതാണ്. മുൻകൂർ ആയി കൈപ്പറ്റിയ 50000/-രൂപ നാളിതുവരെയായും ക്രമീകരിക്കാത്തതിനാൽ ചെലവ് തടസ്സപ്പെടുത്തുന്നു.

## 3-18 തെരുവ് വിളക്ക് റിപ്പയർ ചെലവ് തടസ്സപ്പെടുത്തുന്നു.

2015-16 സാമ്പത്തിക വർഷം സി.എഫ്.എൽ വിളക്കുകളുടെ റിപ്പയറിനായി ഗ്യാലക്സി എനർജി സിസ്റ്റംസ്, പെരിന്തൽമണ്ണ എന്ന സ്ഥാപനവുമായി 26.08.15ന് വാർഷിക കരാറിൽ ഏർപ്പെട്ടിട്ടുണ്ട്. കരാറിന്റെ കാലാവധി ആഗസ്റ്റ് 2015 മുതൽ ആഗസ്റ്റ് 2016 വരെയാണ്. 4400 CFL വിളക്കുകൾക്ക് 303-രൂപ നിരക്കിൽ 1333200/-രൂപയും, 5 ഹൈമാസ്റ്റ് ലൈറ്റുകൾക്ക് ഒരെണ്ണത്തിന് 33100/-രൂപ നിരക്കിൽ 165500/-രൂപയും (ആകെ1498700/-രൂപ) കരാറിൽ ഏർപ്പെട്ടതനുസരിച്ച് 2016-17ൽ തനത് ഫണ്ടിൽ നിന്നും കരാറുകാരന് താഴെ പറയും പ്രകാരം തുക നൽകിയിട്ടുണ്ട്.

| വൗച്ചർ | ബിൽ തുക |
|---|---|
| 21600694/7.4.2016 | 249782 |
| 21600989/27.5.16 | 124891 |
| 21600694/18.6.2016 | 249782 |
| 21600018/12.8.2016 | 124891 |
| 21600132/8.9.2016 | 124891 |
| 21600372/14.11.2016 | 124891 |

| | |
|---|---|
| ആകെ | 999128 |

പ്രസ്തുത പദ്ധതി നടത്തിപ്പിലെ അപാകതകൾ താഴെ ചേർക്കുന്നു.

1) തെരുവ് വിളക്കുകളുടെ പരിപാലനം (റിപ്പയറും മെയിന്റനൻസും) സർക്കുലർ നം.3055/DA3 /2011/ത.സ്വ.ഭ.വ തീയതി 15.9.2011 ലെ നിർദ്ദേശങ്ങൾ അനുസരിച്ച് ടെണ്ടർ നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല.

2) കരാർ പ്രകാരം താഴെ പറയുന്ന വ്യവസ്ഥകൾ നഗരസഭ പാലിച്ചിട്ടില്ല.

എ. പ്രവർത്തനക്ഷമമല്ലാത്ത വിളക്കുകളുടെ വിശദവിവരങ്ങളടങ്ങിയ customer complaint register (പോസ്റ്റ് നമ്പർ, വാർഡ് നമ്പർ, സ്ഥലം തുടങ്ങിയ വിവരങ്ങൾ) നഗരസഭ സൂക്ഷിക്കേണ്ടതും, വിവരങ്ങൾ സ്ഥാപനത്തിന് കൈമാറേണ്ടതുമാണ്. പ്രസ്തുത രജിസ്റ്റർ നഗരസഭയിൽ സൂക്ഷിച്ചിട്ടില്ല.

ബി. സ്ഥാപനം വിളക്കുകളുടെ അറ്റകുറ്റപണി ഓരോ തവണയും പൂർത്തിയാക്കുമ്പോൾ service completion certificate നഗരസഭ സ്ഥാപനത്തിന് നൽകേണ്ടതാണ്. പ്രസ്തുത രേഖകൾ ലഭ്യമല്ലാത്തതിൽ റിപ്പയർചെയ്ത വിളക്കുകളുടെ എണ്ണത്തിന് അനുസൃതമായാണോ ചാർജ്ജ് അനുവദിച്ചിട്ടുള്ളത് എന്ന് വ്യക്തമല്ല.

സി. റിപ്പയറിന് KSEB യുടെ അനുമതി ലഭ്യമാക്കിയിട്ടില്ല.

3) റിപ്പയർ സംബന്ധിച്ച കെ.എസ്.ഇ.ബിയുടെ എസ്റ്റിമേറ്റ്, പൂർത്തീകരണ സാക്ഷ്യപത്രം, വാർഡ് മെമ്പർമാരുടെ സാക്ഷ്യപത്രം എന്നിവ ലഭ്യമല്ല. എ.എം.സി കരാറിലെ വ്യവസ്ഥകൾക്കനുസൃതമായി പ്രവൃത്തികൾ നടപ്പിലാക്കി എന്ന് കെ.എസ്.ഇ.ബി യുമായി സംയുക്ത പരിശോധന നടത്തി ഉറപ്പാക്കിയിട്ടില്ല.

4) കെ.എസ്.ഇ.ബിയുടെ 4.10.14ലെ ഇൻവോയ്സ് കാർഡ് പ്രകാരം ആകെ 414 CFL ആണ് നഗരസഭയിൽ നിലവിലുള്ളത്. എന്നാൽ 4400എണ്ണത്തിനാണ് വാർഷിക കരാർ നൽകിയിട്ടുള്ളത്. പ്രസ്തുത അന്തരത്തിന് വിശദീകരണം ലഭ്യമാക്കിയിട്ടില്ല.

കെ.എസ്.ഇ.ബി-യുമായുള്ള സംയുക്ത പരിശോധനയുടെ അഭാവത്തിലും വിളക്കുകളുടെ എണ്ണം കൃത്യമല്ലാത്തതിനാലും, സ്ഥാപനം റിപ്പയറിന്റെ ബില്ലുകൾ സമർപ്പിക്കാത്തതിനാലും 4400 വിളക്കുകൾക്ക് വാർഷിക കരാർ നൽകിയത് യാതൊരു അടിസ്ഥാനവുമില്ലാതെയാണെന്ന് കാണുന്നു. മേൽ സർക്കുലറിന് വിരുദ്ധമായി സുതാര്യമല്ലാതെ പദ്ധതി നിർവ്വഹിച്ചതിനാൽ ചെലവ് തുക

999128/- രൂപ തടസ്സപ്പെടുത്തുന്നു.

2016-17 – ൽ തെരുവ് വിളക്ക് എ.എം.സി നടപ്പിലായില്ല

2015-16 സാമ്പത്തിക വർഷം സി.എഫ്.എൽ വിളക്കുകളുടെ റിപ്പയറിനായി (എ.എം.സി)ഗ്യാലക്സി എനർജി സിസ്റ്റംസ്, പെരിന്തൽമണ്ണ എന്ന സ്ഥാപനവുമായുള്ള കരാറിന്റെ കാലാവധി ആഗസ്റ്റ് 2016 വരെയാണ്. ആയതിനുശേഷം 2016-17 സാമ്പത്തിക വർഷം 25.7.2016ൽ ടെണ്ടർ നടത്തിയതിൽ ശ്രീ.സുരേഷ് കുമാർ.പിയുടെ (വിഷണു ഇലക്ട്രിക്കൽസ്, മണ്ണാർക്കാട്) ടെണ്ടർ (29.8.2016 ലെ 27 നമ്പർ തീരുമാനം) അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്. പിന്നീട് ടെണ്ടർ സമർപ്പണം, എഗ്രിമെന്റ് എന്നിവയിൽ ക്രമക്കേട് കണ്ടെത്തിയതിന്റെ അടിസ്ഥാനത്തിൽ കേസ് ഫയൽ ചെയ്യുകയും, 8.2.2017 തീയ്യതിയിൽ തീരുമാനം നമ്പർ 15 പ്രകാരം ടെണ്ടർ റദ്ദ് ചെയ്യുകയും ചെയ്തിട്ടുണ്ട്. ആയതിനാൽ 2016-17 വർഷത്തിൽ ആഗസ്റ്റ് 2016 മാസത്തിനു ശേഷം തെരുവ് വിളക്കുകളുടെ വാർഷിക അറ്റകുറ്റപ്പണികൾക്കായി ചെലവ് ഇല്ല.

## 3-19 കണ്ടിജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ട്

കേരള മുനിസിപ്പൽ കണ്ടിജന്റ് എംപ്ളോയീസ് (ഡെത്ത് കം റിട്ടയർമെന്റ് ബെനിഫിറ്റ്) റൂൾസ് 1997 പ്രകാരം മുനിസിപ്പാലിറ്റികൾ,കോർപ്പറേഷനുകൾ എന്നീ തദ്ദേശ സ്വയംഭരണ സ്ഥാപനങ്ങളിൽ ജോലി ചെയ്യുന്ന കണ്ടിജന്റ് ജീവനക്കാരുടെ മൊത്തം ശമ്പളത്തിന്റെ 15 ശതമാനം മാസവിഹിതമായി ഈടാക്കി മുനിസിപ്പൽ കണ്ടിജന്റ് എംപ്ളോയീസ് പെൻഷൻ ഫണ്ടിൽ നിക്ഷേപിക്കേണ്ടതാണ്. എന്നാൽ ഒറ്റപ്പാലം നഗരസഭയിൽ അപ്രകാരമൊരു ഫണ്ട് പരിപാലിക്കുന്നില്ല. കണ്ടിജൻറ് ജീവനക്കാരുടെ ശമ്പളം, മറ്റു പെൻഷൻ ആനുകൂല്യങ്ങൾ എന്നിവ തനതുഫണ്ടിൽ നിന്നും നൽകുന്നതിനാൽ മറ്റു നടപടികൾ സ്വീകരിച്ചിട്ടില്ലായെന്നും,പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നുണ്ടെന്നുമാണ് ഓഡിറ്റ് അന്വേഷണത്തിന് (നം. 16/24.10.2017) ലഭ്യമായ മറുപടി. പെൻഷൻ ആനുകൂല്യങ്ങൾ സമയബന്ധിതമായി നൽകുന്നതിന് കേരള മുനിസിപ്പൽ കണ്ടിജൻറ് എംപ്ലോയീസ് (ഡെത്ത് കം റിട്ടയർമെൻറ് ബെനിഫിറ്റ്) റൂൾസ് 1997 ലെ നിർദ്ദേശങ്ങൾ പാലിക്കേണ്ടതാണ്.

## 3-20 ബില്ലിൽ നിന്നും നികുതികൾ ഈടാക്കേണ്ടതാണ്

തെരുവ് വിളക്കുകളുടെ അറ്റകുറ്റപ്പണികൾ AMC പ്രകാരം നടത്തിയതിനു താഴെ പറയുന്ന വൗച്ചർ പ്രകാരം ഗാലക്സി എനർജി സിസ്റ്റം ഉത എന്ന സ്ഥാപനത്തിന് തുക നൽകിയതിൽ നിന്നും

നിയമാനുസൃതം ഈടാക്കേണ്ട താഴെ പറയുന്ന നികുതികൾ ഈടാക്കിയിട്ടില്ല.

നിർവ്വഹണം -സെക്രട്ടറി

കരാറുകാരൻ -ശ്രീജിത്ത് കുമാർ (ഗ്യാലക്സി എനർജി സിസ്റ്റംസ്)

| വൗച്ചർ | ബിൽ തുക | ഈടാക്കേണ്ട നികുതികൾ | | |
|---|---|---|---|---|
| | | വാറ്റ് (4%) | ആദായനികുതി (1%) | ക്ഷേമനിധി വിഹിതം(1%) |
| 21600694/7.4.2016 | 249782 | 9991 | 2498 | 2498 |
| 21600989/27.5.16 | 124891 | 4996 | 1249 | 1249 |
| 21600694/18.6.2016 | 249782 | 9991 | 2498 | 2498 |
| 21600018/12.8.2016 | 124891 | 4996 | 1249 | 1249 |
| 21600132/8.9.2016 | 124891 | 4996 | 1249 | 1249 |
| 21600372/14.11.2016 | 124891 | 4996 | 1249 | 1249 |
| ആകെ | 999128 | 39966 | 9992 | 9992 |

ആയതിനാൽ കേന്ദ്ര-സംസ്ഥാന സർക്കാറുകളിലേക്ക് നികുതിയിനത്തിൽ അടവാക്കേണ്ടിയിരുന്ന തുകകൾ ഉത്തരവാദിയായ കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

## 3-21 ആദായനികുതി ഈടാക്കിയിട്ടില്ല.

നഗരസഭയുടെ ഖരമാലിന്യ പ്ലാന്റിലെ പ്രവർത്തനം നടത്തിയ വകയിൽ ആലുവ ടെക്നോഗ്രൂപ്പിന് അനുവദിച്ച താഴെപറയുന്ന ബില്ലുകളിൽ നിന്നും ആദായനികുതി ഈടാക്കിയിട്ടില്ല.

| വൗച്ചർ | തുക | ആദായനികുതി (1%) |
|---|---|---|

| | | |
|---|---|---|
| 21601511/27.5.2016 | 210000 | 2100 |
| 21601054/11.4.2016 | 210000 | 2100 |

ആദായനികുതി 4200/- രൂപ ഉത്തരവാദിയായ കരാറുകാരനിൽ നിന്നും ഈടാക്കി അടവാക്കേണ്ടതാണ്.

## 3-22 ലൈബ്രറി സെസ്സ് കുടിശ്ശിക

2103-14 മുതൽ 2016-17 ഉൾപ്പെടെയുള്ള വർഷങ്ങളിലെ ലൈബ്രറിസെസ്സ് സ്റ്റേറ്റ് ലൈബ്രറി കൗൺസിലിൽ അടവാക്കാൻ കുടിശ്ശികയുള്ളത് അടവാക്കാൻ നടപടി സ്വീകരിക്കേണ്ടതാണ്.

| വർഷം | തുക |
|---|---|
| 2013-14 | 567195 |
| 2014-15 | 654318 |
| 2015-16 | 723225 |
| 2016-17 | 720683 |

## 3-23 വാഹന റിപ്പയർ ചെലവ് തുക തടസ്സപ്പെടുത്തുന്നു

നഗരസഭയുടെ ആരോഗ്യ വിഭാഗം ശുചീകരണ വാഹനമായ KL 9R 1910 ടിപ്പർ വാഹനത്തിന് റിപ്പയർ പ്രവൃത്തി ചെയ്തതിന് വൗച്ചർ നം.21600894/6.6.2016 പ്രകാരം 149586/- രൂപ ചന്ദ്ര ഓട്ടോമൊബൈൽസ് കുളപ്പുള്ളി എന്ന സ്ഥാപനത്തിന് നൽകിയിട്ടുണ്ട്. അസി.എക്സിക്യൂട്ടീവ് എഞ്ചിനീയറുടെ (PWD മെക്കാനിക്കൽ വിഭാഗം) അംഗീകരിച്ച എസ്റ്റിമേറ്റ് ലഭ്യമാക്കാതെയാണ് വാഹനത്തിന്റെ റിപ്പയർ പ്രവൃത്തി നടത്തിയിരിക്കുന്നത്.

വാഹനത്തിന്റെ റിപ്പയർ പ്രവൃത്തിക്കായി ടെണ്ടർ ക്ഷണിച്ചതിൽ ഏറ്റവും കുറഞ്ഞ നിരക്ക് രേഖപ്പെടുത്തിയ ചന്ദ്ര ഓട്ടോമൊബൈൽസ് കുളപ്പുള്ളി എന്ന സ്ഥാപനത്തിന്റെ ടെണ്ടർ 149586/-രൂപ നഗരസഭയുടെ 14.12.2015ലെ തീരുമാനം നമ്പർ 8 പ്രകാരം അംഗീകരിക്കുകയും ചെയ്തിട്ടുണ്ട്.

ജി.ഒ.(എം.എസ്)നം.170/07/ത.സ്വ.ഭ.വ തീ.30.6.2017 അനുസരിച്ച് 10000/- രൂപയ്ക്ക് മേൽ ചെലവ് വരുന്ന എല്ലാ സംഗതികളിലും പ്രതീക്ഷിക്കുന്ന മിതിപ്പ് ചെലവ് അസി.എക്സിക്യൂട്ടീവ് എഞ്ചിനീയർ (PWD മെക്കാനിക്കൽ വിഭാഗം) അഗീകരിച്ചതായിരിക്കണം. അഗീകരിച്ച എസ്റ്റിമേറ്റ് ലഭ്യമാക്കാതെയുള്ള ചെലവ് 149586/-രൂപ ഓഡിറ്റിൽ തടസ്സപ്പെടുത്തുന്നു. (ഓഡിറ്റ് അന്വേഷണം നം. 22/27.10.2016)

## 3-24 രേഖകൾ പരിശോധനക്ക് ലഭ്യമായില്ല ചെലവ് തുക തടസ്സപ്പെടുത്തുന്നു.

സെക്രട്ടറി നിർവ്വഹണം നടത്തിയ താഴെ പറയുന്ന പദ്ധതികളുടെ ചെലവുരേഖകൾ പരിശോധനക്ക് ലഭ്യമായിട്ടില്ല. ആയതിനാൽ ചെലവ് തുക 165958/- രൂപ തടസ്സപ്പെടുത്തുന്നു (ഓഡിറ്റ് അന്വേഷണം നം.5/23.10.2017)

| പദ്ധതി | ട്രഷറി ബിൽ | തുക |
|---|---|---|
| കേരളോത്സവം(331/17) | 40/29.3.2017 | 100000/- |
| വാർഡു കേന്ദ്രങ്ങൾ 2015-16(85/17) | 37/29.3.2017 | 28499/- |
| | 20/10.1.2017 | 37459/- |
| ആകെ | | 165958/- |

## 3-25 വിനിയോഗിക്കാത്ത തുക തിരിച്ചടവാക്കണം

സെക്രട്ടറി നിർവ്വഹണം നടത്തിയ എസ്.സി വിവാഹ ധനസഹായം(324/17) എന്ന പദ്ധതി പ്രകാരം ട്രഷറിയിൽ നിന്നും പിൻവലിച്ച 7,50,000/- രൂപയിൽ 1,00,000/- രൂപ വിതരണം ചെയ്യാതെ സ്പെഷ്യൽ ടി.എസ്.ബി. അക്കൗണ്ട് നം.6-ൽ അവശേഷിക്കുന്നുണ്ട് . ടി തുക നിശ്ചിത ശീർഷകത്തിൽ തിരിച്ചടവാക്കേണ്ടതാണ്. ട്രഷറിയിൽ നിന്നും പിൻവലിച്ച പദ്ധതി ഫണ്ട് അതാത് സാമ്പത്തിക വർഷം മാർച്ച് 31-നകം നിശ്ചിത ശീർഷകത്തിൽ തിരിച്ചടവാക്കാൻ ഭാവിയിൽ ശ്രദ്ധിക്കേണ്ടതാണ്.

## 3-26 പൊതുമരാമത്ത് പ്രവൃത്തികൾ -പൊതു അവലോകനം

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ പ്രൊജക്ടുകളുടെ ഫയലുകൾ, രജിസ്റ്ററുകൾ

എന്നിവ പരിശോധിക്കുമ്പോൾ താഴെ പറയുന്ന വസ്തുതകൾ ശ്രദ്ധയിൽപ്പെട്ടു..

| വകയിരുത്തിയ പ്രൊജക്ടുകൾ | | ചെലവഴിച്ചത് | |
|---|---|---|---|
| എണ്ണം | തുക | എണ്ണം | തുക |
| 244 | 582339371 | 160 | 67212061 |

വകയിരുത്തിയ തുകയുടെ 11.54% മാത്രമേ ചെലവഴിച്ചിട്ടുള്ളൂ. വകയിരുത്തിയ പ്രൊജക്ടുകളിൽ 65.57% ൽ മാത്രമേ ചെലവു നടന്നിട്ടുള്ളൂ. 83 സ്പിൽ ഓവർ പ്രവൃത്തികളിൽ 22 എണ്ണം 2016-17 വർഷവും പൂർത്തീകരിച്ചിട്ടില്ല. പ്രവൃത്തികൾ കാലതാമസം കൂടാതെ നടപ്പിലാക്കുന്നതിന് ഭരണസമിതി, നിർവ്വഹണോദ്യോഗസ്ഥൻ എന്നിവർ നടപടികൾ സ്വീകരിക്കേണ്ടതാണ്. വർക്ക്ഫയലുകൾ പരിശോധിക്കുമ്പോൾ താഴെക്കാണുന്ന അപാകങ്ങൾ ശ്രദ്ധയിൽപ്പെട്ടത് പരിഹരിക്കേണ്ടതാണ്.

1. പല പ്രവൃത്തികളിലും ടെണ്ടറിനോടൊപ്പം സമർപ്പിച്ചിട്ടുള്ള പ്രിലിമിനറി എഗ്രിമെന്റിൽ വ്യവസ്ഥകൾ എഴുതി ചേർത്തിട്ടില്ല.

ഉദാഹരണങ്ങൾ:-

- ചുണ്ണാമ്പുചൂള റോഡ് വെള്ളക്കെട്ട് ഒഴിവാക്കൽ
- കളരിത്തൊടി തൊണ്ടിയിൽ റോഡ് പുനരുദ്ധാരണം
- കൃഷിഭവൻ ഓഫീസ് മെയിന്റനൻസ്
- നഗരസഭ പൊതുകിണറുകളുടെ അറ്റകുറ്റപ്പണി

2. കരാർ പ്രകാരമുള്ള പൂർത്തീകരണത്തീയതിയ്ക്കു ശേഷവും പൂർത്തീകരിക്കാതെ സ്പിൽ ഓവറായി തുടരുന്ന പ്രവൃത്തികളിലൊന്നും തന്നെ കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല. കൂടാതെ റിവൈസ്ഡ് എസ്റ്റിമേറ്റ് വഴി എക്സ്ട്രാ ഐറ്റംസ് ഉൾപ്പെടുത്തുന്ന പ്രവൃത്തികളിലും കരാറുകാരുമായി സപ്ലിമെന്ററി എഗ്രിമെന്റ് വെയ്ക്കുന്നില്ല.

ഉദാഹരണങ്ങൾ :-

- നഗരസഭ പൊതുകിണറുകളുടെ അറ്റകുറ്റപ്പണി
- ആയുർവേദ ഹോസ്പിറ്റൽ പേവാർഡ്
- ഖരമാലിന്യസംസ്കരണശാല ഷീറ്റിടൽ
- വനിതാ ക്യാന്റീൻ കെട്ടിടം രണ്ടാം ഘട്ടം

3. നഗരസഭ ഇ-ടെണ്ടർ ചെയ്തിട്ടുള്ള മരാമത്തു പ്രവൃത്തികളുടെ ടെണ്ടർ സംബന്ധിച്ച വിവരങ്ങൾ ടെണ്ടർ രജിസ്റ്ററിലോ പ്രത്യേക രജിസ്റ്ററിലോ ചേർത്ത് സൂക്ഷിക്കുന്നില്ല.

4. മുനിസിപ്പൽ എഞ്ചിനീയറുടെ പേരിലുള്ള സ്പെഷ്യൽ TSB അക്കൗണ്ട് (നം.721021400000211), ഇ-ടെണ്ടർ ആവശ്യത്തിനായിട്ടുള്ള SBT അക്കൗണ്ട് (നം. 67305137647) എന്നിവ യഥാക്രമം 8.3.17, 2.1.17 എന്നീ തീയതി വരെ മാത്രമേ രേഖപ്പെടുത്തൽ വരുത്തിയിട്ടുള്ളൂ. രേഖപ്പെടുത്തൽ കാലികമാക്കേണ്ടതും ഇ-ടെണ്ടർ ആവശ്യത്തിനായിട്ടുള്ള SBT അക്കൗണ്ടിൽ വരവു വന്നിട്ടുള്ള ടെണ്ടർ ഫീസ് മുനിസിപ്പൽ ഫണ്ടിലേക്കും വാറ്റ് തുക വില്പന നികുതി ഓഫീസിലേക്കും അടവാക്കേണ്ടതാണ്.

കൂടുതൽ അപാകങ്ങൾ കണ്ടെത്തിയിട്ടുള്ളത് തുടർന്നുള്ള ഖണ്ഡികകളിൽ പരാമർശിക്കുന്നു

## 3-27 GI ഷീറ്റ് റൂഫിംഗിന് അധികനിരക്ക് നൽകിയത് തിരിച്ചു പിടിക്കണം

പ്രൊജക്റ്റ്- ഗവ.താലൂക്ക് ആശുപത്രി കെട്ടിടങ്ങൾക്ക് ഷീറ്റുമേയൽ (246/15)

നിർവ്വഹണ ഉദ്യോഗസ്ഥൻ – മുനിസിപ്പൽ എഞ്ചിനീയർ

അടങ്കൽ - 4010429/-(മെയിന്റനൻസ് റോഡിതരം)

കരാറുകാരൻ- കെ.പി.ആർമിയ റഷീദ്(എസ്റ്റിമേറ്റ് റേറ്റ്)

എഗ്രിമെൻറ് നം- 133/2014-15/16.2.15

അളവു പുസ്തകം- 97/2015, 133/2014,99/2015

ബിൽ നം. -1. 12/2015-16 - 2025814/-

2. ബിൽ നം.152/30.3.16 -840413/-

3. ബിൽ നം.186/30.3.17-834664/-(III$^{rd}$ & Part)

ആകെ – 37,00,891/-

ഒറ്റപ്പാലം ഗവ. താലൂക്ക് ആശുപത്രിയുടെ കെട്ടിടങ്ങൾക്ക് മുകളിൽ ഷീറ്റ് മേഞ്ഞ് കെട്ടിടത്തിന്റെ സുരക്ഷ ഉറപ്പുവരുത്തുന്നതിനാണ് പ്രൊജക്റ്റിൽ തുക വകയിരുത്തിയിരിക്കുന്നത്. ഈ പ്രൊജക്റ്റിന്റെ ഫയൽ, അളവുപുസ്തകം, വർക്ക് ബിൽ എന്നിവ പരിശോധിക്കുമ്പോൾ ഇനം (3) ആയി Roofing with GI corrugated sheets 0.4mm thick or nearest available thickness with overlaps of 150mm at ends and GI hook or crank CI bolts and nuts including plain washers and bitumen washers etc. Complete (455)എന്ന ഇനം ചെയ്യുന്നതിന് 6675/10ച.മീ. നിരക്കിൽ 1535 ച.മീറ്ററിന് 1024613/- രൂപ ചെലവഴിച്ചിട്ടുണ്ട്. എന്നാൽ നിർവ്വഹണോദ്യോഗസ്ഥൻ 2012-ലെ ഷെഡ്യൂൾ നിരക്കുകൾ അനുസരിച്ച് തയ്യാറാക്കിയിട്ടുള്ള നിരീക്ഷണ ഡാറ്റ പ്രകാരം ഈ ഇനം പ്രവൃത്തിക്ക് അനുവദനീയമായ ഏറ്റവും ഉയർന്ന നിരക്ക് ചുവടെ ചേർക്കുന്നു.

| ഇനം | നിരക്ക് | തുക |
|---|---|---|
| 41.20 kg GI corrgated sheets 0.4mm thick or nearest size | 71.80/Kg | 2958.16 |
| Conveyance | 323/T | 13.3 |
| 0.50Kg GI hooks/crank bolts | 81.00/kg | 40.5 |
| Labour: 1.35 Carpenter<br>1.35 man | 500.00/E<br>377.00/E | 700<br>527.80 |
| ആകെ | | 4239.76 |
| CP&OHC 15% | | 635.96 |
| അനുവദനീയമായ നിരക്ക് | | 4875.72<br>ie, 4876/<br>10m2 |

| | | |
|---|---|---|
| അനുവദിച്ച നിരക്ക് | | 6675/10m2 |
| അധികം നൽകിയത് | | 1799/10m2 |
| 1535m2 ന് ആകെ അധികം നൽകിയത് | | 276146.5<br>ie,276147/- |

2013-14, 2014-15 വർഷത്തെ ഓഡിറ്റ് റിപ്പോർട്ടിലെ ഈ വിഷയത്തിന്മേലുള്ള പരാമർശം പ്രകാരം നിലവിലെ മുനിസിപ്പൽ എഞ്ചിനീയർ തന്നെയാണ് കരാറുകാരിൽ നിന്നും അധികം നൽകിയ തുക ഈടാക്കിയിട്ടുള്ളതെന്നിരിക്കെ അധിക നിരക്ക് അനുവദിച്ചത് നിർവ്വഹണോദ്യോഗസ്ഥന്റ ഭാഗത്തെ വീഴ്ചയായി വിലയിരുത്തുന്നു. ഇതു സംബന്ധിച്ച് ഓഡിറ്റ് അന്വേഷണം (നം.26/28.10.17) നൽകിയിട്ടുണ്ട്. അധികം നൽകിയ തുക കരാറുകാരനിൽ നിന്നും ഈടാക്കുന്നതാണെന്ന് മുനിസിപ്പൽ എഞ്ചിനീയർ അറിയിച്ചിട്ടുണ്ടെങ്കിലും ഈടാക്കിയിട്ടുള്ളതായി വിവരം ലഭ്യമാക്കാത്തതിനാൽ അധികച്ചെലവു വന്ന 276147/-രൂപ ഉത്തരവാദിയായ ഉദ്യോഗസ്ഥനിൽനിന്നും ഈടാക്കി വിവരം ഓഡിറ്റിനെ അറിയിക്കേണ്ടതാണ്.

## **3-28** കരാറുകാരന്റെ മണ്ണുപയോഗിച്ച് ഫില്ലിംഗ് നടത്തിയതിൽ നിന്നും കുഴിച്ചെടുത്ത മണ്ണ് കുറവു ചെയ്തില്ല -അളവുപുസ്തകത്തിൽ രേഖപ്പെടുത്തലുകളില്ല

പ്രൊജക്റ്റ്- കുമ്പാരൻകുന്ന് കാരണിപ്പാടം റോഡ് ഫോർമേഷൻ (124/16)

അടങ്കൽ – 2,75,000/-

കരാറുകാരൻ- കെ.നാരായണൻ(ടെണ്ടർ നിരക്ക്- 8.5% കുറവ്)

അളവു പുസ്തകം- 108/15

ആകെ പ്രവൃത്തിമൂല്യം – 1,58,892/-

ഫൈനൽ ബിൽ - 7/7.10.16- 158892/-

പ്രവൃത്തിയുടെ എസ്റ്റിമേറ്റു പ്രകാരം റോഡിന്റെ രണ്ടു വശവും സംരക്ഷണഭിത്തി കെട്ടി കരാറുകാരന്റ സ്വന്തം മണ്ണുപയോഗിച്ച് ഫില്ല ചെയ്യുന്നതിനാണ് തുക വകയിരുത്തിയിരിക്കുന്നത്. ഈ പ്രവൃത്തിയുടെ അളവുപുസ്തകം, ഫൈനൽബില്ല് എന്നിവ പരിശോധിക്കുമ്പോൾ ഇനം (1) പ്രകാരം വെട്ടി മാറ്റിയിട്ടുള്ള 18.22ക്യൂബിക് മീറ്റർ മണ്ണ് കുറവു ചെയ്യാതെയാണ് ഫില്ല ചെയ്ത മണ്ണിന്റെ അളവു കണക്കാക്കി തുക

നൽകിയിരിക്കുന്നത്. വെട്ടി മാറ്റിയിട്ടുള്ള മണ്ണ് നിരപ്പാക്കിയതായോ ഉപയോഗയോഗ്യമല്ല എന്നോ അളവുപുസ്തകത്തിൽ രേഖപ്പെടുത്താത്ത സാഹചര്യത്തിൽ അധികം നൽകിയ തുക കരാറുകാരനിൽ നിന്നോ നിർവ്വഹണോദ്യോഗസ്ഥനിൽ നിന്നോ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു.

<u>നൽകിയത്</u>

ഇനം 5 - Earth filling with earth from available sources – 106.75cu.m

(-) 20% consolidation - 21.35 cu.m

ബാക്കി -85.40 cu.m

ക്യൂബിക് മീറ്ററിന് 516.14രൂപ പ്രകാരം ചെലവ് - 44078.36

(-)ടെണ്ടർ വ്യതിയാനം 8.5% കുറവ് - 3746.66

കരാറുകരന് നൽകിയത് - 40331.7 രൂപ

<u>നൽകാവുന്നത്</u>

ഇനം 5 - Earth filling with earth from available sources – 106.75cu.m

(-) 20% consolidation - 21.35 cu.m

(-) ഇനം (1) പ്രകാരമുള്ള cut earth - 18.22 cu.m

ബാക്കി - 67.18cu.m

ക്യൂബിക് മീറ്ററിന് 516.14രൂപ പ്രകാരം ചെലവ് - 34674.28

(-)ടെണ്ടർ വ്യതിയാനം 8.5% കുറവ് - 2947.31

കരാറുകാരന് നൽകാവുന്നത് - 31726.97രൂപ

കരാറുകാരന് അധികം നൽകിയത്- 40331.7- 31726.97= 8605/-(rounded)

അധികം നൽകിയ തുക തിരികെ ഈടാക്കേണ്ടതാണ്.

മേൽ പ്രൊജക്റ്റിൽ എസ്റ്റിമേറ്റിൽ നിർദ്ദേശിച്ചിരുന്ന പ്രകാരം അതാത് പ്രവൃത്തികളിൽ നിന്നും

ലഭ്യമായ മണ്ണ് ഫില്ലിംഗിന് ഉപയോഗിക്കാതിരുന്നതു വഴി പദ്ധതി ഫണ്ടിൽ നിന്നും അധികച്ചെലവു വന്നത്, Cut earth ന്റെ വിനിയോഗത്തെക്കുറിച്ച് അളവുപുസ്തകത്തിൽ രേഖപ്പെടുത്തലുകളില്ലാത്തത് എന്നിവ സംബന്ധിച്ച് വിശദീകരണം ആവശ്യപ്പെട്ടുകൊണ്ട് ഓഡിറ്റ് എൻക്വയറി (നം.26/28.10.17)നൽകിയിട്ടുണ്ട്. ഇതിനു ലഭ്യമായ മറുപടിയിൽ അധികം നൽകിയ തുക ഈടാക്കുന്നതാണെന്ന് മുനിസിപ്പൽ എഞ്ചിനിയർ അറിയിച്ചിട്ടുണ്ട്.

പ്രവൃത്തികളിൽ നടപടിക്രമങ്ങൾ പാലിക്കുന്നതിനും പദ്ധതി നിർവ്വഹണത്തിന്റെ വിവിധ ഘട്ടങ്ങൾ അളവുപുസ്തകത്തിൽ കൃത്യമായി രേഖപ്പെടുത്തുന്നതിനും നിർവ്വഹണോദ്യോഗസ്ഥൻ കൃത്യത പുലർത്തേണ്ടതാണ്.

## **3-29** പൂർത്തീകരണ കാലാവധി ദീർഘിപ്പിച്ചതിന് നടപടിക്രമങ്ങൾ പാലിച്ചിട്ടില്ല- നിയമപ്രകാരമുള്ള പിഴ ഈടാക്കിയിട്ടില്ല

മുനിസിപ്പൽ എഞ്ചിനീയർ നിർവ്വഹണോദ്യോഗസ്ഥനായ താഴെ പറയുന്ന പ്രവൃത്തികൾ എഗ്രിമെന്റിൽ നിർദ്ദേശിച്ചിരുന്ന കാലാവധിക്കുള്ളിൽ പൂർത്തീകരിച്ചിട്ടില്ല. എന്നാൽ നിശ്ചിത കാലാവധിക്കുള്ളിൽ പ്രവൃത്തി പൂർത്തീകരിക്കാതിരുന്ന സാഹചര്യത്തിൽ സമയം കൂടുതൽ ആവശ്യപ്പെട്ടുകൊണ്ട് കരാറുകാരൻ കരാർ കാലാവധിയ്ക്കുള്ളിൽ അപേക്ഷ നൽകുകയോ നിർവ്വഹണോദ്യോഗസ്ഥനായ അസിസ്റ്റൻറ് എഞ്ചിനീയർ പൂർത്തീകരണം വൈകുന്നതു സംബന്ധിച്ച കരാറുകാരോട് വിശദീകരണം ആവശ്യപ്പെടുകയോ പൂർത്തീകരണസമയം ദീർഘിപ്പിച്ച് അനുവദിച്ച് സപ്ളിമെന്ററി എഗ്രിമെന്റ് വെക്കുകയോ ചെയ്തിട്ടില്ല . എന്നാൽ മതിയായ സമയം ലഭ്യമായിരുന്നിട്ടും വ്യക്തമായ കാരണങ്ങളില്ലാതെ പ്രവൃത്തി പൂർത്തീകരണസമയം വൈകിയത് എഗ്രിമെന്റ് വ്യവസ്ഥകൾക്ക് വിരുദ്ധമാണ്. ആയതിനാൽ പ്രസ്തുത കരാറുകാരനിൽനിന്നും എഗ്രിമെന്റ് വ്യവസ്ഥകളിലെ clause 7 പ്രകാരം അർഹതയനുസരിച്ച് ഗ്രേസ്സ്പിരീഡ് കഴിഞ്ഞ് ആദ്യത്തെ മൂന്നു മാസത്തിന് കരാർ തുകയുടെ 1%, അടുത്ത ഓരോ മൂന്നു മാസത്തിനും 2% എന്ന നിരക്കിൽ പിഴ ഈടാക്കേണ്ടതാണ്. വിശദാംശങ്ങൾ ചുവടെ ചേർക്കുന്നു .

<u>1. പുളിക്കൽകുന്ന് റോഡ് കോൺക്രീറ്റിംഗ്</u>

പ്രൊജക്റ്റ് നം - 162 /16

പിഎസി-115692/-

കരാറുകാരൻ- ഡി.അപ്പു.

എഗ്രിമെൻറ് നം-53/15.2.16

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 14.4.16(രണ്ടുമാസം)

പൂർത്തീകരിച്ച തീയതി - 17.6.16

അളവു പുസ്തകം-2/2016

ഫൈനൽ ബിൽ -17/28.10.16-114542/-

പിഴ ഈടാക്കേണ്ടത് - (27.4.16 – 16.6.16 (12ദിവസം ഗ്രേസ്സ്പിരീഡ്))

@1% - 115692* 1%*51/90 = 656

ആകെ പിഴ-656 /-

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്-656/-

2. നരുമ്പിയംറോഡ് വെള്ളക്കെട്ട് ഒഴിവാക്കൽ

പ്രൊജക്റ്റ് നം- 70/16

കരാർ തുക- 199202

കരാറുകാരൻ-ടിമ്പൻ.ടി.

എഗ്രിമെൻറ് - 23.2.16

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 22.4.16

പൂർത്തീകരിച്ച തീയതി- 7.7.16

അളവു പുസ്തകം- 24/2016

ഫൈനൽ ബിൽ - 18/28.10.16

പിഴ ഈടാക്കേണ്ടത്-5.5.16-6.7.16 (12ദിവസം ഗ്രേസ്സ്പിരീഡ്)

@1%- 199202*1%* 63/90= 1394/-

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്- 1394/-

3.നഗരസഭ പൊതുകിണറുകളുടെ അറ്റകുറ്റപ്പണി

പ്രൊജക്റ്റ് നം- 240/16

കരാർ തുക - 356683/-

കരാറുകാരൻ-ഉണ്ണികൃഷ്ണൻ

എഗ്രിമെൻറ് നം-68/23.2.16

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 22.4.16

പൂർത്തീകരിച്ച തീയതി- 3.8.16

അളവു പുസ്തകം-90/2015

ഫൈനൽ ബിൽ - 54/26.1.17-95172

55/26.1.17-38454

പിഴ ഈടാക്കേണ്ടത് -5.5.16- 2.8.16 (12ദിവസം ഗ്രേസ്സ്പിരീഡ്)

@1% -356683*1%*3567/-

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്- 3567/-

4. വനിതാ ക്യാന്റീൻ കെട്ടിടം രണ്ടാം ഘട്ടം

പ്രൊജക്റ്റ് നം- 156/15

കരാർ തുക - 494946

കരാറുകാരൻ-പി.ചന്ദ്രൻ

എഗ്രിമെൻറ് നം- 12.1.15

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 31.3.15

പൂർത്തീകരിച്ച തീയതി- 28.6.16

അളവു പുസ്തകം- 85/15, M127/15

ഫൈനൽ ബിൽ -38/24.11.16-20895,

39/24.11.16-200000

പിഴ ഈടാക്കേണ്ടത്- 17.4.15-27.6.16(16ദിവസം ഗ്രേസ്സ്പിരീഡ്)

17.4.15- 16.7.15@1% -4949 /-

17.7.15- 16.10.15@2%-9899/-

17.10.15- 16.1.16@2%-9899/-

17.1.16- 16.4.16@2%-9899/-

17.4.16- 27.6.16@2%-7919/-(72ദിവസത്തിന് )

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്-42565 /-

5. IMA റോഡ് സോളിംഗ് , മെറ്റലിംഗ്&ടാറിംഗ്

പ്രൊജക്റ്റ് നം - 151/16

കരാർ തുക- 317323/-

കരാറുകാരൻ- കെ,ഉണ്ണിക്വഷ്ണൻ

എഗ്രിമെൻറ് നം-14/16-17/30.6.16

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 29.8.16

പൂർത്തീകരിച്ച തീയതി- 28.2.17

അളവു പുസ്തകം- 84/16

ഫൈനൽ ബിൽ - 180/30.3.17

പിഴ ഈടാക്കേണ്ടത്- 11.9.16- 27.2.17(12ദിവസം ഗ്രേസ്സ്പിരീഡ്)

11.9.16- 10.12.16 @1% - 3173/-

11.12.16 – 27.2.17@2%- 5571(79ദിവസത്തിന് )

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്- 8744 /-

6. ഭാരതപ്പുഴയിൽ കടവ് നിർമ്മാണം

പ്രൊജക്റ്റ് നം - 155/15

കരാർ തുക- 721228

കരാറുകാരൻ- എം.രാജേഷ്

എഗ്രിമെൻറ് നം- 148/14-15/20.2.15

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 20.5.16

പൂർത്തീകരിച്ച തീയതി- 14.7.16

അളവു പുസ്തകം-117/2015

ഫൈനൽ ബിൽ - 13/14.10.16- 651442/-

പിഴ ഈടാക്കേണ്ടത്- 8.6.15-14.7.16(18ദിവസം ഗ്രേസ്സ്പിരീഡ്)

8.6.15-7.9.15 @1% - 7212 /-

8.9.15- 7.12.15 @2% - 14425

8.12.15-7.3.16@2% - 14425

8.3.16-7.6.16@2% - 14425

8.6.16- 13.7.16- 5770 (36ദിവസത്തിന് )

ആകെ – 56257

ഈടാക്കിയത്- 2349

ബാക്കി ഈടാക്കേണ്ടത്-53908/-

7. താലൂക്ക് ആശുപത്രി ചുറ്റുമതിൽ നിർമ്മാണം

പ്രൊജക്റ്റ് നം- 169/16

കരാർ തുക- 1398941/-

കരാറുകാരൻ- ഉണ്ണികൃഷ്ണൻ

എഗ്രിമെൻറ് നം- 151/2014-15/20.2.15

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 20.5.15

പൂർത്തീകരിച്ച തീയതി- 29.8.16

അളവു പുസ്തകം- 93/2015

ഫൈനൽ ബിൽ - 49/20.12.16

പിഴ ഈടാക്കേണ്ടത്- 8.6.15- 28.8.16 (18ദിവസം ഗ്രേസ്സ്പിരീഡ്)

8.6.15-7.9.15 @1% - 13989/-

8.9.15-7.12.15@2%- 27979

8.12.15-7.3.16@2%- 27979

8.3.16-7.6.16@2%- 27979

8.6.16- 28.8.16@2%- 25492/- (82ദിവസത്തിന് )

ആകെ – 123418/-

ഈടാക്കിയത് - 5000

ബാക്കി ഈടാക്കേണ്ടത്- 118418/-

8. പൂക്കോട്ടുകുറിശ്ശി അംഗൻവാടി റോഡ് സോളിംഗ്& മെറ്റലിംഗ്

പ്രൊജക്റ്റ് നം- 154/16

കരാർ തുക- 180372/-

കരാറുകാരൻ- കെ.ബാലകൃഷ്ണൻ

എഗ്രിമെൻറ് നം- 98/15-16/18.3.16

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 18.5.16

പൂർത്തീകരിച്ച തീയതി- 14.12.16

അളവു പുസ്തകം- 74/2016

ഫൈനൽ ബിൽ - 153/28.3.17

പിഴ ഈടാക്കേണ്ടത്- 31.5.16-13.12.16(12ദിവസം ഗ്രേസ്സ്പിരീഡ്)

31.5.16-30.8.16@1% - 1804 /-

31.8.16-30.11.16 @2%- 3607/-

1.12.16- 13.12.16 @2%- 521/-(14ദിവസത്തിന് )

ആകെ – 5932/-

ഈടാക്കിയത്- 2500/-

ബാക്കി ഈടാക്കേണ്ടത്- 3432/-

9.ജൂബിലി അംഗൻവാടി റോഡ് -ബൈത്തു റഹിമാ റോഡ്സ് കോൺക്രീറ്റിംഗ്

പ്രൊജക്റ്റ് നം.- 261/17

കരാർ തുക- 210861/-

കരാറുകാരൻ- ആർമിയ റഷീദ്

എഗ്രിമെൻറ് നം-48/15-16/29.1.16

പ്രവൃത്തി പൂർത്തീകരിക്കേണ്ടത് - 28.3.16

പൂർത്തീകരിച്ച തീയതി- 23.2.17

അളവു പുസ്തകം- 62/17

ഫൈനൽ ബിൽ - 114/18.3.17-21150

പിഴ ഈടാക്കേണ്ടത്- 10.4.16-22.2.17 (12ദിവസം ഗ്രേസ്സ്പിരീഡ്)

10.4.16- 9.7.16@1% - 2109 /-

10.7.16 -9.10.16 @2%- 4217/-

10.10.16- 9.1.17 @2%- 4217/-

10.1.17- 22.2.17@2%- 2062 (44ദിവസത്തിന് )

ഈടാക്കിയത്- ഇല്ല

ബാക്കി ഈടാക്കേണ്ടത്- 12605/-

ഇത സംബന്ധിച്ച നൽകിയ ഓഡിറ്റ് എൻക്വയറിക്ക് (നം.26/28.10.17) ലഭ്യമായ മറുപടിയിൽ പിഴയിനത്തിലുള്ള തുക കരാറുകാരിൽനിന്നും ഈടാക്കുന്നതിന നടപടികൾ സ്വീകരിക്കുന്നതാണെന്ന് അറിയിച്ചിട്ടുണ്ട്. ആയതിനാൽ പിഴയിനത്തിലുള്ള ആകെ തുക 245289/-രൂപ കരാറുകാരിൽനിന്നും ഈടാക്കി മുനിസിപ്പൽ ഫണ്ടിലടക്കേണ്ടതാണ്.

## 3-30 നിശ്ചിത സമയപരിധിക്കകം കരാറുകാർ എഗ്രിമെന്റ് വെച്ചിട്ടില്ല

താഴെ പറയുന്ന പ്രവൃത്തികൾ ടെണ്ടർ ചെയ്തത് ടെണ്ടർ ഉറപ്പിച്ച് നിശ്ചിത സമയപരിധിക്കകം

